Reg. M. No. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു: എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മകരം 13—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജനവരി 26 | ലക്കം 23

## തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് തിരുമേനി കാലംചെയ്തു

തിരുവല്ലാ രൂപതാദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ്-ബിഷപ്പ് മോസ്റ്റ് റവ. മാർ സെവേരിയോസ് തിരുമനസ്സുകൊണ്ട് ജനുവരി 18-ാം തീയതി വൈകീട്ട് 7-45 ന് പരലോകപ്രാപ്തനായി എന്നുള്ളതു അവിചാരിതവും അത്യധികം വ്യഥാജനകവുമായ ഒരു സംഭവമാണ്. തിരുമേനി ഒരു യാത്രയിൽനിന്നും തിരിച്ചെഴുന്നെള്ളിയ ഉടനെ അവിടുത്തേക്കു അസ്വാസ്ഥ്യം തോന്നുകയും, ആലസ്യം പെട്ടെന്നു വർദ്ധിക്കുകയാൽ അന്ത്യകൂദാശകൾ നൽകപ്പെടുകയും ചെയ്തു. സഹായമെത്രാൻ നിതാന്തവന്ദ്യ ദിവ്യശ്രീ മാർ അത്തനാസിയോസ് തിരുമേനിയുടേയും മററു പല വൈദികരുടേയും സാന്നിദ്ധ്യശുശ്രൂഷണങ്ങൾക്കുമദ്ധ്യേ തിരുമേനി കർത്താവിൽ അന്ത്യവിശ്രമം പ്രാപിച്ചു. R. I. P.

### ജീവചരിത്രം

മല്ലപ്പള്ളി എന്ന സ്ഥലത്തിനടുത്തുള്ള ആനിക്കാട്ടാണ് 1894 ഏപ്രിൽ 7-ാം തീയതി തിരുമേനി ഭൂജാതനായതു്. വാളക്കുഴി കുടുംബത്തിലെ ശ്രീ ഉമ്മൻ തിരുമനസ്സിലെ പിതാവും, കാലംചെയ്ത വട്ടശ്ശേരി തിരുമേനിയുമായി അടുത്ത ബന്ധമുള്ള വാകത്താനത്തു വെട്ടിയിൽ ശ്രീമതി അക്കാമ്മ തിരുമേനിയുടെ മാതാവുമാണ്. ജോസഫ് എന്ന പേരാണ് ജ്ഞാനസ്നാനത്തിൽ ശിശുവിനു നൽകപ്പെട്ടതു് ഐപ്പച്ചനെന്നുള്ള ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന കഥാനായകൻ മല്ലപ്പള്ളിയിൽ തന്നെയാണ് വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടം നിർവ്വഹിച്ചതു്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയത്തു എം. ഡി. സെമ്മിനാരിയിലും കോളേജു വിദ്യാഭ്യാസം കൽക്കട്ടായിലെ സെറാംപൂർ കോളെജിലും പൂർത്തിയാക്കി. 1916-ൽ അദ്ദേഹം ബി. എ. ബിരുദം കരസ്ഥമാക്കി. വൈദികാന്തസ്സിലേക്കുള്ള ആഹ്വാനം [illegible] അദ്ദേഹം മനസ്സിലാക്കിയിരുന്നു ഒരു ശെമ്മാശനായിരിക്കുമ്പോൾതന്നെ അദ്ദേഹം ബ്രഹ്മവാറിൽ ഒരു മിഷ്യനറി അദ്ധ്യാപകനായും, തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായും വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. 1929 ജനുവരി 8-ാം തീയതി അദ്ദേഹം പൗരോഹിത്യം സ്വീകരിക്കുകയും അതിനുശേഷം സ്വന്ത ഇടവകയായ ആനിക്കാട്ടുപള്ളിയിൽ ആത്മീയജോലിയിലേർപ്പെടുകയുംചെയ്തു. 1933 മേയ് 25-ാം തീയതി തിരുവല്ലാ ബഥനിപ്പള്ളിയിൽവച്ചു അദ്ദേഹം മെത്രാഭിഷേകം സ്വീകരിക്കുകയും ജോസഫ് മാർ സെവേരിയോസ് എന്ന പേർ അംഗീകരിക്കുകയും ചെയ്തു. നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട മാർ സെവേരിയോസ് തിരുമേനി പരുമല സെമ്മിനാരിയിലാണ് ആസ്ഥാനമുറപ്പിച്ചതു്.

### പുനരൈക്യം



യാക്കോബായസഭയിൽ പ്രശസ്തനായി പരിഗണിക്കപ്പെട്ടിരുന്ന തിരുമേനി അവിടുത്തെ ഏദയദാഹം ശമിപ്പിക്കുന്നതിനു 1937 നവമ്പർ 29-ാം തീയതി, സുദീർഘമായ അവിടുത്തെ സത്യസഭാപഠനത്തിന്റേയും നിരന്തരമായ പ്രാർത്ഥനയുടേയും തപഃക്രിയകളുടേയും ഫലമായി ദൈവാനുഗ്രഹത്തിന്റെ പ്രേരണയാൽ സത്യസഭാപ്രവേശം നടത്തി. 1930 സെപ്തംബർ 20-ാം തീയതി മോസ്റ്റ് റവ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ നേതൃത്വത്തിൽ സമാരബ്ധമായ പുനരൈക്യപ്രസ്ഥാനം, സത്യൈകസഭയുമായി ഒന്നിക്കുന്നതിനുള്ള മാർഗ്ഗമാണെന്നു വ്യക്തമായി മനസ്സിലാക്കിയ തിരുമേനി സവിനയം ആ പൂജ്യപാദന്റെ മാർഗ്ഗത്തെ അവലംബിക്കുകയും അദ്ദേഹത്തിന്റെ സന്നിധിയിൽ സത്യപ്രതിജ്ഞ നടത്തി കത്തോലിക്കാവിശ്വാസം അംഗീകരിക്കുകയുമാണുണ്ടായതു്. തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മാർ തിയോഫിലോസ് തിരുമേനിക്കു അനാരോഗ്യം നിമിത്തം രൂപതാഭരണം തുടർന്നുപോകുവാൻ നിർവ്വാഹമില്ലാതെ വന്നതുകൊണ്ടു് 1938 ആഗസ്റ്റ് 29-ാം തീയതി മാർ സെവേരിയോസ് തിരുമേനിയെ തിരുവല്ലാ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു തുടർന്നു 1950 ആഗസ്റ്റ് 5-ാം തീയതി തിരുമേനിയെ തിരുവല്ലാ രൂപതയുടെ മുഴുവൻ ഭരണഭാരവും ഏല്പിച്ചു മെത്രാനായി നിയമിക്കുകയാണുണ്ടായതു്. 1954 ഫെബ്രുവരി 11-ാം തീയതി തിരുമേനിയെ ഒരു മെത്രാപ്പോലീത്തായുടെ പദവിയിലേക്കുയർത്തിക്കൊണ്ടുള്ള കല്പന പ്രസിദ്ധീകൃതമായി. അതുകൊണ്ടാണ് തിരുമേനിയെ ആർച്ച്ബിഷപ്പ്-ബിഷപ്പ് എന്നഭിസംബോധനം ചെയ്യുന്നതു്. 1954 ഏപ്രിൽ 22-ാം തീയതി തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലി സാഘോഷം കൊണ്ടാടപ്പെട്ടു. സുസ്മരണീയമായ ആ അവസരത്തിൽതന്നെയാണ്, തിരുമേനിയുടെ അസ്വാസ്ഥ്യങ്ങളെപ്പററി മനസ്സിലാക്കിയ പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ സഹായമെത്രാനായി നിയമിച്ച നിതാന്തവന്ദ്യ ദിവ്യശ്രീ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും നിർവ്വഹിക്കപ്പെട്ടതു്. ഇപ്രകാരം തിരുവല്ലാരൂപതയുടെ മെത്രാൻപദവും പുനരൈക്യപ്രസ്ഥാനത്തിന്റെ നേതൃത്വവും വിശേഷമായും വിജയകരമായും നയിച്ചുകൊണ്ടുവരവേയാണ് അപരിഹാര്യമായ ഈ നഷ്ടം അവിടുത്തെ ദേഹവിയോഗംമൂലം വന്നുവശായിരിക്കുന്നതു്.

### പ്രശസ്തമായ സേവനം

ജോസഫ് മാർ സെവേരിയോസ് തിരുമേനിയുടെ ജീവിതം ആദ്യന്തം മഹത്തായ സേവനത്തിന്റെ മാതൃകയാണ്. യാക്കോബായസഭയിലായിരുന്നപ്പോൾ തന്നെ ഈ സേവനതൃഷ്ണ അവിടുത്തെ ഓരോ പ്രവർത്തനങ്ങളേയും നിയന്ത്രിച്ചുകൊണ്ടിരുന്നു. കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടതിനുശേഷം ബാല്യദശാസഹജമായ ആ പ്രസ്ഥാനത്തിന്റെ നിരവധി പ്രശ്നങ്ങളിൽ തിരുമേനി എത്രമാത്രം ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടെന്നു വർണ്ണിക്കുക സാദ്ധ്യമല്ല. അവിടുത്തെ ആരോഗ്യത്തേയും ജീവിതസൗകര്യങ്ങളേയും തൃണവൽഗണിച്ചു കൊണ്ടാണ് ക്ലേശാവഹമായ സേവനകൃത്യങ്ങളിൽ തിരുമേനി ഏർപ്പെട്ടുകൊണ്ടിരുന്നതെന്നു തിരുമേനിയെ അടുത്തു പരിചയിച്ചിട്ടുള്ള ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടിയും തിരുവല്ലാ രൂപതയ്ക്കുവേണ്ടിയും അവിടുന്നു സഹിച്ചിട്ടുള്ള ക്ലേശങ്ങളും ചെയ്തിട്ടുള്ള സേവനങ്ങളും ദൈവാനുഗ്രഹത്താൽ എങ്ങനെ മകുടംചൂടിയിരിക്കുന്നുവെന്നു മലങ്കരസുറിയാനിറീത്തിന്റെ ഇന്നത്തെ ഐശ്വര്യാവഹമായ അഭിവൃദ്ധി സുതരാം തെളിയിക്കുന്നുണ്ടു്. തിരുവല്ലാ രൂപതയിൽ ഇപ്പോൾ ഒരു മൈനർ സെമിനാരിയും ബഥനി മിശിഹാനുകരണസന്യാസി സന്യാസിനിസമൂഹങ്ങളും 7 ഹൈസ്ക്കൂളുകളും 9 മിഡിൽസ്ക്കൂളുകളും 22 പ്രൈമറിസ്ക്കൂളുകളും മററിതുപോലുള്ള ഇതരസ്ഥാപനങ്ങളുമുണ്ട്.

പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലിയാഘോഷപരിപാടികൾ സമാരംഭിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന ഈ മംഗളാവസരത്തിൽതന്നെ തന്റെ വിശ്വസ്തദാസനെ നിത്യകിരീടമണിയിക്കുവാൻ തിരുമനസ്സായ ദൈവപരിപാലനയെ ഭക്തിപൂർവ്വം നമുക്കാരാധിക്കാം.

# കർത്താവു ബാലനായിരുന്നപ്പോൾ

(സെബാസ്റ്റ്യൻ പുല്ലാപ്പിള്ളിൽ)

ക്രിസ്തുമസ്സിനുശേഷമുള്ള ഈ കാലസന്ധിയിൽ കർത്താവിന്റെ ബാല്യകാല പരിതസ്ഥിതികളെപ്പററി സ്വല്പം പ്രതിപാദിക്കുന്നതു് സമയോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ബത്‌ലഹമിൽനിന്നും നസറസ്സിൽ തിരിച്ചെത്തിയ തിരുക്കുടുംബം അയൽക്കാരുടെ സാധാരണജീവിതരീതിതന്നെ അവലംബിച്ചു.

“ജീവിക്കുവാനായി ഭക്ഷിക്കുക” എന്ന തത്വമാണു് അവരുടെ ഭക്ഷണക്രമത്തിൽ നാം കാണുക. പ്രധാന ഭക്ഷണം രണ്ടു പ്രാവശ്യം മാത്രം. പ്രഭാതത്തിൽ സ്വല്പം പാലും നെയ്യും ഒലിവെണ്ണയിൽ ഉണ്ടാക്കിയ അപ്പവും ഉള്ള ഒരു ലഘുഭക്ഷണം. ചിലപ്പോഴെല്ലാം ഭക്ഷണം കഴിക്കുവാൻ മരക്കൈലുകൾ അവർ ഉപയോഗിച്ചിരുന്നിരിക്കണം. എങ്കിലും സാധാരണ “കൈകൊണ്ടുതന്നെയാണു്” തിരുക്കുടുംബം ഭക്ഷിച്ചിരുന്നതു്.

പലതരം കോതമ്പ്, ബാർലി ഇവകൊണ്ടുണ്ടാക്കിയ അപ്പമായിരുന്നു ഭക്ഷണത്തിൽ പ്രധാന പങ്കം. അപ്പക്കച്ചവടക്കാരനിൽനിന്നു വാങ്ങിക്കാമായിരുന്നെങ്കിലും മറിയം എല്ലാ ദിവസവും അപ്പം സ്വയം ഉണ്ടാക്കിയിരുന്നു. അന്നന്നു പുളിപ്പിച്ച മാവല്ല മറിയം ഉപയോഗിച്ചിരുന്നതു്, പിന്നെയോ തലേദിവസത്തെ പുളിച്ചമാവിൽ കുറച്ചെടുത്തു് സൂക്ഷിച്ചു് അതുകൊണ്ടു് പുതിയ മാവു് പുളിപ്പിക്കുകയാണു ചെയ്തിരുന്നതു്. തിരുക്കുടുംബം ഉപയോഗിച്ചിരുന്ന മററു ഭക്ഷണസാധനങ്ങൾ സസ്യങ്ങളുമായിരുന്നു. മത്തങ്ങയും മുന്തിരിങ്ങയും അവിടങ്ങളിൽ സുലഭമായിരുന്നു. നമ്മുടെ അമ്മ പരിശുദ്ധകന്യകമറിയം സാധാരണ ഭക്ഷണം പാകം ചെയ്തിരുന്നതു് സാധനങ്ങൾ വെള്ളത്തിൽ വേവിച്ചാണു്. പഞ്ചസാരയ്ക്കു പകരം തേനാണു് ഉപയോഗിച്ചിരുന്നതു്. മെഡിറററേനിയൻ വെള്ളത്തിൽനിന്നു വററിച്ചോ ചാവുകടൽത്തീരങ്ങളിൽനിന്നു വെട്ടിയോ എടുത്ത ഉപ്പു് അവർ ഭക്ഷണസാധനങ്ങളിൽ ചേർത്തിരുന്നു

അവിടത്തെ പ്രധാന പാനീയം ആടിന്റെ പാലും വീഞ്ഞുമായിരുന്നു. ആടിന്റെ പാലിൽനിന്നെടുത്ത വെണ്ണ ചിലപ്പോൾ ഘനരൂപത്തിലും ചിലപ്പോൾ കുഴമ്പുപാകത്തിലും ആയിരിക്കും. തുകൽപാത്രങ്ങളിലാണു് പാനീയങ്ങൾ സൂക്ഷിച്ചിരുന്നതു്. വെണ്ണയെടുക്കുവാൻ തൈർ കടഞ്ഞിരുന്നതു് രണ്ടു വിധത്തിലാണു്, ചിലപ്പോൾ തൈർപ്പാത്രം അങ്ങോട്ടും ഇങ്ങോട്ടും വേഗത്തിൽ ആട്ടിയും ചിലപ്പോൾ തൈർപ്പാത്രത്തിന്മേൽ ബലമായി അടിച്ചും. വീടിന്റെ ഏററവും തണുപ്പുള്ള അറകളിൽ ആട്ടിൻതുകൽകൊണ്ടുണ്ടാക്കിയ വലിയ കുടങ്ങളിൽ വീഞ്ഞു സൂക്ഷിച്ചിരിക്കും. അതിൽനിന്നു് ചെറിയ ചെറിയ തുകൽക്കുപ്പികളിൽ ആവശ്യാനുസരണം പകർന്നെടുക്കുകയും ചെയ്യും.

ഈശോയ്ക്കും യൗസേപ്പിനും മൂന്നുവിധത്തിലുള്ള ഉടുപ്പുകൾ ഉണ്ടായിരുന്നു. പലസ്തീനായിലേതുപോലെ സുഖപ്രദമായ കാലാവസ്ഥയിൽ അതിൽ കൂടുതൽ ആവശ്യമായിരുന്നില്ല. അവയിൽ ആദ്യത്തേതു് ഏററവും അകമേ ധരിക്കുവാൻ ഉപയോഗിച്ചിരുന്നു. അവരവർക്കു് സ്വാധീനത കിട്ടുവാൻ കൂടുതൽ സൗകര്യമുള്ളതുകൊണ്ടു് ജോലിചെയ്യുമ്പോൾ ഈ വസ്ത്രംമാത്രമാണു് ഉപയോഗിക്കുക. ഉദാഹരണത്തിനു് ശിഷ്യന്മാർ ഗലീലിതടാകത്തിൽ മീൻപിടിച്ചപ്പോൾ “നഗ്നരായിരുന്നു” എന്നു സുവിശേഷത്തിൽ എഴുതിയിരിക്കുന്നതു് വാസ്തവത്തിൽ അവർ ഈ വസ്ത്രം മാത്രം ധരിച്ചിരുന്നതുകൊണ്ടാണു്. കാരണം ഈ ഒന്നാം തരത്തിലുള്ള വസ്ത്രം മാത്രം ധരിക്കുന്നതു് ഒന്നും ധരിക്കാത്തതുപോലെയായി വിചാരിക്കപ്പെട്ടിരുന്നു.

മേല്പറഞ്ഞ വസ്ത്രത്തിനു മുകളിൽ ഈശോയും യൗസേപ്പും മുൻവശം തുറക്കാവുന്ന ഒരു ഉടുപ്പുകൂടി ധരിച്ചിരുന്നു. വീട്ടിലും കടയിലും അവർ ഉപയോഗിച്ചിരുന്ന വസ്ത്രം ഇത്രയുമാണു്. വീതിയുള്ള അരക്കെട്ടും സാധാരണ വസ്ത്രങ്ങളിൽ പെട്ടിരുന്നു. തവിട്ടുനിറത്തോടുകൂടിയ വെള്ളയും ചുവന്ന വരകളും അന്നത്തെ സാധാരണക്കാർ ഇഷ്ടപ്പെട്ടിരുന്നെങ്കിലും നീലനിറമായിരുന്നു സർവ്വസാധാരണം.

മൂന്നാമത്തെ തരത്തിലുള്ള വസ്ത്രം വളരെ അയവായി, മേൽവിവരിച്ച രണ്ടിനും പുറമേ ധരിക്കുവാനുള്ളതാണു്. അതു ഭുജരഹിതവും മുൻവശം തുറന്നതുമായിരിക്കും. പാദങ്ങൾവരെ നീണ്ടുകിടന്നിരുന്ന ഈ ഉടുപ്പു് പുറത്തു സഞ്ചരിക്കുമ്പോൾ ധരിക്കുവാനും ചിലപ്പോൾ തണുപ്പിൽനിന്നു രക്ഷനേടുവാനും ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ഞികൊണ്ടോ, രോമംകൊണ്ടോ ആണു ഉണ്ടാക്കിയിരുന്നതു്. ക്രൂശാരോഹിതനായ ക്രിസ്തുവിന്റെ തയ്യലില്ലാത്ത വസ്ത്രത്തിനു് പട്ടാളക്കാർ “ചിട്ടിയിട്ടു” എന്നു എഴുതപ്പെട്ടിരിക്കുന്നതു് കർത്താവിന്റെ ഇത്തരത്തിലുള്ള വസ്ത്രത്തിനോ രണ്ടാമത്തെ വിധത്തിലുള്ളതിനോ ആയിരിക്കണം.

തലപ്പാവിന്റെ രീതിയിൽ ഒരു വലിയ തൂവാല തലയിൽ ചുററുക പതിവായിരുന്നു. വേറൊന്നു് കഴുത്തും ഭുജങ്ങളും മൂടുവാനും ഉപയോഗിച്ചിരുന്നു. നസറത്തിലും ഈ ശിരോവസ്ത്രം കൂടാതെ സഞ്ചരിക്കുന്നതു് പോരായ്മയായി കണക്കാക്കപ്പെട്ടിരുന്നതിനാൽ അവർ എപ്പോഴും ഇതു ധരിച്ചിരുന്നിരിക്കണം. ചിത്രത്തിൽ നാം സാധാരണ കാണുന്നതുപോലെ ഈശോയും യൗസേപ്പും തലമുടിയും താടിമീശയും വളർത്തിയിരുന്നു.

തിരുക്കുടുംബനിവാസികൾ ഉഷ്ണകാലത്തു വള്ളിച്ചെരിപ്പും വർഷകാലത്തു ഷൂസും ധരിച്ചിരുന്നു. സാധാരണ വള്ളിച്ചെരിപ്പു് പാദത്തിന്റെ ആകൃതിയിൽ വെട്ടിയുണ്ടാക്കിയ പലകക്കഷണങ്ങളോടു് തുകൽവള്ളികൾ ഘടിപ്പിച്ചാണു് ഉണ്ടാക്കിയിരുന്നതു്. ഷൂസ് പാദം മുഴുവനും മൂടത്തക്കവണ്ണവും. കാൽമേസുകൾ ഉണ്ടായിരുന്നെങ്കിൽത്തന്നെയും അവ സാധാരണമായിരുന്നില്ല. പുറത്തു സഞ്ചരിക്കുവാൻ പാദരക്ഷ ആവശ്യമായിരുന്നതുകൊണ്ടു് വീടിന്റെ പ്രവേശനദ്വാരത്തുങ്കൽത്തന്നെ അവ സൂക്ഷിക്കപ്പെട്ടിരുന്നു

ചുവന്ന ഉടുപ്പും നീലനിറത്തിലുള്ള പുറവസ്ത്രവും വെളുത്ത ശിരോവരണവുമാണു് പരിശുദ്ധകന്യകമറിയം ധരിച്ചിരുന്നതു്. മിക്കവാറും ബന്ധിതമല്ലാത്ത തലമുടി മറിയം പുറകോട്ടു് വിനയോചിതമായി നീട്ടിയിട്ടിരുന്നു.

പലസ്തീനായിലെ വീടുകളെല്ലാംതന്നെ മിക്കവാറും ഒരേതരത്തിൽ പണിയപ്പെട്ടവയായിരുന്നു. ഇന്നു് ബത്‌ലഹമിൽ കാണുന്ന കെട്ടിടങ്ങളെപ്പോലെതന്നെ തിരുക്കുടുംബം അധിവസിച്ചിരുന്ന വീടും കുമ്മായമുപയോഗിച്ചു് കല്ലുകൊണ്ടു് പണിചെയ്തതായിരുന്നിരിക്കണം. പ്രസ്തുത ഭവനത്തിനു് തെരുവുവലവിലുള്ള ഒരു മുറിയുടെ മുകളിൽ പണുത ഒരു മുറികൂടി ഉണ്ടായിരുന്നിരിക്കണം. ആ മുകളിലത്തെ മുറിയിൽ കയറുവാൻ കെട്ടിടത്തിനു പുറമേനിന്നും കല്ലുകൊണ്ടുണ്ടാക്കിയ ഒരു ഗോവണിയുമുണ്ടായിരുന്നു. മുറികൾക്കു് 15 അടി നീളവും 12 അടി വീതിയും ആറടി ഉയരവുമാണു് ഉണ്ടായിരുന്നതു്. ഇതിൽ താഴത്തെ നിലയിലുള്ള മുറി യൗസേപ്പു തന്റെ പണിപ്പുരയായി ഉപയോഗിച്ചിരുന്നു. അദ്ദേഹത്തെപ്പോലുള്ള പണിക്കാർ തങ്ങളുടെ വീടിനു വെളിയിലായിരുന്നു പണിയുക പതിവു്. ഇത്തരം പണിപ്പുരകൾ പണിസാമാനങ്ങൾ സൂക്ഷിക്കാനാണു് സാധാരണ ഉപയോഗിച്ചിരുന്നതു്.

താമസിക്കുവാനുപയോഗിച്ചിരുന്ന മുകളിലത്തെ മുറിക്കു് ഒരു ജനൽപോലും ഉണ്ടായിരുന്നില്ല. വാതിലിൽക്കൂടി മാത്രമേ പ്രകാശം മുറിയിൽ കടക്കുമായിരുന്നുള്ളൂ. ഒരു വാതിലിന്നരികെ പുകക്കുഴലില്ലാത്ത ഒരു അടുപ്പു് പാചകശാലയാക്കിയിരുന്നു. രാത്രിയിൽ കിടക്കുവാൻ വിരിക്കപ്പെട്ട പായകൾ രാവിലെ ചുരുളായി തെറുത്തു സൂക്ഷിക്കും. ഒലിവെണ്ണ ഒഴിച്ച ഒരു പരന്ന പാത്രത്തിൽ ചെറിയ ഒരു തിരിയിട്ടാണു് അവർ വിളക്കായി ഉപയോഗിച്ചിരുന്നതു്. മുറിയുടെ മദ്ധ്യത്തിലുള്ള ഒരു തുലാത്തിൽ ഈ മങ്ങി കത്തുന്ന വിളക്കു തൂക്കി അതിന്റെ നേരെതാഴെ ഇട്ടിരുന്ന മേശയിൽവച്ചു തിരുക്കുടുംബം ഭക്ഷിച്ചിരുന്നു.

പുരയുടെ മേൽക്കൂര പരന്നതായിരുന്നു. മണ്ണുകൊണ്ടോ കുമ്മായംകൊണ്ടോ അതു് ഉണ്ടാക്കിയിരുന്നിരിക്കണം. മേൽസൂചിപ്പിച്ച പുറത്തുള്ള ഗോവണിയിൽക്കൂടിയാണു് ഈ മട്ടുപ്പാവിൽ അവർ കയറിയിരുന്നതു്. വേനൽക്കാലത്തെ തണുപ്പുള്ള സായാഹ്നവേളകളിൽ തിരുക്കുടുംബം ഇവിടെ വച്ചു പ്രാർത്ഥിക്കുകയോ സംഭാഷണം ചെയ്യുകയോ ചെയ്തിരുന്നു. നമ്മുടെ പൂമുഖമോ വരാന്തയോ ഉപയോഗപ്പെടുത്തുന്നതുപോലെ, അവർ ഈ മട്ടുപ്പാവു് ഉപയോഗിച്ചിരുന്നു.

അന്നത്തെ സാധാരണക്കാരായ മേസ്ത്രിമാരുടെയിടയിൽ ബഹുമാന്യമായ ഒരു സ്ഥാനമാണു് യൗസേപ്പിനു് ഉണ്ടായിരുന്നതു്. തൊഴിൽപരമായി അദ്ദേഹം ദരിദ്രനോ ധനവാനോ ആയിരുന്നില്ല. യൗസേപ്പിന്റെ പണിയായുധങ്ങൾ ചുററിക, അറുക്കാനുള്ള വാൾ, ഉളി, കോടാലി മുതലായവയായിരുന്നു. മരംകൊണ്ടു് കലപ്പ, വീട്ടുസാമാനങ്ങൾ, വിശറി, നുകം മുതലായവ നിർമ്മിക്കുവാൻ അദ്ദേഹം വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നു. വിളവെടുപ്പുകാലത്തു് വില ഒന്നാകെ സാധനങ്ങളായി കിട്ടത്തക്കവണ്ണം അദ്ദേഹം തന്റെ അയൽക്കാർക്കു് പലപ്പോഴും പണിസാധനങ്ങളും മററും ഉണ്ടാക്കിക്കൊടുത്തിരുന്നു. അവയ്ക്കു് അപ്പോഴപ്പോൾ വില വാങ്ങിയിരുന്നില്ല.

ഈ ലോകവിഭവങ്ങൾ ഓരോന്നും ഉചിതമായവിധത്തിൽ ഉപയോഗിച്ചുകൊണ്ടു് തിരുക്കുടുംബം കേവലം സാധാരണമായ ഒരു ജീവിതമാണു നയിച്ചിരുന്നതു്. ദൈവദാനങ്ങളായ സാധനങ്ങൾ അവയിൽത്തന്നെ വഷളാണെന്നു കരുതി അവർ ത്യജിക്കുകയോ, തങ്ങൾക്കു് ചിലവ കൂടുതൽ ഇഷ്ടകരമായതിനാൽ അധികം ഉപയോഗിക്കുകയോ അവർ ചെയ്തിരുന്നില്ല. പിന്നെയോ പ്രകൃതിവസ്തുക്കൾ അതിന്റെ സ്രഷ്ടാവിനെ അറിവാനും അവിടത്തെ ബഹുമാനിക്കാനുമായി അവർ ഉപയോഗപ്പെടുത്തിയിരുന്നു എന്നതു് അവരുടെ ജീവിതത്തിലെ ഒരു പ്രത്യേകതയാണു്.

From Catholic Digest


## സത്യദീപം

### 1955 ജനുവരി 1 മുതൽക്കുള്ള

### പരസ്യനിരക്ക്

കാഷ്വൽ

| | | |
|---|---|---|
| സിങ്കിൾകോളം ഒരിഞ്ചിനു ഒരു പ്രാവശ്യം | ക. | 3—8—0 |
| ഏററവുംകുറഞ്ഞ പരസ്യക്കൂലി (1½ ഇഞ്ചുവരെ) | ക. | 5—0—0 |
| ചെറിയ ബ്ലോക്കുവച്ചു കൃതജ്ഞത | ക. | 10—0—0 |
| ബ്ലോക്കു വെയ്ക്കാതെ കൃതജ്ഞത | ക. | 5—0—0 |

കോൺട്രാക്റ്റ്

| | | |
|---|---|---|
| ഒരു വർഷത്തിൽ 100 ഇഞ്ചുവരെ ഇഞ്ചൊന്നിനു് | ക. | 3—0—0 |
| ഒരു വർഷത്തിൽ 100 ഇഞ്ചിൽ കൂടുതൽ ഇഞ്ചൊന്നിനു് | ക. | 2—8—0 |

N. B. എല്ലാം മുൻനിരക്കുകളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

മാനേജർ


## കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ മാർപ്പാപ്പായ്ക്കുവേണ്ടി പ്രാർത്ഥന

കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ മാർപ്പാപ്പായുടെ ആലസ്യത്തെപ്പററിയുള്ള വാർത്ത റേഡിയോമൂലമോ പത്രങ്ങൾമൂലമോ അറിയിക്കപ്പെട്ടില്ലായെങ്കിലും ഈ നീയ


## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: ആലുവാ

ബ്രാഞ്ചുകൾ: ആലുവാ, അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ

# അഭിവൃദ്ധിപട്ടിക

| വർഷം | മൂലധനം | | | കരുതൽധനം | | | ഇൻവെസ്റ്റ്മെൻറ് | | | നിക്ഷേപം | | | ആദായം | | | ഡിവിഡൻറ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1946 | 116115 | 0 | 0 | 200 | 0 | 0 | 34127 | 6 | 6 | 174010 | 15 | 3 | 3597 | 7 | 0 | 2⅓% F t. |
| 1947 | 126820 | 0 | 0 | 1200 | 0 | 0 | 39796 | 6 | 6 | 222285 | 5 | 5 | 5015 | 2 | 8 | 2⅓% „ |
| 1948 | 130340 | 0 | 0 | 2200 | 0 | 0 | 41700 | 0 | 0 | 232071 | 5 | 2 | 6921 | 0 | 0 | 2⅓% „ |
| 1949 | 131590 | 0 | 0 | 3600 | 0 | 0 | 43837 | 8 | 0 | 305452 | 10 | 1 | 7157 | 3 | 4 | 2½% „ |
| 1950 | 131590 | 0 | 0 | 5000 | 0 | 0 | 39237 | 8 | 0 | 633010 | 6 | 5 | 7412 | 5 | 4 | 2½% „ |
| 1951 | 142860 | 0 | 0 | 16318 | 2 | 0 | 87758 | 2 | 0 | 864844 | 7 | 7 | 11318 | 13 | 4 | 3 % „ |
| 1952 | 142860 | 0 | 0 | 17393 | 12 | 0 | 89719 | 7 | 0 | 873889 | 12 | 6 | 15008 | 2 | 6 | 3½% „ |
| 1953 | 142860 | 0 | 0 | 20400 | 0 | 0 | 113839 | 7 | 9 | 1011902 | 0 | 11 | 19908 | 3 | 11 | 4½% „ |
| 1954 | 142860 | 0 | 0 | 27534 | 9 | 3 | 158960 | 9 | 0 | 1333676 | 2 | 5 | 21754 | 12 | 9 | 5%(recomd.) |

ക്യാപ്റ്റൻ ഫ്രാൻസിസ് പാതികുളം,
B. A., M. B. B. S., D. A. (England)
ചെയർമാൻ

കെ. പി. ഹോർമിസ്,
ബി. എ., ബി. എൽ., എം. എൽ. എ.
മാനേജിംഗ് ഡയറക്ടർ

# യാക്കോബായ മാർത്തോമ്മാ സഭാംഗങ്ങളോട്

(കുര്യൻ വർഗ്ഗീസ് കണ്ണന്താനം)

"നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിപ്പിൻ" "ഐക്യത്തിൽ പരിപൂർണ്ണരായിരിപ്പിൻ" എന്നുള്ള യേശുക്രിസ്തുവിന്റെ കല്പനകൾക്ക വിപരീതമായി പരസ്പരവിരുദ്ധങ്ങളായ ഉപദേശങ്ങൾ അടിസ്ഥാനപ്പെടുത്തി സഭകളെന്നുള്ള പേരിൽ നാം യോജിപ്പില്ലാതെ ആയിരിക്കയാണല്ലോ.

നമ്മുടെയോ നാം ഉൾപ്പെട്ടു നില്ക്കുന്ന സഭകളുടെയോ വാശി നിവർത്തിക്കേണ്ടതിനാണ് മുൻഗണനയെങ്കിൽ യോജിപ്പ സാദ്ധ്യമല്ലെന്നു മാത്രമല്ല നമ്മെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിന്റെ സങ്കടത്തിനു പരിഹാരം ഉണ്ടാകയുമില്ല.

അവിടുത്തെ സങ്കടത്തിനു് പരിഹാരം ഉണ്ടാക്കേണ്ടതിനാണ് മുൻഗണന കൊടുക്കേണ്ടതെങ്കിൽ നാം യോജിച്ച് ഒന്നായിത്തീർന്നെങ്കിൽ മാത്രമേ അതു സാദ്ധ്യമാവൂ. "വിശ്വസിച്ചിരുന്ന ജനക്കൂട്ടത്തിനു് ഒരാത്മാവും ഒരു മനസ്സും ആയിരുന്നു" (നട 4-32). "എന്തെന്നാൽ കർത്താവു് ഒരുവനാകുന്നു, വിശ്വാസവും ഒന്നു്. മാമ്മോദീസായും ഒന്നു്" (എഫേ4-5) സഭ ഏകമായിരിക്കണമെന്നാണല്ലോ നമ്മുടെ വിശ്വാസപ്രമാണത്തിലും കല്പിച്ചിട്ടുള്ളതു്.

നാം ജനിച്ചു പരിചയിച്ച സഭ വിടുന്നതിലുള്ള വൃത്ഥാഭിമാനംമൂലം അവിടെ ആത്മരക്ഷക്കു തടസ്സം ഉണ്ടെങ്കിലേ മററു സഭയിൽ ചേരേണ്ട ആവശ്യമുള്ളല്ലോ എന്നു് സ്വയം നീതീകരിച്ചു സിദ്ധാന്തം പിടിക്കുന്നവർക്ക് ഇതു സാദ്ധ്യമല്ല; ആത്മരക്ഷക്കു തടസ്സമില്ലാത്തവിധത്തിൽ എല്ലാ സഭയോടു യോജിക്കുന്നതുകൊണ്ടാണ് ക്രിസ്ത്യാനികളുടെ യോജിപ്പ പ്രായോഗികതയിൽ ആയിത്തീരുന്നതു് എന്നു് ചിന്തിക്കുന്നവരാൽ മാത്രമേ യേശുക്രിസ്തുവിന്റെ സങ്കടത്തിനു് പരിഹാരം വരുത്താൻ സാദ്ധ്യമാവൂ.


ഭിന്നകക്ഷികൾ ഒരു ഉന്നതനിലവാരത്തിൽനിന്നു് പരിചിന്തനം ചെയ്യുവാൻ തയ്യാറാകണമെന്നും ക്രിസ്തുവാകുന്ന അടിസ്ഥാനത്തിൽ സഭ ഏകയോഗക്ഷേമമായി പുരോഗമിക്കേണ്ടതാണെന്നുമാണ് ഡോക്ടർ സ്റ്റാൻലി ജോൺസ് എന്ന പ്രസിദ്ധ പ്രോട്ടസ്റ്റൻറു പ്രാസംഗികനും പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്യുന്നതു് (1129 കുംഭം 8-ാം 10-ാം തീയതികളിലെ മനോരമ)


എന്നാൽ ഒരു സഭയും ആവശ്യമില്ലെന്നും സഭയല്ല രക്ഷതരുന്നതെന്നും എല്ലാ സഭയിൽ നില്ക്കുന്നവർക്കും രക്ഷയുണ്ടെന്നും മററുമുള്ള ചില ഒററവാക്യതന്നിഷ്ടവ്യാഖ്യാനക്കാരുടെ ദുർവ്യാഖ്യാനം എപ്പോൾ അവസാനിപ്പിച്ചു എളിമപ്പെടുമോ അപ്പോഴേ ക്രിസ്ത്യാനികളുടെ യോജിപ്പിന്റെ ആവശ്യകത അവർക്ക ബോദ്ധ്യമാവൂ. വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനു സഭക്കല്ലാതെ ഓരോ വ്യക്തിക്കും അധികാരമില്ലെന്നും പരിശുദ്ധാത്മനിവേശനത്താൽ എഴുതപ്പെട്ട ഗ്രന്ഥം നമുക്ക് തന്നതു സഭയാണെന്നും പ്രോട്ടസ്റ്റൻറു ബൈബിൾ അപൂർണ്ണമാണെന്നും യാക്കോബായക്കാരും പഠിപ്പിക്കുന്നുണ്ട്. (സിറിയൻ സൺഡേസ്കൂൾ ചോദ്യോത്തരം 17-ാം 18-ാം പേജുകൾ.) "രക്ഷിക്കപ്പെടേണ്ടവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു" (നട 2-47) "സഭയെ അനുസരിക്കാത്തവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിയെപ്പോലെയും ആയിരിക്കട്ടെ" (മത്താ: 18-17) "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിന്റെ സഭ" (1 തിമോ 3-35) എന്നും മററും തിരുവചനത്തിൽ വിവരിച്ചിട്ടുള്ളതിനാൽ സഭ ആവശ്യമാണെന്നും അതു ഏകവും ശ്രേഷ്ഠവും ആയിരിക്കണമെന്നും സഭയുടെ അംഗമാകാതെ ആർക്കും ക്രിസ്ത്യാനി ആയിരിപ്പാൻ നിവൃത്തിയില്ലെന്നും വ്യക്തമാണ്.

ഏച്ചുവച്ചാൽ മുഴച്ചിരിക്കത്തക്കവണ്ണമുള്ള യോജിപ്പു നിഷ്പ്രയോജനമാകയാൽ നമ്മെ പുത്തൻകൂറുകാർ എന്നു് വിളിക്കപ്പെടുന്നതിനുമുമ്പു് അഥവാ പോർട്ടുഗീസുകത്തോലിക്കരുടെ അധികാരഭ്രമത്തിന്റെ ഫലമായി ഉണ്ടായ കൂനൻകുരിശു സത്യത്തിനുമുമ്പു് നാം എവിടെയായിരുന്നുവോ ആ സഭയോടുള്ള യോജിപ്പിനാണു് ആഗ്രഹിക്കേണ്ടതു്.

റോമൻ കത്തോലിക്കാസഭ സഹോദരിസഭയാണെന്നു് മാർത്തോമ്മാക്കാർ സമ്മതിക്കുന്നുണ്ടല്ലോ (സമുദായദീനപ്രാർത്ഥനക്രമം പേജ് 16) യഥാർത്ഥകത്തോലിക്കരായ എല്ലാവരും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാണെന്നു് അവർ സമ്മതിക്കുന്നുണ്ടല്ലോ. കത്തോലിക്കാസഭയുടെ വിശ്വാസവും യാക്കോബായസഭയുടെ വിശ്വാസവും ആയി സാരമായ വ്യത്യാസമില്ലെന്നും കത്തോലിക്കാസഭയുടെ പട്ടത്വവും മാമ്മോദീസായും യാക്കോബായ സഭ സാധുവായി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് കത്തോലിക്കാ ബാവാ തിരുമേനിയും മലങ്കരയുടെ മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയും ഒരുപോലെ സമ്മതിച്ചിട്ടുള്ളതു് (പൗരപ്രഭ-118 ഉലം 18) കൽക്കദോനിയാ സൂനഹദോസിൽ കൂടിയ പിതാക്കന്മാരുടെ (കത്തോലിക്കാസമാവിശ്വാസികളായ പിതാക്കന്മാരുടെ) വിശ്വാസവും യാക്കോബായസഭയിലെ പിതാക്കന്മാരുടെ വിശ്വാസവും ഒന്നുതന്നെയാകുന്നു എന്നാണ് യാക്കോബായ സഭാചരിത്രകാരനായ ഇ. എം. പീലിപ്പോസ് അവർകളുടെയും അഭിപ്രായം. (മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ പേജ് 344). കത്തോലിക്കാസഭയുടെ റീത്തു് നല്ലതാണെന്നു് നമ്മുടെ മുൻമന്ത്രി ഇലഞ്ഞിക്കൽ ജോൺ പീലിപ്പോസു് അവർകളും അഭിപ്രായപ്പെടുന്നു. (121 മിഥുന 8-ാംനു-യിലെ പൗരപ്രഭ) യാക്കോബായക്കാർ അംഗീകരിച്ചിട്ടുള്ളതും സമുദായക്കേസിനു അവർ ഹാജരാക്കി അക്കമിട്ടുവിച്ചിട്ടുള്ളതുമായ ഹൂദായാകാനോനിൽ റോമാപാത്രിയർക്കീസ് ശ്രേഷ്ഠാധികാരി ആണെന്നു വ്യവസ്ഥചെയ്തിട്ടുമുണ്ടല്ലോ.

ഇതിനിലക്കു് ക്രിസ്ത്യാനികളുടെ വിശ്വാസസ്ഥൈര്യത്തിനും ശാശ്വതസമാധാനത്തിനും പൊതുവിൽ ഉണ്ടായിരിക്കേണ്ട അഭിവൃദ്ധിക്കും നമ്മുടെ യോജിപ്പിനും പററിയ ഉത്തമമായ മാർഗ്ഗം കത്തോലിക്കാസഭാപുനരൈക്യം തന്നെയല്ലേ എന്നു നിഷ്പക്ഷബുദ്ധിയോടുകൂടി വാശികൂടാതെ ചിന്തിച്ചു നിങ്ങൾതന്നെ തീരുമാനിപ്പിൻ.


"ജബ്കോ"
5-ാംനമ്പ്ര് തൂക്കുവിളക്ക്
ഗുണത്തിൽ,
എതിരാളിയില്ലാത്തതു്-
"ജബ്കോ ബഡ്റൂം" വിളക്കും
അങ്ങിനെതന്നെ
ജയ ഭാരതം കമ്പനി
എറണാകുളം-1




എന്റെ പിതാവിന്റെ സുഖക്കേടു ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സുഖമായതിനു കൃതജ്ഞത.

ഫാദർ ചെറിയാൻ പാറയ്ക്കൽ

ന്ത്രണങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടു് വിടുതോറും അതു പ്രചരിക്കുകയാണ്. ജനങ്ങൾ മാപ്പാപ്പാക്കുവേണ്ടി കുടുംബങ്ങളിലും ദേവാലയങ്ങളിലും തീവ്രമായ പ്രാർത്ഥനാസമരം നടത്തുകയാണ്. പ്രത്യേക ദിവ്യബലികൾ അർപ്പിക്കപ്പെടുന്നു. ഹങ്കറിയിലെ ദേവാലയങ്ങൾ ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

# ദൈവം കനിഞ്ഞു

(സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ)

ത്രീത്വൈകദൈവം കനിഞ്ഞു സർവ്വ-
തമൈത്വകമാർഗ്ഗം തെളിഞ്ഞു.
വാനത്തിൽ വാരൊളി തങ്ങി ശൂന്യ-
സ്ഥാനത്തുമാശതിളങ്ങി
ഗർവ്വാന്ധ്യധൂമങ്ങൾ നീങ്ങി യെങ്ങും-
സർവ്വംകഷോൽകർഷം തിങ്ങി
പൂർവ്വപ്രവചനസാരം ആരോ
സർവ്വവിദിതാനുസാരം
താരാളിപീഠികളിൽ ചാർത്തി വേദ-
സാരാംശമെല്ലാം പകർത്തി.
മംഗളരാഗം പുലർത്തി യദു-
പൈങ്കിളിപാടിപ്പുരത്തി.
പുൽക്കൊടിക്കൂമ്പിലും ചെന്നു പൊരുൾ
നൽക്കുളിർമാരുതൻ ചൊന്നു
വൃന്ദാവനത്തെയും വെല്ലും ദൈവ-
വാഗ്ദാനദേശത്തിനുള്ളിൽ
കാണികൾ കോൾമയിർക്കൊള്ളും നവ്യ-
മാണിക്യശോഭയുൾക്കൊള്ളും.
സൗരഭ്യകാന്തിപരാഗം ദിവ്യ-
സാരസ്യലോലാനുരാഗം
നന്മകുളത്തിൽനിറച്ചു നിത്യ-
നിർമ്മലലില്ലിമുളച്ചു
ജന്മപാപനിഴൽ നീങ്ങി നാരീ-
ധർമ്മങ്ങളൊക്കെയിണങ്ങി
വാരിധിതാരമുദിച്ചു പാദം
വാരിളം ചന്ദ്രനിൽവച്ചു.
നാഗശിരസ്സമർത്തിച്ചു മന്നി-
ലാഗമകാലം തെളിച്ചു.
ത്രീത്വൈകദൈവംകനിഞ്ഞു സർവ്വ-
തമൈത്വകമാർഗ്ഗം തെളിഞ്ഞു.

# പുസ്തകാഭിപ്രായം

## ദൈവമാതാവ്

[ഗ്രന്ഥകർത്രി: അന്നാമ്മ മാമ്മൻ, നന്താവനം, ചെങ്ങന്നൂർ. Publisher: Rev Fr. Alfred J. Camoens, Kundara, T. C. State. പേജ് XVIII + 108. വില 12 ണ.]

ശാസ്ത്രീയമായി ഒരു ഗ്രന്ഥം എഴുതുന്നതിനു മുൻപായി പ്രകൃതവിഷയത്തെ ആസ്പദമാക്കി പണ്ഡിതന്മാർ എഴുതിയിട്ടുള്ള പ്രധാനപ്പെട്ട കൃതികളെല്ലാം വായിക്കണം. പിന്നീടു് ആവശ്യമായ ആശയങ്ങൾ അതേപടിയോ, സംഗ്രഹമായോ പകർത്തേണ്ടിവരും. ഇങ്ങനെ പകർത്തുന്ന ഭാഗങ്ങൾ ആരുടെ, ഏതു കൃതിയുടെ, ഏതുഭാഗത്തുനിന്നുമാണ് എടുത്തിരിക്കുന്നതെന്നു കാണിക്കണം. ഈ നിയമങ്ങളൊന്നും സാധാരണ മലയാളകൃതികളുടെ കർത്താക്കൾ അനുസരിക്കാറില്ല. മററുള്ളവരുടെ കൃതികളിൽനിന്നു് ആശയങ്ങളെടുക്കുന്നവർ അതു സമ്മതിക്കുന്നതു് മാനക്കേടായിട്ടുപോലു കരുതുന്നുണ്ട്. അതു മാനക്കേടല്ല, മര്യാദയാണ്—അല്ല നിയമമാണ്. മാത്രമല്ല, ഗ്രന്ഥനിർമ്മാണത്തിനാവശ്യമായ പഠനം നടത്തിയെന്നതിനു തെളിവുമാണ്. തന്നിമിത്തം ശ്രീമതി അന്നാമ്മ മാമ്മന്റെ "ദൈവമാതാവു്" എന്ന ഗ്രന്ഥം മലയാളകൃതികൾക്കുള്ള ഒരു വലിയ കുറവു നികത്തുന്നതിനുപകരിക്കുന്ന അംഗുലിപരിമിതങ്ങളായ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ട ഒന്നാണ്.

ശ്രീമതി അന്നാമ്മ മാമ്മൻ മറേറതെങ്കിലും ഒരു ഗ്രന്ഥത്തിൽ നിന്നു് ഒരു വാക്കുപോലും സ്ഥലം (Reference) കാണിക്കാതെ ഉദ്ധരിക്കുന്നില്ല. വിഷയത്തെ സംബന്ധിച്ചു് പ്രതിപാദിക്കുന്ന പല നല്ല കൃതികളുടേയും ലിസ്റ്റ് ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നതു് ഉപരിപഠനം നടത്തുന്നതിനാഗ്രഹിക്കുന്നവർക്ക സഹായകമാണ്. ദൈവമാതാവിനെ എല്ലാ വിഭാഗങ്ങളിലുംപെട്ട ക്രൈസ്തവമഹാകവികൾ ബഹുമാനിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നുവെന്നതിനു തെളിവായി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന കവിതകൾ ഈ ഗ്രന്ഥത്തിനു ഒരു തിലകം തന്നെയാണ്.

ദൈവമാതൃഭക്തി ക്രൈസ്തവവിശ്വാസത്തിനു യോജിച്ചതല്ലെന്നു ചില അകത്തോലിക്കർ പുറപ്പെടുവിക്കുന്ന അബദ്ധാഭിപ്രായത്തിന്റെ അനൗചിത്യം നിരവധി തെളിവുകൾ നൽകിക്കൊണ്ടു ഗ്രന്ഥകർത്രി ചൂണ്ടിക്കാണിക്കുന്നുണ്ട്. ദൈവമാതാവിനോടുള്ള ഭക്തിയാൽ പ്രേരിതയായി ശ്രീമതി അന്നാമ്മ മാമ്മൻ നടത്തിയിട്ടുള്ള ഗവേഷണങ്ങളും, പഠനങ്ങളും അത്യന്തം ശ്ലാഘനീയങ്ങളാണ്. ദൈവമാതാവിനെ സംബന്ധിച്ചു് ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന അനുബന്ധം കുറേ നീണ്ടുപോയിയെന്നു തോന്നുന്നു. എങ്കിലും ഉപകാരപ്രദമാണ്. അനുബന്ധത്തെ ഒരു ചെറിയ മരിയൻ "എൻസൈക്ലോപീഡിയാ" ആയി പരിഗണിക്കാം. ഗ്രന്ഥകർത്രിയെ ഹാർദ്ദമായി അനുമോദിക്കുന്നതോടൊപ്പം ഗ്രന്ഥത്തിനു് എല്ലാ കത്തോലിക്കാ ഭവനങ്ങളിലും പ്രവേശനമുണ്ടാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

(ഫാദർ ജോസഫ് ഏററുമാനൂക്കാരൻ)

വി. 10-ാംപിയൂസിന്റെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എം. ടി. എ., തൃശ്ശൂർ



# പ്രഥമകലാകാരൻ

## (മിസ്സിസ് ഡോക്ടർ പോൾ മാമ്പിള്ളി)

(തുടർച്ച)

ആദം ഉറക്കമുണർന്നപ്പോൾ ദൈവം സ്ത്രീയെ അവനു ഏല്പിച്ചുകൊടുക്കുന്നു; ജീവാത്മാവിനെ അവളിൽ നിശ്വസിച്ചിട്ട്. അവൾ സൃഷ്ടികർത്താവിനെ അറിഞ്ഞു സ്തുതിച്ചു വാഴ്ത്തുന്നു. കലാസൗന്ദര്യം കവിഞ്ഞൊഴുകുന്ന മനോഹരിയായ അവളെ കണ്ടു് ആദം അത്ഭുതപ്പെടുകയാണു്. മററു സൃഷ്ടികളിൽ കാണാത്ത അഴകു് അവൾക്കുണ്ടു്: വടിവൊത്ത ഒരു വനിതാരത്നം. കലാകാരന്മാരുടെ കലാകാരനായ ദൈവത്തിന്റെ കലാവൈദഗ്ധ്യം. ആദം അവളെ "ഹവ്വാ" എന്നു വിളിക്കയും അവളൊന്നിച്ചു പറുദീസായിൽ സുഖമായി വസിക്കയും ചെയ്യുന്നു; ദൈവകല്പന ലംഘിക്കാതെ.

അതു കണ്ടു് അസൂയാലുവായിത്തീർന്ന സാത്താൻ ഒരു സൂത്രവുമായി അവിടെ എത്തുകയാണു്, അവരുടെ പരമാനന്ദജീവിതത്തിനൊരു വിരാമമിടുവാൻ; സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സ്നേഹത്തിന്നറുതിവരുത്തുവാൻ. പാപമൂലം ദൈവരാജ്യത്തിൽനിന്നു് നരകാഗ്നിയിലേക്കു തള്ളപ്പെട്ട അവനെപ്പോലെ അവരേയും ആക്കിത്തീർക്കുവാൻ. മനക്കരുത്തുള്ള പുരുഷന്റെ അടുക്കൽ തന്റെ മായാവിദ്യകളൊന്നും ഫലിക്കയില്ലെന്നു തോന്നി. സ്ത്രീ മനശ്ശക്തി കുറഞ്ഞവളാണെന്നു മനസ്സിലാക്കി, അവളെ ഒന്നു പരീക്ഷിക്കണമെന്നു തീർച്ചയാക്കി. അവൾ വഴിയായി ആദത്തെയും. ലോകത്തിലുള്ളതിൽ ഏററവും എളിയ ജീവിയുടെ വേഷം അവൻ എടുത്തു. ഇഴജന്തുവായ ഒരു പാമ്പായിത്തീർന്നു. വിനയത്തോടും അച്ചടക്കത്തോടുംകൂടി അവൻ ഇഴഞ്ഞിഴഞ്ഞു പോകുകയാണു് വിലക്കപ്പെട്ട വൃക്ഷത്തിനടുത്തു ഏകയായി നില്ക്കുന്ന ഹവ്വായുടെ അടുക്കലേക്കു്.

അവളുടെ പാദാരവിന്ദങ്ങളിൽ ചെന്നു് ആദരവോടുകൂടി അവൻ തല ഉയർത്തുന്നു. ഹവ്വാ തിരിഞ്ഞു നോക്കുകയാണു്. ആ സർപ്പദൃഷ്ടികൾ അവളിൽ പതിയുന്നു. അവ ചലിച്ചുകൊണ്ടിരിക്കയാണു്; ആ വിദ്യ ഫലിക്കുമോയെന്ന ആശങ്കയാൽ. എങ്കിലും ധൈര്യമവലംബിച്ചു് അവൻ സംസാരമാരംഭിക്കുന്നു; മുഖസ്തുതിയും മധുരവാക്കുകളുംകൊണ്ടു് അവ സ്ത്രീഹൃദയത്തെ ഇളക്കുമെന്നവനറിയാം. അതെ, ഇന്നും ലോകം പിൻതുടർന്നു വരുന്ന സൂത്രം. വളരെയേറെ വനിതാരത്നങ്ങളെ വഴിതെററിക്കുന്ന വിദ്യ. അതു് സാത്താൻ അന്നു് ആദ്യമായി പ്രയോഗിക്കയാണു്.

ആദിമാതാവിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടു് അവൻ ചോദിക്കുന്നു. എന്തുകൊണ്ടാണവർ ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കാത്തതെന്നു്. അതു ഭക്ഷിക്കരുതെന്നു ദൈവം വിലക്കിയിരിക്കയാണു്. അതു തിന്നാൽ മരിച്ചുപോകും. ബാക്കിയുള്ള എല്ലാഫലങ്ങളും തിന്നുവാൻ അനുവദിച്ചിട്ടുണ്ടു് എന്നു ഹവ്വാ മറുപടി പറയുന്നു. ബാക്കിയുള്ള കനികളേക്കാൾ മധുരമുള്ളതാണതു്. അതു തിന്നാൽ ഒരിക്കലും മരിക്കയില്ല. പ്രത്യുത ദൈവത്തെപ്പോലെയാകും എന്നു സാത്താൻ വ്യക്തമായി പറഞ്ഞു അവളെ മനസ്സിലാക്കുന്നു. അതു തിന്നരുതെന്നു്—തൊടുകപോലും ചെയ്യരുതെന്നാണു് ദൈവകല്പനയെന്നു് നിഷ്കളങ്കയായ അവൾ ആവർത്തിച്ചുപറയുന്നു.

അതുകേട്ടു് അതിരററ അനുകമ്പയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ടു് അവൻ ദൈവത്തെ കുററപ്പെടുത്തുന്നു. അവർ ദൈവത്തെപ്പോലെയാകാതിരിക്കുവാൻ ദൈവം പറഞ്ഞ ഒരു സൂത്രമാണതെന്നു് ഹവ്വായെ തെററിദ്ധരിപ്പിക്കുന്നു. ഹവ്വായുടെ മനസ്സിളകി. ആ വ്യാജപ്രസ്താവനയിൽ അവൾക്കശേഷം സംശയം തോന്നിയില്ല. അവൻ വളരെ രഹസ്യമായി പറഞ്ഞ ആ കനിയുടെ രഹസ്യം അവൾ അതേപടി വിശ്വസിച്ചു. അതിൽ വല്ല വഞ്ചനയുമുണ്ടോ എന്നു് ചിന്തിച്ചുനോക്കിയതേയില്ല.

അവൾ നെടുതായി ഒന്നു നിശ്വസിച്ചു. ആ കനികളെ സൂക്ഷിച്ചുനോക്കി. അവ കൂടുതൽ മനോഹരങ്ങളായി കാണപ്പെട്ടു. സാത്താൻ പറഞ്ഞ അതിന്റെ മാധുര്യത്തെപ്പററി ഓർത്തപ്പോൾ ആർത്തി വർദ്ധിച്ചു. പറുദീസായിലെ പരമാനന്ദം പോരാ എന്നവൾക്കു തോന്നി. ദൈവത്തെപ്പോലെയാകണം എന്ന ദുരാശ വർദ്ധിച്ചു. അടക്കാനാവാത്ത ആശകൊണ്ടു അവളുടെ മുഖം വികാരവിവശമായി. ആ കനികളുടെ അടുക്കലേക്കു അവൾ അടുത്തുചെല്ലുകയാണു്. ദൈവം വാത്സല്യപൂർവ്വം സൃഷ്ടിച്ച അവളുടെ സുന്ദരമായ കരതലങ്ങൾ നീട്ടി ആ വിലക്കപ്പെട്ട കനികൾ പറിച്ചുതിന്നുകയാണു്; ആദത്തിനോടു ഒരു വാക്കുപോലും ചോദിക്കാതെ. കഷ്ടം! സ്ത്രീകളുടെ ആലോചനക്കുറവു്. അതു കണ്ടുനില്ക്കുവാനുള്ള കരുത്തു് ആ സാത്താനുപോലുമുണ്ടായില്ല. അവൻ അവിടെനിന്നും പെട്ടെന്നു പോകുന്നു; നിശ്ശബ്ദനായി. ഹാ! വഞ്ചകനായ ലൂസിഫർ! നിനക്കു ലജ്ജയില്ലല്ലോ ആ സാധു സ്ത്രീയെ നുണ പറഞ്ഞു വഞ്ചിക്കുവാൻ.

ഹവ്വാ കുറച്ചു കനികളുമായി സന്തോഷത്തോടുകൂടി ആദത്തെ സമീപിക്കുന്നു; ഒരു വലിയ രഹസ്യം കണ്ടുപിടിച്ച ഭാവത്തിൽ. ആ കനികൾ കണ്ടു് ആദം അത്ഭുതപ്പെട്ടു മിഴിച്ചു നോക്കുകയാണു്. അവന്റെ മനസ്സു അസ്വസ്ഥമാകുന്നു. അതു് പറിക്കുവാനുള്ള കാരണം അന്വേഷിക്കുന്നു. സർപ്പം പറഞ്ഞ കനിയുടെ രഹസ്യം അവൾ ആദത്തെ മനസ്സിലാക്കുകയാണു്. അവൾ അതു തിന്ന കാര്യവും പറയുന്നു. ആദം ഞെട്ടി. അവന്റെ ഭീതി വർദ്ധിക്കുകയാണു്. അവൾ മരിച്ചുപോകുമെന്ന ചിന്ത അവനെ ശോകമൂകനാക്കി. ഭയസംഭ്രമാദികളാൽ ദേഹമാസകലം കോൾമയിർക്കൊണ്ടു. ഹൃദയം എന്തെന്നില്ലാതെ പിടയുവാൻ തുടങ്ങി.

ഹവ്വാ മധുരമന്ദഹാസത്തോടുകൂടി മന്ദം മന്ദം അടുത്തുചെല്ലുന്നു, കിംകർത്തവ്യതാമൂഢനായി നില്ക്കുന്ന ഭർത്താവിന്റെ സമീപത്തേക്കു്. ആ കനികൾ തിന്നുവാൻ അവൾ അവനെ പ്രേരിപ്പിക്കുന്നു; അങ്ങനെ ദൈവത്തെപ്പോലെയാകുവാൻ. ആദം വലിയൊരു വിഷമഘട്ടത്തിലെത്തിച്ചേർന്നു. പരിപാവനമായ ദൈവത്തിന്റെ കല്പന ഒരു വശത്തു്. സ്നേഹസർവ്വസ്വമായ സ്ത്രീയുടെ പ്രേരണ മറുവശത്തു്. അതിലേതെടുക്കണം എന്ന പ്രശ്നം അവനെ വിഷമിപ്പിക്കയാണു്. അവന്റെ മനശ്ശാന്തിയെ ഞെരിക്കുകയാണു്. ദൈവകല്പന ലംഘിച്ചാലുള്ള ശിക്ഷ മരണം. അതവനെ ഭയപ്പെടുത്തുന്നു. അതു ലംഘിച്ചതുകൊണ്ടു് ഹവ്വായുടെ മരണം മൂലമുള്ള വേർപാടു് അവനെ ദുഃഖിപ്പിക്കുന്നു. ഇവ രണ്ടുംകൂടി ഒരു വലിയ സംഘട്ടനം നടന്നു. വിരഹദുഃഖമാണതിൽ വിജയം വരിച്ചതു്. ഹവ്വായില്ലാതെ ജീവിക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെ അവനു തോന്നി. അവൻ ആവേശത്തോടുകൂടി ആ കനികൾ വാങ്ങിച്ചു തിന്നുകയാണു്; തന്റെ പ്രേമസർവ്വസ്വമായ കൂട്ടുകാരിയുടെ കൈയിൽനിന്നു്. അങ്ങനെ ആ കൂട്ടുകാരിയേയും സമസ്ത സുഖങ്ങളേയും അവനു നൽകിയ ദൈവത്തിന്റെ കല്പനയെ ലംഘിക്കുകയാണു്. ഹാ! പുരുഷന്മാർക്കു പററുന്ന വലിയ അപകടം.

സമയമേറെ കഴിയേണ്ടിവന്നില്ല; സർവ്വശക്തൻ അവിടെ പ്രത്യക്ഷപ്പെടുവാൻ. സന്തോഷം, ആനന്ദം, പൊട്ടിച്ചിരികൾ എന്നിവയ്ക്കു പകരം നെടുവീർപ്പുകൾ; തേങ്ങലുകൾ, പൊട്ടിക്കരച്ചിലുകൾ എന്നിവ അവിടെ മാറെറാലി കൊള്ളുന്നു. ഭയത്തോടും വിറയലോടുംകൂടി അതിലേറെ ലജ്ജയോടും ആ ഹതഭാഗ്യർ കുററം ഏററുപറയുന്നു. പക്ഷെ, ആദം ആ കുററത്തെ ഹവ്വായിലും ഹവ്വാ പാമ്പിലും ആരോപിക്കുന്നു. ദൈവം അവർക്കു കൊടുത്ത സ്വാതന്ത്ര്യം ദുരുപയോഗിച്ചു് സാത്താനെ അനുസരിച്ചതിന്റെ ഫലമായി മനോഹരമായ പറുദീസായിൽനിന്നു് അവർ പുറത്താക്കപ്പെടുന്നു. ഏറെ വേദനയോടുകൂടി കരഞ്ഞു കരഞ്ഞു് അവർ പോകുകയാണു്, ആ സുഖാരാമത്തിൽനിന്നു്. എന്നാൽ ദൈവത്തോടു മത്സരിച്ച ദൈവദൂതന്മാരെപ്പോലെ നിത്യനരകാഗ്നിയിലേക്കു അവരെ തള്ളിക്കളഞ്ഞില്ല; അവിടുത്തെ കാരുണ്യാതിരേകംകൊണ്ടു്. അവരുടെ സന്താനപരമ്പരകളിൽ പലരേയും അവിടുന്നു കണ്ടു. നീതിമാന്മാരേയും പരിശുദ്ധരേയും. അവരോടുകൂടി സ്വർഗ്ഗീയസൗഭാഗ്യം അനുഭവിക്കുവാനുള്ള ആഗ്രഹം അതിനനുവദിച്ചില്ല.

പക്ഷെ ലോകത്തിൽ നടന്ന ആ ആദ്യപാപത്തിനു പരിഹാരമായി ക്ലേശസമ്പൂർണ്ണമായ ഒരു ജീവിതമാണവിടുന്നു നൽകിയതു്. അവർക്കും അവരുടെ എല്ലാ തലമുറകൾക്കും. ആ സന്തോഷനിർഭരമായ ജീവിതത്തിനു വിരാമമിട്ടു. ദുഃഖാരിഷ്ടതകളും രോഗവും മരണവും നിറഞ്ഞ ഒരു നവീനലോകത്തിനു നാമ്പിട്ടു. ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ അവരനുഭവിക്കുവാൻ തുടങ്ങി. മനുഷ്യവർഗ്ഗം മുഴുവൻ അതനുഭവിച്ചേ കഴിയൂ എന്നവിടുന്നു നിശ്ചയിച്ചു. അതാണു് ഇന്നും ലോകത്തിൽ അങ്ങോളമിങ്ങോളം കാണുന്ന ദുഃഖദുരിതങ്ങൾ. അവയെ ശാന്തമായി, സന്തോഷമായി സഹിക്കുവാൻ നമുക്കു ശ്രമി



## എറണാകുളം ആരാധനമഠം ശാഖ

എറണാകുളത്തു പഴയ റെയിൽവെസ്റ്റേഷൻ റോഡിന്റെയും പവർഹൗസ് റോഡിന്റെയും ജംക്ഷനടുത്തു പുതുതായി സ്ഥാപിതമായിരിക്കുന്ന ആരാധനമഠത്തിന്റെ ആശീർവ്വാദകർമ്മം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ: മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് 1955 ജനുവരി 14-ാംനു നിർവ്വഹിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. എറണാകുളം സഹായമെത്രാൻ തിരുമേനി, അതിരൂപതാ ചാൻസലർ വെരി റവ. മോൺ വർഗ്ഗീസ് പുതുശ്ശേരി, എറണാകുളം മെത്രാപ്പോലീത്തൻ പള്ളി വികാരി, വെ. റവ. ഫാദർ കുരിയാക്കോസ് ചിറമേൽ, ബ: കന്യാസ്ത്രീകൾ മുതലായവരെ ചിത്രത്തിൽ കാണാം.


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയ

കലാം.

ആദിമാതാപിതാക്കളിൽ മുളച്ചുകണ്ട ആ ദുശ്ശീലങ്ങൾ ഇന്നും മാനവഹൃദയങ്ങളിൽ തഴച്ചു വളരുന്നുണ്ട്. അതിനുശേഷം ആയിരമായിരം കൊല്ലങ്ങൾ കടന്നുപോയി. അനേകമനേകം തലമുറകളും വന്നുപോയി. എന്നിട്ടും ആ ദുശ്ശീലങ്ങൾ ഓരോ സ്ത്രീയിലും ഓരോ പുരുഷനിലും കുടികൊള്ളുന്നുണ്ട്. അവയെ ഉന്മൂലനം ചെയ്യുവാൻ നാം നമ്മോടുതന്നെ ഒരു വലിയ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. നാളുകൾ കഴിയുന്തോറും ചുററുപാടുകളും വഷളായി വരുകയാണ്.

ലോകം ഇന്നു് ഒരു ഭയങ്കര രണാങ്കണമായി തീർന്നിരിക്കയാണ്. പൈശാചികപരീക്ഷകൾ ഒരു വശത്തു്. ദൈവമില്ല—മതമില്ല— മരണാനന്തരജീവിതമില്ലാ എന്നിങ്ങനെ ഉച്ചൈസ്സരം ഉൽഘോഷിച്ചുകൊണ്ടു നടക്കുന്ന നിരീശ്വരവാദികൾ മറുവശത്തു്. പാപമെന്നൊന്നില്ല— വിലക്കപ്പെട്ടതായിട്ടൊന്നുമില്ല—എല്ലാം സുഖങ്ങളും എല്ലാ സ്വാതന്ത്ര്യങ്ങളും മനുഷ്യനനുഭവിക്കേണ്ടതാണെ് എന്നു് ആർത്തുവിളിക്കുന്ന കാപട്യം നിറഞ്ഞ കമ്മ്യൂണിസ്റ്റുകാർ ചുററുപാടും. ഇവരുടെ പ്രലോഭനങ്ങളോടു ധീരധീരം പോരാടി നമുക്കു വിജയം വരിക്കാം. അതിനായി ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

—o—

(10-ാംപേജ് തുടർച്ച)

സ്തീനോസിൻെറ ചിന്താഗതി ഇപ്പോൾ വിജ്ഞാനസമ്പാദനത്തിലേക്കു തിരിഞ്ഞു. യഥാർത്ഥമായ വിജ്ഞാനം സമാർജ്ജിച്ചുകൊണ്ടു അനശ്വരത്വം പ്രാപിക്കണമെന്നുള്ള അഭിവാഞ്ഛ അദ്ദേഹത്തിൻെറ ഹൃദയത്തെ ഗ്രസിച്ചു. അഗസ്റ്റിനോസിൻെറ മാനസാന്തരത്തിൻെറ ആദ്യത്തെ പടിയായിരുന്നു അതു്. തന്നിൽ സംഭവിച്ച പരിവർത്തനത്തെപ്പററി അദ്ദേഹം ഇപ്രകാരം പറയുന്നു: "വ്യർത്ഥമായ പ്രത്യാശകളെല്ലാം വിലയില്ലാത്തവയായി എനിക്കു തോന്നി. വിജ്ഞാനത്തിൽക്കൂടി അമർത്ത്യതയിലെത്തിച്ചേരുവാനുള്ള ആഗ്രഹം എൻെറ ഹൃദയത്തിൽ ആളിക്കത്തി. ദൈവത്തിങ്കലേക്കു തിരിച്ചുചെല്ലുവാനായി ഞാൻ ഉണർന്നെണീററു."

എന്നാൽ തൻെറ അന്തിമമായ ലക്ഷ്യം വിദൂരതയിലേക്കു നീങ്ങിപ്പോകുന്നതായിട്ടാണ് അദ്ദേഹത്തിനു അനുഭവപ്പെട്ടതു്. സത്യമായ വിജ്ഞാനത്തെപ്പററിയുള്ള അന്വേഷണം അദ്ദേഹത്തെ മാനിക്കിയൻസ് (Manichae-ans) എന്നു പേരായ പാഷണ്ഡികളുടെ അബദ്ധസിദ്ധാന്തങ്ങളിലേക്കാണു ആനയിച്ചതു്. മാനി അഥവാ മാനെസ് (Mani or Manes) എന്നയാളിൻെറ അനുയായികളായിരുന്നു മാനിക്കിയൻസ്. പേർഷ്യാക്കാരനായിരുന്ന മാനിയുടെ ജീവിതകാലം എ. ഡി. 215 മുതൽ 276 വരെയാണ്. പ്രകാശത്തിൻേറയും അന്ധകാരത്തിൻേറയും രണ്ടു മണ്ഡലങ്ങളെ അധികരിച്ചുള്ള ഒരു പൗരാണികതത്വസംഹിത പേർഷ്യയിൽ പ്രചാരത്തിലിരുന്നിരുന്നു. മാനി ഇതിനെ ആസ്പദമാക്കിയുള്ള ഒരു നൂതനമതം സൃഷ്ടിച്ചു. പ്രകാശം നന്മയും അന്ധകാരം തിന്മയുമാകുന്നു. ദൈവം എന്നു വിളിക്കപ്പെടുന്ന ഒരു സത്വം പ്രകാശമണ്ഡലത്തെ ഭരിക്കുന്നു. അന്ധകാരത്തിൽനിന്നും സാത്താൻ ജന്മം പ്രാപിച്ചു. പ്രകാശവും അന്ധകാരവും തമ്മിൽ നിത്യവും സമരം നടന്നുകൊണ്ടിരിക്കുന്നു. ഈ സമരത്തിൻെറ രംഗം മനുഷ്യനാണ്. സാത്താൻ ആദാമിനു ജന്മം കൊടുത്തു. ആദാമിൻെറ സന്താനങ്ങളിൽ കടുത്ത അന്ധകാരത്താൽ വലയം ചെയ്യപ്പെട്ട കുറെ പ്രകാശകിരണങ്ങൾ കുടികൊള്ളുന്നു. ഇങ്ങനെ ബന്ധിതമായിരിക്കുന്ന പ്രകാശത്തെ വിമോചിപ്പിക്കുവാൻവേണ്ടി ലോകത്തിലേക്കു അയക്കപ്പെട്ടവരാണ് ക്രിസ്തുവും വി. പൗലോസും. ഈ വിമോചനത്തിനുള്ള മാർഗ്ഗം, മാംസം, ലഹരിസാധനങ്ങൾ, വിഷയാസക്തി, വിവാഹബന്ധം തുടങ്ങി അന്ധകാരത്തോടനുബന്ധപ്പെട്ട കാര്യങ്ങളെ പരിവർജ്ജിക്കുകയാണ്. ഈ കർക്കശമായ തപശ്ചര്യകൾ അനുഷ്ഠിക്കുന്നവരെ തിരഞ്ഞെടുക്കപ്പെട്ടവർ (the Elect) എന്നും മററുള്ളവരെ ശ്രോതാക്കൾ അഥവാ പഠിതാക്കൾ (Hearers or the Cate-chumens) എന്നും പറയുന്നു. ശ്രോതാക്കൾക്കുവേണ്ടി യോഗ്യതകൾ സമ്പാദിക്കുവാനും അവരെ തിന്മയിൽനിന്നു രക്ഷിക്കുവാനും തിരഞ്ഞെടുക്കപ്പെട്ടവർക്കു കഴിയും. മേൽ വിവരിച്ചിട്ടുള്ളവയാണ് മാനിക്കിയൻസിൻെറ വിശ്വാസസംഹിത. അവരുടെ സഭാസംഘടനയും മതകർമ്മങ്ങളും ക്രൈസ്തവസഭയുടേതിനോടു് വളരെ സാമ്യമുള്ളവയായിരുന്നു. പേർഷ്യയിലെ രാജാവിൻെറ കല്പനപ്രകാരം മാനി ക്രൂശിക്കപ്പെട്ടു. ഡയക്ലീഷ്യൻ ചക്രവർത്തി ഈ മതാനുയായികളെ പീഡിപ്പിക്കയും ചെയ്തു. എന്നാൽ അവരുടെ എണ്ണം വർദ്ധിക്കുകയും സാമ്രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും അവർ വ്യാപിക്കയുമാണുണ്ടായതു്.

ഒൻപതു സംവത്സരക്കാലം അഗസ്തിനോസ് ഈ പൗരസ്ത്യപാഷണ്ഡതയിൽ കഴിച്ചുകൂട്ടി. ഒരു മനുഷ്യൻ പാപം ചെയ്യുന്നതു് അവൻെറ കുററംകൊണ്ടല്ല, നേരെമറിച്ചു് അവനിൽ കുടികൊള്ളുന്ന അന്ധകാരംമൂലമാണെന്നുള്ള സിദ്ധാന്തം പാപിയായ അഗസ്തിനോസിനു വളരെ ആശ്വാസപ്രദമായി തോന്നിയതിൽ അത്ഭുതപ്പെടാനില്ല. അദ്ദേഹം പാഷണ്ഡമതത്തിൻെറ അംഗത്വം നാമമാത്രമായി സ്വീകരിക്കുകയല്ല ചെയ്തതു്. അതിൻെറ പ്രചാരത്തിനുവേണ്ടി ഉററു ശ്രമിക്കുകയും കത്തോലിക്കാസഭയെ പരസ്യമായി അവഹേളിക്കയും ചെയ്തു.







## ചേർത്തല "ഗ്രീൻഗാർഡൻസ്" ആശുപത്രിയിലെ പ്രസിദ്ധ ഡോക്ടറന്മാർ

എറണാകുളം അതിരൂപതവകയായി ചേർത്തല ഗ്രീൻഗാർഡൻസ് ഇൻസ്റ്റിററ്യൂഷൻെറ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്ന സേക്രഡ് ഹാർട്ട ജനറൽ ഹോസ്പിററലിൽ സേവനമനുഷ്ഠിക്കുന്ന വിദഗ്ദ്ധ ഡോക്ടറന്മാർ. നടുക്ക്:—ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ റിട്ട: സിവിൽ സർജൻ, ഡാക്ടർ എ. പി. ഫ്രാൻസിസ് എം. ബി. ബി. എസ്. ഇടത്തു്;—ഡാക്ടർ സി. വി. ഡുക്കഫ് എം. ഡി. (ന്യൂയോർക്ക്). വലത്തു്:—ഡാക്ടർ ടി. എച്ച്. വിസ് എം. ഡി. (സ്വിററ്സർലണ്ടു). ത്വക്കുരോഗസ്പെഷ്യലിസ്റ്റുമാരായ ഈ ഡോക്ടർമാർ മന്തു്, വാതപ്പനി, ചൊറി, ചിരങ്ങു് മുതലായ രോഗബാധിതരെ ജനറലാശുപത്രിയിൽ പരിശോധിച്ചു ചികിത്സ നടത്തുന്നതാണ്. ഇൻസ്റ്റിററ്യൂഷൻെറ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്ന സെൻറു് ജോസഫ്സ് കുഷ്ഠരോഗാശുപത്രിയുടെ ചീഫ്മെഡിക്കലാഫീസറാണ് ഡോക്ടർ ഡുക്കഫ്. ഡാക്ടർ ടി. എച്ച്. വിസ് അദ്ദേഹത്തിൻെറ അസിസ്റ്റൻറുമായിരിക്കും.

## ഇടവകവാർത്തകൾ

**മാള:** സ്ഥലത്തെ മരിയസഖ്യത്തിൻെറയും വിൻസെൻറു് ഡിപോൾ സഖ്യത്തിൻെറയും സംയുക്തവാർഷികം ജനുവരി 9-ാം തിയതി റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം എം. ഒ. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. റവ. ഫാ. എവ്ജിൻസ് സി. ഡി., ശ്രീ ഇ കെ പോൾ ബി. എസ്സ്സി. ബി. എൽ. എന്നിവർ പ്രസംഗിച്ചു.

**പൂനാ:** അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് പൂനാ ശാഖയുടെ 9-ാമത്തെ വാർഷികം ജനുവരി 2-ാംനു പൂനാ വികാരി ജനറാൾ മോൺ. ഗേൺസാൽവസ്സിൻെറ മഹനീയാദ്ധ്യക്ഷതയിൽ വാഡീയാ കോളേജ് ഹാളിൽവച്ചു ആഘോഷിക്കപ്പെട്ട അവസരത്തിൽ റവ. ഫാ. ജറോം ഡിസൂസ്സാ എസ്സ്. ജെ യുടെയും ക്യാപ്ററൻ കെ ജെ. തോമസ്സിൻെറയും ഉജ്ജ്വലതമായ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. മോഹിനിയാട്ടം ഡ്രാമ, മോണോ ആക്റ്റ്സ്, നൃത്തം, സംഗീതം ആദി വിവിധവിനോദപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു

**ചേർത്തല:** സ്ഥലം വിൻസെൻറുഡിപോൾ സംഘത്തിൻെറയും സണ്ടേസ്കൂളിൻെറയും സംയുക്തവാർഷികം ജനുവരി 9-ാംനു ഉച്ചകഴിഞ്ഞു് 4മണിക്കു റവ. ഫാദർ ആൻറണി കര്യാളശേരി എം. എ. യുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ തോമ്മസ് സെബാസ്റ്റ്യൻ B. A. L. T. പ്രസംഗിച്ചു. യോഗാനന്തരം "പാപത്തേക്കാൾ മരണം" എന്ന സംഗീതനാടകം സംഘാംഗങ്ങൾ അഭിനയിച്ചു

**കുത്തുപ്പള്ളി:** സ്ഥലത്തെ വിൻസെൻറുഡിപോൾ സഖ്യത്തിൻെറയും, മരിയസൈന്യത്തിൻെറയും സംയുക്തവാർഷികദിനം ജനുവരി 16-ാംനു റവ. ഫാ ആൻറണി കയ്യാളശേരി എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. യോഗത്തിൽ ബ്രദേഴ്സ് വി. ജെ. ചാണ്ടി ബി. എ. ബി. എൽ., എം. എം. സ്കറിയാ എം. എസ്സ്സി. എന്നിവർ പ്രസംഗിച്ചു അനന്തരം വിദ്യാർത്ഥികൾ "കെട്ടുതാലി" എന്ന പ്രഹസനവും വിദ്യാർത്ഥിനികൾ "കുഞ്ഞേലി ജത്തി" എന്ന പ്രഹസനവും അഭിനയിച്ചു. "പരിശമുട്ട്" മുതലായ ഇതരവിനോദപ്രകടനങ്ങളും നടന്നു. പള്ളിവക വായനശാലയുടെ ധനശേഖരണാർത്ഥം സ്ഥലത്തെ സംഘടനകളുടെ ആഭിമുഖ്യത്തിൽ "ഇൻക്വിലാബിൻെറ നാട്ടിൽ" എന്ന ഗദ്യനാടകം അഭിനയിക്കുകയും ഉണ്ടായി.

**മാടപ്പള്ളി:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു വിൻസെൻറു ഡി പോൾ സൊസൈററി, ചെറുപുഷ്പമിഷൻലീഗ്, സോഡാലിററി എന്നീ സംഘടനകളുടെ വാർഷികസമ്മേളനം ജനുവരി 2-ാം തിയതി ആഘോഷിച്ചിരിക്കുന്നു. സമ്മേളനത്തിൽ റവ. ഫാദർ ഗ്രിഗറി തൈച്ചേരി ബി. എ. എൽ. ടി. അദ്ധ്യക്ഷതവഹിച്ചു. ശ്രീ ററി ഡി. ചാക്കോ ബി. എ. എൽ. ററി, റവ. മാത്യു (സ്ററഡൻറ് എസ്. ബി. കോളേജ് ചങ്ങനാശേരി) എന്നിവർ പ്രസംഗിച്ചു ഇടയ്ക്കിടെ കുട്ടികളുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.


കുറവിലങ്ങാട്ട് ഫൊ: പള്ളിയിൽ

★ മൂന്നു നോയമ്പു തിരുനാൾ ★

1955 ജനു: 31 ഫെബ്രു: 1, 2
1130 മകരം 18, 19, 20
തിങ്കൾ, ചൊവ്വ, ബുധൻ ഈ ദിവസങ്ങളിൽ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണ്.

ടി പള്ളിക്കാര്യത്തിൽനിന്നു്


**പാറ്റുവാ:** സ്ഥലം സെൻറു് ആൻറണീസ് മിഡിൽസ്കൂൾ സാഹിത്യസമാജവാർഷികം, സ്കൂൾ ദിനം, സോഡാലിററിവാർഷികം ഇവകളുടെ ഏകോപിച്ചുള്ള സമ്മേളനം ജനുവരി 16-ാംനു സ്കൂൾഹാളിൽവച്ചു വെരി റവ. ഫാദർ റോമയോ തോമ്മസ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാദർ സെബാസ്റ്റ്യൻ കാരാംവേലിൽ, ശ്രീ എൻ. എ. ജോർജ് ബി. എസ്സ്സി., കുമാരി അന്നമ്മ കെ. വി. മുതലായവർ പ്രസംഗിച്ചു. ഇടയ്ക്കു കുട്ടികളുടെ കലാപ്രകടനങ്ങളും നടത്തപ്പെട്ടു.

**അറക്കുളം:** ജനുവരി പ്രഥമവാരത്തിൽ പാലാമെത്രാൻ തിരുമേനി അറക്കുളം പഴയപള്ളി ഔദ്യോഗികമായി സന്ദർശിച്ചു. വി. സെബസ്ത്യാനോസിൻെറ തിരുനാൾ ജനുവരി 8,9 തിയതികളിൽ നടന്നു. പ്രസുദേന്തി ശ്രീ വക്കി അന്തോനി വാവുങ്കൽ പള്ളിക്കു ഉണ്ണീശോയുടെ രൂപവും രൂപക്കൂടും തിരുനാൾ സംഭാവനയായി നൽകി. റവ. ഫാദർ ടി. നെടുങ്കല്ലേൽ M. A; B. T. റവ. ഫാദർ ജേക്കബ് തേവർപാടം എന്നിവർ പ്രസംഗിച്ചു.

**ഉദയംപേരൂർ:** ഉദയംപേരൂർ പുത്തൻപള്ളിയിൽ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഈ മാസം 7,8,9 എന്നീ തിയതികളിൽ സാഘോഷം കൊണ്ടാടപ്പെട്ടു. റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളാണ് തിരുനാൾ പ്രസംഗം നടത്തിയതു്. പ്രദക്ഷിണസമയത്തു സ്ഥലം സൊഡാലിററി ഗായകസംഘം ഭക്തിനിർഭരമായ ഗാനങ്ങൾ ഉച്ചഭാഷിണിയിലൂടെ ആലപിച്ചുകൊണ്ടിരുന്നു.

**ചെല്ലാനം:** സ്ഥലം പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ കൊമ്പ്രിയതിരുനാൾ ജനുവരി 20-ാംനു ആഘോഷപൂർവ്വം സമാപിച്ചു; കൊടികയററം മുതൽ ഓരോ ദിവസവും തിരുകർമ്മങ്ങൾക്കുശേഷം റവ. ഫാദർ ജെറോം ഒ. സി. ഡി. എം., റവ. ഫാദർ ജോസഫ് വിതയത്തിൽ, റവ. ഫാദർ റെനോൾഡ് പുനക്കൽ മുതലായവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ആയിരക്കണക്കിനു ജനങ്ങൾ പങ്കുകൊണ്ട പ്രദക്ഷിണത്തോടുകൂടി മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെ വിപുലവും ഭക്തിസംവർദ്ധകവുമായ രീതിയിൽ തിരുനാൾ സമാപിച്ചു.

**കൊല്ലം:** കൊല്ലം രൂപതയിലെ "ലീജിയൻ ഓഫ് മേരി"യുടെ സ്ഥലം ക്യൂരിയാവാർഷികം ജനുവരി 16-ാംനു കൊണ്ടാടി. സെൻറു് അലോഷ്യസ് സ്കൂൾഹാളിൽ വച്ചു് ആദ്ധ്യാത്മികനിയന്താവു് റവ. ഫാ. പീററർ തെക്കേവിളയിൽ, D. D., D. C. L; അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സമ്മേളനം നടന്നു. എണ്ണൂറിൽപരം മരിയസൈന്യാംഗങ്ങൾ സന്നിഹിതരായിരുന്നു. ഇൻഫൻറ് ജീസസ് സ്കൂളിലെയും സെൻറു് അലോഷ്യസ് സ്കൂളിലേയും ജൂനിയർ സൈനികരുടെ വിവിധകലാപരിപാടികളും മററംഗങ്ങളുടെ ഗാനാലാപങ്ങളും സമ്മേളനത്തെ മോടിപിടിപ്പിച്ചു. അദ്ധ്യക്ഷൻ കൊല്ലം ക്യൂരിയായുടെ ആഭിമുഖ്യത്തിൽ "പാരഡൈസ് ബാങ്കി"ൻെറ ഒരു ബ്രാഞ്ചു ഉത്ഘാടനം ചെയ്തു.


Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—1

സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol 28 | ERNAKULAM, JANUARY 26 | No. 23

# ആ ധീരസേനാനി അന്തരിച്ചു!

16-ാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ മതവിപ്ലവംമൂലം സംജാതമായ സഭാപിളർപ്പിനെ കൂട്ടിബന്ധിക്കുന്നതിനും സഭാഐക്യത്തിനു മാറ്റും തെളിക്കുന്നതിനും പരമപണ്ഡിതനും പൊതുജനാരാദ്ധ്യനുമായ കർദ്ദിനാൾ ന്യൂമാൻ ഉപകരണമായി. അക്കാലത്തുതന്നെ കേരളത്തിൽ മലയെടുത്ത സഭാഭിന്നതയെ കൂട്ടിവിളക്കുന്നതിനും ശീഘ്രമായ വിജയിച്ച പുനരൈക്യമാർഗ്ഗം വെട്ടിത്തുറക്കുന്നതിനും നേതൃത്വം നൽകിയതു പാവനസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമേനിയായിരുന്നുവല്ലോ. ആ ദാരുണസംഭവം — അവിടുത്തെ ദേഹവിയോഗം — മൂലം പുനരൈക്യത്തിനുണ്ടായ വാട്ടം ഇനിയും മാറിയിട്ടില്ല. ഇതാ അതു കഴിഞ്ഞു രണ്ടുകൊല്ലം തികയുന്നതിനു മുമ്പു മാർ ഈവാനിയോസിന്റെ സഭാപുനരൈക്യസംരംഭം ഏറ്റെടുത്തു വിജയപൂർവ്വം പുരോഗമിപ്പിച്ചുപോന്ന അവിടുത്തെ സഹപ്രവർത്തകനും പിൻഗാമിയുമായ തിരുവല്ലായുടെ മെത്രാൻ ആർച്ചുബിഷപ്പ്-ബിഷപ്പ് ജോസഫ് മാർ സെവേരിയോസ് തിരുമേനിയും ദിവംഗതനായിരിക്കുന്നു! മലങ്കരസുറിയാനികത്തോലിക്കാസഭയുടെ വീരധർമ്മസേനാനികളുടെ ഒരു തലമുറയാണ് ഇതോടൊപ്പം കടന്നുപോകുന്നതെന്നു പറയാം.

## സത്യത്തിന്റെ യോദ്ധാവു്

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പു യാക്കോബായസഭയിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിട്ടാണ് മാർ സെവേരിയോസിനെ നാം കാണുന്നതു്. യാക്കോബായസഭയിലെ പ്രഥമഗണനീയന്മാരായ അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരുടേയും പ്രമുഖ സമുദായനേതാക്കന്മാരുടേയും അഭിലാഷവും നിർദ്ദേശവുമനുസരിച്ചാണ് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യാലോചനകൾ നടത്തിയതെങ്കിലും, അവരുടെ അഭിലാഷമനുസരിച്ചു മലങ്കരയിൽത്തന്നെ പുനരൈക്യശ്രേഷ്ഠവും ഉടനുതക്കവണ്ണം പരിശുദ്ധസിംഹാസനം വേണ്ട ആനുകൂല്യങ്ങളെല്ലാം അനുവദിച്ചുവെങ്കിലും പുനരൈക്യാലോചനകൾക്കു പിൻതുണ നൽകിക്കൊണ്ടിരുന്ന ബഹുഭൂരിപക്ഷം ആളുകളും ചില സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം അതിൽനിന്നു പിൻതിരിയുകയാണുണ്ടായതു്. അംഗുലിപരിമിതമായ ഒരു ചെറുസംഘം മാത്രമേ മാർ ഈവാനിയോസിനെ അന്നനുഗമിച്ചുള്ളു. പുനരൈക്യംതന്നെയും സഭയിൽ ഒരു സമരത്തിനു കാരണമായി. അസാധാരണമായ ഈ സാഹചര്യത്തിൽ തന്റെ മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു പുനരൈക്യപ്രസ്ഥാനത്തെ ശക്തിയുക്തം എതിർത്ത ഒരു ധീരയോദ്ധാവാണ് മാർ സെവേരിയോസ്. അദ്ദേഹത്തിന്റെ എതിർപ്പു ഫലപ്രദമാക്കുന്നതിനുവേണ്ട സാമഗ്രികൾ ശേഖരിക്കുന്നതിനായിരുന്നു അദ്ദേഹം കത്തോലിക്കാ ഗ്രന്ഥശേഖരത്തിന്റെ ഉള്ളറകളിലേക്കു കടന്നുവന്നതു്. അദ്ദേഹം പണ്ഡിതോചിതമായ പഠനം നടത്തി; കത്തോലിക്കാ തത്വസംഹിതയെ മുഴുവൻ പരിശോധിച്ചു; യുക്തിയുക്തമായി പ്രസ്തുത തത്വങ്ങളേയും പഠനങ്ങളേയുംപറ്റി ചിന്തിച്ചു. സത്യത്തിന്റെ സന്നദ്ധഭടനും, ആത്മാർത്ഥതയുടെ നിലയവുമായ ആ ധീരസേനാനി 1937 നവമ്പർ 29-ാംതീയതി മാർ ഈവാനിയോസ് തിരുമേനിയുടെ സവിധത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി വിനീതനായി കത്തോലിക്കാസഭാ മാതാവിനെ ആശ്ലേഷിച്ചു, ശൈശവസഭയെ സംഹരിക്കുന്നതിനു ഡമസ്കസിലേക്കു പുറപ്പെട്ട സാവൂൾ വിനീതനായ പൗലോസായി തിരിച്ചതുപോലെ. മാർ സെവേരിയോസിന്റെ അനന്തരജീവിതവും വിശുദ്ധ അപ്പസ്തോലന്റേതിനോടു അനുയോജ്യമായ ഒന്നായിരുന്നു.

## സഭാസേവനം

തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു 9 മാസം കഴിഞ്ഞപ്പോൾ തിരുവല്ലാ മെത്രാൻ മാർ തിയോഫിലോസ് തിരുമനസ്സിലെ അനാരോഗ്യം നിമിത്തം ആ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായായി നിയമിതനായി. തുടർന്നു 1950-ൽ ആ രൂപതയുടെ മെത്രാനായും 1954-ൽ ഒരു സ്ഥാനിക ആർച്ചുബിഷപ്പായും ഉയർത്തപ്പെട്ട 18 കൊല്ലക്കാലം പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കായും തിരുവല്ലാരൂപതയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കായും തിരുമേനി നിസ്തുലം പ്രവർത്തിച്ചുപോന്നു എന്നുള്ളതു പരിപൂർണ്ണമായ അർത്ഥത്തിൽ പ്രസ്താവിക്കാവുന്നതാണ്. പമ്പാമുതൽ പൊന്നാനിവരെ നീണ്ടുകിടക്കുന്നതും 6433 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതുമായ തിരുവല്ലാ രൂപതയിൽ തിരുമേനി എത്താത്ത സ്ഥലമോ അവിടുത്തെ നേരിട്ടുള്ള സേവനം സ്വീകരിക്കാത്ത ജനവിഭാഗമോ ഉണ്ടെന്നു തോന്നുന്നില്ല. അവിടുത്തെ ഭരണത്തിൻകീഴുള്ള പുനരൈക്യപ്പെട്ട ജനം മാത്രമല്ല, അവിടുത്തെ സഹോദരങ്ങളായ യാക്കോബായ ഭാഗങ്ങളും മററു ക്രിസ്തീയവിഭാഗങ്ങളും ഇതരമതസ്ഥരും ഒരുപോലെ തിരുമേനിക്കു പ്രേഷ്ഠഭാജനങ്ങളായിരുന്നു. ആർക്കുവേണ്ടിയായിരുന്നാലും ഒരു നന്മ ചെയ്യുന്നതിനുള്ള അവസരം തിരുമേനി നഷ്ടപ്പെടുത്തുകയുണ്ടായിട്ടില്ല എന്നു പറയാവുന്നതാണ്. ജാതിമതഭേദമെന്യേ, കുചേലകുബേരവ്യത്യാസമെന്യേ സകല ജനങ്ങൾക്കും തിരുമേനി എത്ര പ്രിയംകരനായിരുന്നു എന്നു അവിടുത്തെ ഈ വിരഹവർത്തമാനം ശ്രവിച്ചമാത്രയിൽ ഓരോ വ്യക്തികളിലും അനുഭവവേദ്യമായ ഹൃദയത്തുടിപ്പുകൾ വിളിച്ചറിയിക്കുന്നുണ്ട്. അവിടുത്തെ ശവസംസ്കാരവേളയിൽ അന്തിമോപചാരം പ്രകടിപ്പിക്കുന്നതിനു തടിച്ചുകൂടിയ എല്ലാ നിലകളിലും വിഭാഗങ്ങളിലുംപെട്ട വമ്പിച്ച ജനാവലിയുടെ വികാരനിർഭരമായ സാന്നിദ്ധ്യം അതിനു പ്രകടമായൊരു തെളിവായിരുന്നു.

തിരുമനസ്സിലെ പ്രശസ്തമായ സഭാസേവനത്തിന്റെ ഭാസുരലക്ഷ്യങ്ങളായി നിരവധി സ്ഥാപനങ്ങൾ തിരുവല്ലാരൂപതയിൽ അങ്ങോളമിങ്ങോളം നിലകൊള്ളുന്നുണ്ട്. 17000 ത്തോളം വിശ്വാസികളും 77 വൈദികരും 80 ഇടവകപ്പള്ളികളും 25 മിഷൻകേന്ദ്രങ്ങളും അവിടെയുണ്ട്. ജനങ്ങളുടെ ആത്മീയശുശ്രൂഷകൾ സാധിക്കത്തക്കവണ്ണം വൈദികവൃത്തിയിലേക്കുള്ള ദൈവവിളികളെ പരിപോഷിപ്പിക്കുന്നതിനു ഒരു മൈനർ സെമിനാരിയും, സന്യാസജീവിതത്തിനു സൗകര്യം നൽകുന്നതിനു പുരുഷന്മാർക്കും സ്ത്രീകൾക്കും ഓരോ സന്യാസസഭകളും വിദ്യാഭ്യാസപുരോഗതിക്കു സഹായകമായി 7 ഹൈസ്കൂളുകളും 9 മിഡിൽസ്കൂളുകളും 22 പ്രൈമറിസ്കൂളുകളും 1 ട്രെയിനിംഗ്സ്കൂളും 1 വ്യവസായസ്കൂളും മിസ്സത്തിൽനിന്നു നടത്തിപ്പോരുന്നുണ്ട്. ജീവകാരുണ്യപരമായ സ്ഥാപനങ്ങളാണ് 2 അനാഥശാലകൾ. വിജ്ഞാനവികരണത്തിനുള്ള ഒരു മുദ്രാലയവും, ആദ്ധ്യാത്മികവെളിച്ചം പ്രദാനം ചെയ്യുന്ന ഒരു ധ്യാനമന്ദിരവും രൂപതയുടെ മഹത്തായ നേട്ടങ്ങളാണ്. കേവലം ബാല്യകാലാരിഷ്ടതകളിൽ കഴിഞ്ഞുകൂടുന്ന ഒരു രൂപതയിൽ ഇത്രയേറെ സ്ഥാപനങ്ങൾ പ്രശസ്തമായി സമാരംഭിച്ചു നടത്തുകയെന്നതു എത്ര ശ്രമകരമായ ഒരു സേവനത്തിന്റെ ഫലമാണെന്നു ഊഹിക്കുകയാണുത്തമം.

## തിരുമേനിയുടെ വേർപാടു്

കേവലം അപ്രതീക്ഷിതമായിരുന്ന ഒരവസരത്തിലാണ് മാർ സെവേരിയോസ് തിരുമേനി നമ്മിൽനിന്നു വേർപിരിഞ്ഞിരിക്കുന്നതു്. പുനരൈക്യത്തിന്റെ രജതജൂബിലിമഹാമഹം ഉൽഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണല്ലോ. പുനരൈക്യപ്രസ്ഥാനം സമാരംഭിച്ചിട്ടു 25 കൊല്ലം തികയുന്ന ഈ അവസരം നിരവധി ആളുകളെ കത്തോലിക്കാ ഐക്യത്തിലേക്കു സമാകർഷിക്കുന്ന ഒരു കൊയ്ത്തുകാലമാണ്. തിരുമേനി അവിടുത്തെ സഹപ്രവർത്തകരോടുകൂടി ഈ പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അവിടുന്നുതന്നെയായിരുന്നു ജൂബിലിപരിപാടികളുടെ സൂത്രധാരൻ. അവിടുത്തെ അഭാവത്തിൽ ദൈവസ്തുതിക്കുവേണ്ടിയുള്ള പ്രസ്തുത പരിപാടികൾ നിർവ്വിഘ്നം നിർവ്വഹിക്കപ്പെട്ടുമെങ്കിലും അതിന്റെ ശക്തികേന്ദ്രം നിശ്ചലമായതുകൊണ്ടുള്ള ഭാരം സഹപ്രവർത്തകർ വഹിക്കാതെ തരമില്ല. എങ്കിലും തിരുമേനി സമാരംഭിച്ച മഹൽകാര്യങ്ങൾ പൂർവ്വാപരി വിജയപര്യവസായിയാക്കിത്തീർക്കുന്നതിനു സ്വർഗ്ഗത്തിലിരുന്നുകൊണ്ടു് അവിടുന്നു അനുഗ്രഹവർഷം ചെയ്യുമെന്നു സുദൃഢം വിശ്വസിക്കാം.

സഭാമണ്ഡലത്തിൽ അതിപ്രധാനമായ ഒരവസരമാണ് ഐക്യവാരം എന്ന പേരിൽ അറിയപ്പെടുന്ന ഈ ആഴ്ച. മാർ സെവേരിയോസ് തിരുമേനി ക്രിസ്തീയസഭയിലെ എല്ലാ വിഭാഗങ്ങളും മാതൃസഭയായ സത്യൈകകത്തോലിക്കാ തിരുസഭയിൽ പുനരൈക്യപ്പെടുന്നതിനുവേണ്ടി അവിടുത്തെ സർവ്വ പ്രയത്നങ്ങളേയും നിയോജിച്ചിരുന്ന ഒരു ദേഹമാണ്. അവിടുന്നു അതിനുവേണ്ടി അവിടുത്തെ ജീവിതകൃത്യങ്ങളെ മാത്രമല്ല ജീവനെത്തന്നെ കാഴ്ചവെച്ചിരിക്കുന്നുവെന്നു്, അഷ്ടദിനപ്രാർത്ഥനാവാരത്തിന്റെ ആദ്യദിവസത്തിലെ തിരുമനസ്സിലെ ജീവാർപ്പണം നമ്മെ അനുസ്മരിപ്പിക്കുകയാണ്. തിരുമേനിയുടെ നേരെയുള്ള ബഹുവിധ കടപ്പാടുകളാലും സ്നേഹവികാരങ്ങളാലും തുടിക്കുന്ന ഓരോ ഹൃദയവും അവിടുത്തെ ജീവിതദൗത്യത്തെ ഗ്രഹിക്കുന്നതിനും ഹൃദയാഭിലാഷത്തെ നിവർത്തിക്കുന്നതിനും സന്നദ്ധരാവുകയാണെങ്കിൽ ക്രിസ്തുവിന്റെ സ്നേഹമണവാട്ടിയായ സത്യൈകസഭയിൽ ഒന്നിക്കുന്നതിനും ഒരു തൊഴുത്തും ഒരിടയനുമെന്നുള്ള മിശിഹായുടെ തീവ്രമായ അഭിലാഷം നമ്മിൽ പൂർത്തിയാകുന്നതിനു ഇടവരും. ക്രിസ്തുവിന്റെ ധീരസേനാനിയായി ജീവിതധർമ്മം നിർവ്വഹിച്ചു വിടപറഞ്ഞ മാർ സെവേരിയോസ് തിരുമേനിയുടെ സേവനത്തെ സഫലമാക്കുന്നതിനും അവിടുന്നു നേതൃത്വം വഹിച്ച പുനരൈക്യത്തെ വിജയപ്രദമാക്കുന്നതിനും നമുക്കു പരിശ്രമിക്കാം. തിരുമേനിക്കു നാം അർപ്പിക്കുന്ന അന്തിമോപഹാരം ഇതായിരിക്കട്ടെ. അവിടുത്തെ പാവനാത്മാവു നിത്യശാന്തിപ്രാപിക്കുന്നതിനു ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നതോടൊപ്പം വിരഹദുഃഖമനുഭവിക്കുന്ന തിരുവല്ലാ രൂപതയോടു പൊതുവേയും അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായായി നിയമിതനായിരിക്കുന്ന സഹായമെത്രാൻ മാർ അത്തനാസിയോസ് തിരുമേനിയോടും വൈദികരും അത്മായരുമായ എല്ലാ ജനങ്ങളോടും ഹാർദ്ദമായ അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു. R. I. P.

# പ്രസാധകക്കുറിപ്പുകൾ

## പുതിയ പ്രസിഡണ്ടു് സ്ഥാനമേൽക്കുന്നു

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പുതിയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ യു. എൻ. ധേബർ, കോൺഗ്രസ്സിന്റെ 60-ാംവാർഷികസമ്മേളനം നടത്തുന്നതിനു സജ്ജമാക്കിയിരിക്കുന്ന മദ്രാസിനടുത്തുള്ള ആവഡിയിലെ "സത്യമൂർത്തിനഗറി"ൽ ജനുവരി 19-ാംനു സമ്മേളിച്ച എ. ഐ. സി. സി. യോഗത്തിൽവച്ചു മുൻപ്രസിഡന്റു ശ്രീ നെഹ്റുവിൽനിന്നും പ്രസിഡന്റുസ്ഥാനം സ്വീകരിച്ചിരിക്കുന്നു. തുടർന്നു നടന്ന വിഷയനിർണ്ണയക്കമ്മിററിയിൽ പ്രസിഡണ്ടു ശ്രീ ധേബർ നാഷനൽ കോൺഗ്രസ് ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പുതിയ പ്രശ്നങ്ങളെപ്പററിയും, അവയ്ക്കു രൂപം കൊടുക്കേണ്ട ഈ 60-ാം വാർഷിക സമ്മേളനത്തിന്റെ പ്രാധാന്യത്തെപ്പററിയും സംസാരിക്കുകയും എല്ലാവരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

കോൺഗ്രസ്സിന്റെ അടുത്ത ലക്ഷ്യത്തെപ്പററി ശ്രീ ധേബർ 16-ാംതീയതി പത്രപ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ പ്രസ്താവിച്ചതു്, അതു സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹികക്രമം സ്ഥാപിക്കുന്നതിനായിരിക്കണമെന്നാണ്. അദ്ദേഹം പറഞ്ഞു: നമ്മുടെ ചരിത്രത്തിലെ മൂന്നാമത്തേതായ സംരംഭത്തിലേക്കാണ് നാമിന്നു കാലൂന്നുന്നതു്. 1930-ൽ നാം "പൂർണ്ണസ്വരാജ്" ശപഥം ചെയ്തു. പതിനഞ്ചിലധികം കൊല്ലക്കാലം നാമതിനുവേണ്ടി പോരാടി. അതു നേടുകയും ചെയ്തു. 1947 ആഗസ്റ്റ് 15-ാംനു നാം മറെറാരു ശപഥം ചെയ്തു, സ്വാതന്ത്ര്യത്തെ സുദൃഢമാക്കുമെന്നു്. അതും നാം നിറവേററിക്കഴിഞ്ഞു. അടുത്തതാണ് ഏററവും വലിയ പരിശ്രമം, എല്ലാവർക്കും നീതിനൽകുന്ന ഒരു സാമൂഹികക്രമം. ഇതിനെ "കോഓപ്പറേററീവ് കോമൺവെൽത്തെ"ന്നോ, സോഷ്യലിസ്റ്റ്മെന്ന ക്രമമെന്നോ, സർവ്വോദയമെന്നോ എന്തുവിളിച്ചാലുംവേണ്ടതില്ല. വിപ്ലവം എന്ന വാക്കിനെത്തന്നെ ഇന്ത്യാ പരിവർത്തനം ചെയ്തിരിക്കുകയാണു്. കോൺഗ്രസ്സിന്റെ ഉദ്ദേശ്യത്തെ അദ്ദേഹം വിശദീകരിച്ചതു "സ്വന്തം മഹത്വത്തിനനുയോജ്യമായ വിധത്തിൽ സ്വന്തം ആയുധങ്ങളോടുകൂടി, സാമൂഹിക സാമ്പത്തികസമത്വത്തിന്റെ മാർഗ്ഗത്തിലേക്കു മാർച്ചു ചെയ്യുവാൻ ഇന്ത്യ തീരുമാനിച്ചിരിക്കുകയാണ്", എന്നത്രെ. പുതിയ പ്രസിഡണ്ടിന്റെ ഒരു നയപ്രഖ്യാപനമായി ഇതു സ്വീകരിക്കുന്നതിൽ അബദ്ധമില്ലെന്നു വിശ്വസിക്കാം.


* * *

## ലക്ഷ്യപ്രഖ്യാപന പ്രമേയം

എ. ഐ. സി. സി. വിഷയനിർണ്ണയക്കമ്മററിയിൽ ചർച്ചാവിഷയമായ ഏററവും പ്രധാനപ്പെട്ട ഒരു പ്രമേയമാണ് കോൺഗ്രസ്സിന്റെ ലക്ഷ്യപ്രഖ്യാപനം സംബന്ധിച്ചു മൗലാനാ അബ്ദുൾകലാം ആസാദ് ഹാജരാക്കിയതു്. അതിൽ സോഷ്യലിസ്റ്റ്മാതൃകയിലുള്ള ഒരു സാമൂഹികഘടന ഉണ്ടാക്കണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു്. പ്രധാന ഉല്പാദനോപാധികൾ സാമൂഹികഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ആയിരിക്കണമെന്നും, ഉല്പാദനം ക്രമപ്രവൃദ്ധമായി പുരോഗമിപ്പിക്കണമെന്നും, ദേശീയസമ്പത്തു് നീതിയുക്തമായ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടണമെന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായ സോഷ്യലിസ്റ്റിക്ക് മാതൃകയിലുള്ള ഒരു സാമൂഹികഘടന കെട്ടിപ്പടുക്കത്തക്കവിധം ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്നാണ് പ്രമേയത്തിന്റെ ചുരുക്കം.

പ്രമേയത്തെ വിശദീകരിച്ചുകൊണ്ടു ആസാദ് പ്രസ്താവിച്ചു: കോൺഗ്രസ്സ് അതിന്റെ പഴയ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നില്ല. അതുകൊണ്ടാണ് "സോഷ്യലിസ്റ്റിക്ക് മാതൃകയിലുള്ള സാമൂഹികഘടന" എന്നു പ്രമേയത്തിൽ മനഃപൂർവ്വം ഉൾപ്പെടുത്തിയിരിക്കുന്നതു്. സിദ്ധാന്തപരമായി മനസ്സിലാക്കുന്ന അർത്ഥത്തിലുള്ള സോഷ്യലിസമല്ല ഇവിടെ വിവക്ഷിക്കുന്നതു്. നാമൊരു പുതിയ മുദ്രാവാക്യം മുഴക്കുകയാണെന്നു ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ ആ ധാരണ ഉടനെ നീക്കണം. ഈ പ്രമേയംമൂലം കോൺഗ്രസ്സിന്റെ ഭരണഘടനയിൽ മാററംവരുത്തുകയാണെന്നു് ചിലർ വിചാരിക്കുന്നു. അങ്ങിനെയൊരു ചിന്താഗതിയുടെ നിഴൽപോലും ഞങ്ങളുടെ മനസ്സിൽ നിമിഷനേരത്തേക്കെങ്കിലും സ്ഥലംപിടിക്കാൻ ഇടയായിട്ടില്ല. എന്നു ഉറപ്പുപറയുവാൻ ഞാനാഗ്രഹിക്കുന്നു. കോൺഗ്രസ്സിന്റെ ഭരണഘടന ഭദ്രമായി നിലകൊള്ളുന്നു. നാം അനുവർത്തിക്കേണ്ട നടപടിക്രമം അനുസ്മരിപ്പിക്കുകമാത്രമാണ് ഇതു ചെയ്യുന്നതു്. സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമൂഹികക്രമം എന്ന പദപ്രയോഗംകൊണ്ടു് ഏതെങ്കിലും ഒരു പ്രത്യേകസിദ്ധാന്തത്തോടു ബന്ധിതരായിത്തീരുന്നതിനും നാമുദ്ദേശിക്കുന്നില്ല. കോൺഗ്രസ്സ് അപ്പഴപ്പോൾ ആവർത്തിച്ചു പ്രഖ്യാ-

# സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ വജ്റജൂബിലിമഹാമഹം



വരാപ്പുഴ അതിരൂപതവകയായി എറണാകുളത്തു പ്രശസ്തമായ നിലയിൽ നടത്തിപ്പോരുന്ന സെൻറാൽബർട്ട്സ് ഹൈസ്കൂൾ ഈ മാസം 22-ാം തിയതി മുതൽ 31-ാം തിയതിവരെ വിവിധ പരിപാടികളോടുകൂടി അതിൻെറ വജ്റജൂബിലിമഹം കൊണ്ടാടുകയാണു്. ആധുനികവിദ്യാഭ്യാസരീതി വേണ്ടത്ര പ്രചാരത്തിൽ വന്നിട്ടില്ലാത്ത ഒരു കാലത്തു്, ജാതിയുടെയും വർണ്ണത്തിൻെറയും പേരിൽ നിരവധി അസ്വാതന്ത്ര്യങ്ങൾ ഓരോ ജനവിഭാഗവും അനുഭവിച്ചുകൊണ്ടിരുന്ന പരിതസ്ഥിതികളിൽ എല്ലാവർക്കും സുലഭമായ വിദ്യാസമ്പാദനത്തെ ഉദ്ദേശിച്ച്, ഇവിടെ പ്രേഷിതവൃത്തി നടത്തിക്കൊണ്ടിരുന്ന കത്തോലിക്കാ കർമ്മലീത്താ മിഷനറിമാർ 1892-ൽ സ്ഥാപിച്ചതാണ് സെൻറാൽബർട്ട്സ് സ്കൂൾ. 1898-ൽ അവിടെ ഹൈസ്കൂൾക്ലാസുകൾ സമാരബ്ധമായി. 1946-ൽ ഈ സ്ഥാപനം ഒരു കോളേജായി ഉയൎന്നു. ജാതിമതഭേദമെന്യേ കേരളത്തിലെ യുവസമുദായത്തിനു അതിപ്രശസ്തമായ വിദ്യാദാനനിലയമായി, ഉയൎന്നുവരുന്ന എറണാകുളം നഗരത്തിനു് അഭിമാനസ്തംഭമായി അതു വിരാജിക്കുകയാണു്. ഈ മഹാസ്ഥാപനത്തിൻെറ വജ്റജൂബിലി അതിൻെറ പ്രശസ്തിക്കനുഗുണമായ തോതിൽ വിവിധ പരിപാടികളോടുകൂടി ഒരു ജൂബിലിവാരമായി ആചരിക്കുന്നതു ഏററവും സമ്യക്കായിട്ടുണ്ടു്. വിദ്യാഭ്യാസരംഗത്തിൽ കത്തോലിക്കാസഭ അനുവർത്തിച്ചുപോരുന്ന സേവനമനോഭാവത്തെ പൊതുജനത ഒരിക്കൽക്കൂടി ഗ്രഹിക്കുന്നതിനും, വിദേശമിഷനറിമാർ ഇങ്ങുടത്തെ അതീതകാലങ്ങളിൽ നാട്ടുകാരുടെ അഭിവൃദ്ധിക്കുവേണ്ടി എത്ര ദീർഘദൃഷ്ടിയോടുകൂടി പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നനുസ്മരിക്കുന്നതിനും, ജാതിമതഭേദ ചിന്ത കൂടാതെ സാമൂഹികരംഗത്തു സേവനമനുഷ്ഠിക്കുന്നതിൽ കത്തോലിക്കാസഭയുടെ ആദർശമെന്താണെന്നു ബഹുജനങ്ങൾ മനസ്സിലാക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടാതിരിക്കയില്ല. സെൻറാൽബർട്ട്സ് അതിൻെറ പ്രശസ്തമായ പാരമ്പര്യത്തിൽ ജനോപകാരപ്രദമായ പദ്ധതികളെ പുരോഗമിപ്പിച്ചുകൊണ്ടു നീണാൾ വിരാജിക്കട്ടെ.

—ഠ—

പിച്ചിട്ടുള്ള മൗലികസിദ്ധാന്തങ്ങൾക്കനുഗുണമായ ഒരു പദ്ധതി മാത്രമാണീ പ്രമേയം.

* * *

## ശ്രീ നെഹ്റുവിൻെറ റിപ്പോർട്ട്

എ. ഐ. സി. സി. യിൽ ശ്രീ നെഹ്റു സമർപ്പിച്ച 6000 വാക്കുകളടങ്ങിയ ഒരു റിപ്പോർട്ടിൽ ഇന്ത്യയുടെ ദേശീയമായ ലക്ഷ്യത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നതു് ഇന്ത്യയുടെ ദേശീയമായ ലക്ഷ്യം ഒരു ക്ഷേമരാഷ്ട്രവും ഒരു സോഷ്യലിസ്റ്റിക്ക് സാമ്പത്തികക്രമവുമാണെന്നാണു്. സോഷ്യലിസ്റ്റിക്ക മാതൃകയിലുള്ള ഒരു സമുദായം സൃഷ്ടിക്കുകയെന്നുള്ളതു് ഇന്നോവരെയും കോൺഗ്രസ്സിൻെറ ലക്ഷ്യപ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ടിരുന്നു. അതു നാമിപ്പോൾ സുവ്യക്തമാക്കുന്നു എന്നുമാത്രം. നമ്മുടെ പ്ലാനിങ്ങിൻെറ എല്ലാ ഘട്ടങ്ങളിലും ഈ ചിത്രം നമ്മുടെ മനസ്സിലുണ്ടായിരിക്കണം.

അദ്ദേഹം തുടൎന്നു: സോഷ്യലിസത്തിനു പല വ്യാഖ്യാനങ്ങളുമുണ്ടു്. ഖണ്ഡിതമായ ഒരു സമീപനം ആവശ്യമോ അഭിലഷണീയമോ അല്ല. സോഷ്യലിസത്തിൻെറ പേരിൽ മററു രാജ്യങ്ങളിൽ പറയുകയും പ്രവൎത്തിക്കുകയും ചെയ്തിട്ടുള്ളതിനെ ഇവിടെ അനുകരിക്കേണ്ട ആവശ്യമൊന്നുമില്ല. ഇന്ത്യക്കു വളരെ ജീവത്തായ ഒരു വ്യക്തിത്വവും ചരിത്രപശ്ചാത്തലവുമുണ്ടു്. അതിനെ മുൻനിറുത്തിവേണം നാം മുന്നോട്ടു പോകുവാൻ. സ്വാതന്ത്ര്യഭാരതത്തിൻെറ നേട്ടങ്ങളേയും ചുമതലകളേയും അനുസ്മരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു:- ഇന്ത്യക്കു സ്വാതന്ത്ര്യം നേടിത്തരികയും ഒരു ഏകീകരണശക്തിയായി വർത്തിക്കുകയും ചെയ്ത കോൺഗ്രസ്സ് ഈ രാജ്യത്തുണ്ടാകുവാൻപോകുന്ന വ്യാവസായികസാമൂഹിക വിപ്ലവങ്ങളുടെ മുന്നിൽ നില്ക്കുകയും, ഇന്ത്യയുടെ പാരമ്പര്യത്തിനനുഗുണമായ രീതിയിൽ ഏററവുമധികം ജനങ്ങളുടെ സമ്മതത്തോടുകൂടി ജനാധിപത്യപരവും, സമാധാനപരവുമായ മാൎഗ്ഗങ്ങളിൽക്കൂടി ആ വിപ്ലവം കൈവരുത്തുകയും ചെയ്യണം. കോൺഗ്രസ്സ് അതിൻെറ യഥാൎത്ഥ ചുമതലകൾ ശരിയായും സഫലമായും നിർവ്വഹിക്കണമെങ്കിൽ നാം അതിൻെറ ആദർശങ്ങളിൽ വിശ്വാസമുള്ളവരായിരുന്നാൽ മാത്രം പോരാ, നമ്മുടെ പെരുമാററത്തിൽ ഉയൎന്ന ധാൎമ്മികനിലവാരം പുലർത്തുകയും വേണം.

പ്രവർത്തനലക്ഷ്യവും അതു സാധിക്കുന്നതിനുപയോഗിക്കപ്പെടേണ്ട മാൎഗ്ഗങ്ങളും തമ്മിലുള്ള ബന്ധത്തിൽ പാലിക്കപ്പെടേണ്ട ധൎമ്മബോധത്തെപ്പററി അദ്ദേഹം പ്രസ്താവിച്ചതു പ്രത്യേകം ശ്രദ്ധാൎഹമാണു്:- മാൎഗ്ഗം ലക്ഷ്യത്തെ നിയന്ത്രിക്കുന്നുവെന്നും, നല്ല ലക്ഷ്യങ്ങൾക്കുപോലും ചീത്ത മാൎഗ്ഗം ഉപയോഗിക്കരുതെന്നുമുള്ളതായിരുന്നു മഹാത്മാഗാന്ധിയുടെ അടിസ്ഥാനസിദ്ധാന്തം. മാൎഗ്ഗത്തിനു യാതൊരു പ്രാധാന്യവും നൽകാതിരിക്കുന്നതാണു് ലോകത്തിലെ കുഴപ്പങ്ങൾ മിക്കതിനും കാരണം. [illegible] ഇന്ത്യ ഗാന്ധിജിയുടെ മാൎഗ്ഗത്തിലൂടെ അതിൻെറ കഴിവിൻെറ പരമാവധിവരെ സഞ്ചരിച്ചിട്ടുണ്ടു്. മത്സരംകൊണ്ടു പ്രേരിതവും ആപൽഗർത്തത്തിൻെറ വക്കിൽ സ്ഥിതിചെയ്യുന്നതുമായ ലോകത്തിനു അതു ശാന്തിയരുളുന്ന ഒരു സ്വാധീനശക്തിയായിത്തീൎന്നിട്ടുണ്ടു്. ആഭ്യന്തരരംഗത്തും ഇന്ത്യ ഈ മാൎഗ്ഗം പിന്തുടരുവാനാണു ശ്രമിച്ചിട്ടുള്ളതു്. വർഗ്ഗവിഭാഗങ്ങളും സമരങ്ങളുമുണ്ടു്. ഞങ്ങൾക്കനുകൂലമല്ലാത്ത എല്ലാ മാററത്തേയും സ്ഥാപിതതാല്പര്യങ്ങൾ എതിർക്കുകയും ചെയ്യുന്നു. രാഷ്ട്രീയമോ സാമൂഹികമോ ആയ പരിഷ്കാരങ്ങൾ ഈ വിരുദ്ധതാല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിനിടവരുത്തുന്നു. താല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനമുണ്ടാകുമ്പോഴെല്ലാം ജനങ്ങളുടെ പൊതുവായ ക്ഷേമം പരിരക്ഷിക്കപ്പെടണം. എന്നാൽ അതു മററുള്ളവരെ ഉപദ്രവിക്കുകയോ വിദ്വേഷവും അക്രമവും വളർത്തുകയോ ചെയ്യാൻ ഉദ്ദേശിച്ചുള്ളതാകരുതു്.

സഹിഷ്ണുത ഒരു ഗുണം മാത്രമല്ല, ഇന്നത്തെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അതു പ്രായോഗികമായ ഏക സമീപനരീതിയാണു്. സാർവ്വദേശീയരംഗത്തു അതിനെ സഹവർത്തിത്വമെന്നു പറയുന്നു. സഹവർത്തിത്വമെന്നു പറയുന്നതു യുദ്ധത്തിൻെറ അഭാവം മാത്രമല്ല, ഓരോ രാജ്യവും അതിൻെറ സ്വന്തമായ രീതിയിൽ ജീവിക്കുകയും മററുള്ളവരുടെ കാൎയ്യങ്ങളിൽ ഇടപെടാതിരിക്കുകയും ഇതരരാജ്യങ്ങളോടു സൗഹാൎദ്ദത്തിൽ വർത്തിക്കുകയും വേണമെന്നാണതിൻെറ അൎത്ഥം. (ലോകരാഷ്ട്രങ്ങൾ സമാധാനത്തിൽ വർത്തിക്കുന്നതിനു ഏററവും ആവശ്യകവും പ്രായോഗികവുമായ സഹവർത്തിത്വാദർശത്തിൻെറ നാനാവശങ്ങളെ വിശദീകരിച്ചു സ്വീകാൎയ്യമായ ഏകമാൎഗ്ഗമതു— സത്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വമതു— യുക്തിയുക്തം പ്രതിപാദിച്ചു 12-ാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ചിട്ടുള്ള ക്രിസ്തുമസ് സന്ദേശം എല്ലാവരുടെയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണു്. അതിൻെറ ചുരുക്കം കഴിഞ്ഞലക്കം സത്യദീപത്തിൻെറ മുഖപ്രസംഗത്തിൽ പ്രതിപാദിച്ചിരുന്നു.)

* * *

## സ്വകാൎയ്യസംരംഭങ്ങളുടെ നില

ഇന്ത്യയുടെ ദേശീയലക്ഷ്യമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള "ക്ഷേമരാഷ്ട്രവും സോഷ്യലിസ്റ്റ് സാമ്പത്തികക്രമവും" എന്നുള്ള വിഷയത്തെ വിശദീകരിച്ചുകൊണ്ടു് ശ്രീ നെഹ്റു റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതിപ്രകാരമാണു്:- നമ്മുടെ ദേശീയവരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകാതേയും, കൂടുതൽ സാധനങ്ങൾ ഉല്പാദിപ്പിക്കാതെയും, എല്ലാവർക്കും തൊഴിലുണ്ടാകാതേയും ഈ ലക്ഷ്യം സാധിതപ്രായമാവുകയില്ല. നമുക്കു ഉൽപാദനം വർദ്ധിപ്പിക്കുകയും സമ്പൽസമൃദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും വേണം. തുല്യമായ വിതരണം സാദ്ധ്യമാകാനും ചില വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന ഉണ്ടാകാതിരിക്കാനും സൂക്ഷിക്കണം. പൂൎണ്ണമായ ഉല്പാദനത്തിനും പൂൎണ്ണമായ തൊഴിലിനും വഴിയുണ്ടാക്കുന്നതിനെയെല്ലാം പ്രോത്സാഹിപ്പിക്കേണ്ടതാണു്. പക്ഷെ സോഷ്യലിസ്റ്റ് സമുദായമെന്നുള്ള പരമമായ ലക്ഷ്യത്തിൽനിന്നു നമ്മെ അകററിക്കൊണ്ടു പോകാത്തതായിരിക്കണം ആ നടപടികൾ. സോഷ്യലിസ്റ്റ് സാമ്പത്തികക്രമത്തിൽ ഉല്പാദനത്തിൻേറയും വിതരണത്തിൻേറയും ഉപാധികളുടെമേൽ സാമൂഹികമായ നിയന്ത്രണമുണ്ടായിരിക്കുമെന്നു വ്യക്തമാണു്. പൊതുസംരംഭങ്ങൾ വികസിക്കുകയും ചരിത്രത്തിലെ പ്രധാന സ്ഥാനം വഹിക്കുകയും ചെയ്യണമെന്നുള്ളതും വ്യക്തമാണു്. പക്ഷെ ഇന്നത്തെ നിലയിൽ, പൊതുസംരംഭങ്ങളെമാത്രം ആശ്രയിക്കുകയെന്നുവന്നാൽ ഉല്പാദനത്തിനും വികസനത്തിനുമുള്ള അവസരങ്ങൾ നിയന്ത്രിക്കുക എന്നതായിരിക്കും ഫലം. അതുകൊണ്ടു് സ്വകാൎയ്യസംരംഭങ്ങൾക്കും പൂൎണ്ണമായ പ്രവർത്തനസൗകൎയ്യം നൽകണം. ക്രമീകൃതമായ സംവിധാനവുമായി ബന്ധപ്പെട്ടായിരിക്കണം അവയുടെ പ്രവർത്തനം എന്നുമാത്രം. സ്വകാൎയ്യസംരംഭങ്ങൾക്കു എളുപ്പിച്ചുകൊടുക്കാവുന്ന വിപുലമായൊരു പ്രവർത്തനമണ്ഡലമുണ്ടു്. ഇന്നത്തെ സാഹചര്യങ്ങളിൽ സ്വകാൎയ്യസംരംഭങ്ങളുടെ സഹായമില്ലെങ്കിൽ, പൊതുസംരംഭങ്ങൾക്കു ശരിക്കു പ്രവർത്തിക്കുവാൻ കഴിയാതെ വരും.

ഇന്ത്യയുടെ ഏററവും വലിയ പ്രവർത്തനരംഗമായ ഭൂമി മുഖ്യമായും സ്വകാൎയ്യവിഭാഗത്തിൽതന്നെ ആയിരിക്കുന്നതാണു്. ചെറുകിടവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതു് അത്യധികം ആശാസ്യമാണെങ്കിലും ഇത്തരം വ്യവസായങ്ങളും സ്വകാൎയ്യവിഭാഗത്തിൽതന്നെ തുടരുന്നതാണു്. അതുപോലെതന്നെയാണു് മിക്കവാറും എല്ലാ ലഘുവ്യവസായങ്ങളുടെ കാൎയ്യവും. സ്റ്റേററിനു ഭരമേൽക്കാൻ കഴിവില്ലെങ്കിൽ ഏതാനും. വൻകിടവ്യവസായങ്ങളും സ്വകാൎയ്യസംഘങ്ങൾക്കു് വിട്ടുകൊടുക്കുന്നതു സൗകൎയ്യപ്രദമായിരിക്കും. അങ്ങിനെയെങ്കിൽ സ്വകാൎയ്യസംരംഭങ്ങളോടു് ആരോഗ്യകരമായ ഒരു മനോഭാവം ഗവമ്മേണ്ടു് പ്രകടിപ്പിക്കേണ്ടതാണു്. നമ്മുടെ ലക്ഷ്യം ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയാണെന്നു എപ്പോഴും ഓൎമ്മയുണ്ടായിരിക്കേണ്ടതും ഈ ലക്ഷ്യത്തിനു തടസ്സമായി നില്ക്കുന്ന എല്ലാ ശക്തികളേയും നശിപ്പിക്കേണ്ടതുമാണു്. ഈ പ്രശ്നങ്ങളെപ്പററി ചുഴിഞ്ഞു ചിന്തിക്കുവാനും പഴയ മുദ്രാവാക്യങ്ങളുടെ പിന്നാലെ പോകാതിരിക്കാനും മി. നെഹ്റു കോൺഗ്രസ്സുകാരോടാവശ്യപ്പെട്ടു. ലോകം ഇന്നൊരു നിശ്ചിതാവസ്ഥയിലാണെന്നും, വസ്തുതകളെ അവയുടെ ശരിയായ രൂപത്തിൽ അംഗീകരിച്ചാൽ മാത്രമേ ഈ സ്തംഭനത്തിൽനിന്നു മോചനം ലഭിക്കുകയുള്ളുവെന്നും,

സെൻറ് അലോഷ്യസിൻെറ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു് ഉപകാരസ്മരണയും തുടൎന്നുള്ള സഹായത്തിനു അഭ്യൎത്ഥനയും.

ജി. ടി. കെ., പള്ളിപ്പുറം

ഫോട്ടോ

കോളേജുകൾ, സ്കൂളുകൾ മുതലായ പൊതുസ്ഥാപനങ്ങളിലെ വലിയ ഗ്രൂപ്പ് ഫോട്ടോകൾ എടുക്കുന്നതിനു് ചാർജ്ജ് വേണ്ട. യാത്രച്ചിലവും തരേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്കു് ഉടനെ എഴുതുക.

സിററി സ്റ്റുഡിയോ,
ബാനർജി റോഡ്, എറണാകുളം

# വിവിധവൃത്താന്തങ്ങൾ

## യോദ്ധാക്കളുടെ രക്തം പാപ്പായ്ക്കു കൊടുത്തു

ഇററലിക്കാരായ രണ്ടു യോദ്ധാക്കൾ പരിശുദ്ധ മാർപ്പാപ്പായ്ക്കു ശരീരത്തിൽ കയററുന്നതിനു ഓരോ പൈൻറു രക്തം കൊടുക്കുകയുണ്ടായി. ഈ രണ്ടു പട്ടാളക്കാരും സിസിലിക്കാരാണു്. കാർമെലോ ശിസ്സോലിസിയെന്നും സൽവത്തോരെ ആഫ്റിക്കാനോയെന്നുമാണു് അവരുടെ പേരുകൾ. അവരുടെ ഉദാരമനസ്ഥതയെ അഭിനന്ദിച്ചു് റോമൻ സൈന്യമേധാവികൾ ക്രിസ്തുമസ്സു് പ്രമാണിച്ചു് 9 ദിവസത്തെ അവുധി അവർക്കു നൽകി. ശിസ്സോലിസി അവുധിക്കു ചെന്നപ്പോൾ അദ്ദേഹത്തിനു നാട്ടുകാരുടെ ഒരു പ്രത്യേകസ്വീകരണം നൽകപ്പെട്ടു. അദ്ദേഹം കാററാനിയായിലെ മെത്രാപ്പോലീത്തായായ ബൌൻറി വേംഗ്ലിയോ തിരുമേനിയുടെ സന്നിധിയിലേക്കു ആനയിക്കപ്പെടുകയും ചെയ്തു.

## ദെ ഗസ്പാരിയുടെ അഭിലാഷം പൂർത്തിയാക്കി

ഇററലിയുടെ പ്രധാനമന്ത്രിയായി സുദീർഘവും രാജ്യശ്രേയസ്കരവുമായ സേവനമനുഷ്ഠിച്ച സിഞ്ഞോർ അൽചിഡെ ദെ ഗസ്പാരി മരിക്കുന്നതിനുമുമ്പു വിശദമാക്കിയ ഒരു അന്തിമാഭിലാഷമായിരുന്നു, റോക്കാ ഡി പാപ്പാ എന്ന സ്ഥലത്തുള്ള ഒരു പാവപ്പെട്ട ആട്ടിടയനും അയാളുടെ കുടുംബത്തിനും സഹായം ചെയ്യണമെന്നുള്ളതു്. അദ്ദേഹത്തിൻെറ ഭാര്യ അതു നിറവേററിയിരിക്കുന്നു. ഇടയനും കുടുംബത്തിനും താമസിക്കുന്നതിനു പുതിയ ഒരു വീടു പണുതുകൊടുത്തിട്ടുണ്ടു്.

---

കുഴപ്പം സൃഷ്ടിക്കാൻമാത്രം കഴിയുന്നതും ഇന്നു യാതൊരു പ്രസക്തിയില്ലാത്തതുമായ ഒരു മദ്ധ്യകാലയുഗത്തിൻെറ പേരിലാണു് വർഗ്ഗീയസംഘടനകൾ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതെന്നും, പി. എസ്. പി. യുടെ നല്ലകാലമെല്ലാം ഒടുങ്ങി നാശത്തിലേക്കു അതു വഴുതി വീഴുകയാണെന്നും, മററുള്ളവരിൽനിന്നും കേട്ടതോ വല്ലിടത്തും വായിച്ചറിഞ്ഞതോ ആയ കാര്യങ്ങളെ ആവർത്തിക്കുവാൻ മാത്രമേ കമ്മ്യൂണിസ്റ്റു് പാർട്ടിക്കു് കഴിഞ്ഞിട്ടുള്ളുവെന്നും അദ്ദേഹം വിശദമാക്കി. അതുകൊണ്ടു കോൺഗ്രസ്സിനു അതിൻെറ മഹത്തായ കൃത്യങ്ങൾ നിറവേററത്തക്കവണ്ണം കോൺഗ്രസ്സുകാർ ഉന്നതങ്ങളായ ധാർമ്മികനിലവാരങ്ങൾ കാത്തു സൂക്ഷിക്കുന്നതിനു ശ്രീ നെഹ്റു ഉൽബോധിപ്പിക്കുകയാണുണ്ടായതു്. ഇപ്രകാരം ഇന്ത്യയുടെ പാരമ്പര്യത്തിനനുഗുണവും ആധുനികപുരോഗതിക്കത്യന്താപേക്ഷിതവുമായ ഒരു സാമൂഹികക്രമമാണു് ഈ പുതിയ അദ്ധ്യായം വിഭാവനം ചെയ്തിരിക്കുന്നതു് എന്നു പറയാം.

## അടുത്തയാഴ്ചയിൽ

ജനുവരി

27 വ്യാ: വി ക്രിസോസ്തോം
28 വെ: വി വലേരിയൂസ്
29 ശ: വി. ഫ്റാൻസിസ് സാലെസ്
30 ഞാ: ദെനഹാ 4-ാം ഞായർ വി. മെർച്ചിയാൻ
31 തി: വി ജോൺബോസ്കോ

ഫെബ്രുവരി

1 ചൊ: വി. ഇഗ്നേഷ്യസ്
2 ബു: പ. ക. മറിയത്തിൻെറ ശുദ്ധീകരണം

## തൊഴിലാളി വൈദികരുടെ വികാരി ജനറാൾ

പുനസ്സംഘടിപ്പിക്കപ്പെട്ട തൊഴിലാളിവൈദികരുടെ വികാരി ജനറാളായി ട്രീഗ്നാക്കിലെ വികാരിയായ ഫാദർ വിനാററിയെ കർദ്ദിനാൾ ലീനർട്ടു തിരുമനസ്സുകൊണ്ടു നിയമിച്ചിരിക്കുന്നു. ഫാദർ വിനാററിയെ ഫ്റാൻസിൻെറ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന അദ്ദേഹത്തിൻെറ ഇടവകയിൽ ജോലിചെയ്യുകയായിരുന്നു. അദ്ദേഹത്തിനു 37 വയസ്സു പ്രായമുണ്ടു്. രണ്ടാംലോകമഹായുദ്ധത്തിൽ അദ്ദേഹം തടവുകാരനാക്കപ്പെടുകയും ജർമ്മനിയിൽ പാർപ്പിക്കയും ചെയ്തിരുന്നു. ക്രിസ്തീയ വിശ്വാസം നശിക്കുന്നതിനു പ്രേരകങ്ങളായ കാരണങ്ങളെപ്പററി പഠിക്കുന്നതിലാണു് അദ്ദേഹം കാരാഗൃഹവിമുക്തനായശേഷം തൻെറ സമയം ചിലവഴിച്ചുകൊണ്ടിരുന്നതു്. തൊഴിലാളിവൈദികരെ പരിശീലിപ്പിക്കുന്ന കേന്ദ്രമായ പോൺടിഗ്നി എന്ന സ്ഥലത്തായിരിക്കും മേലിൽ അദ്ദേഹം താമസിക്കുന്നതു്.

## ഫൊർമോസായിലെ ജാതിത്തലവൻ ജ്ഞാനസ്നാനം സ്വീകരിച്ചു

ഫൊർമോസായിലെ ഏററവും കൂടുതൽ ജനവാസമുള്ള ഭാഗമാണു സൺമൂൺ ലേക്കു് എന്നറിയപ്പെടുന്നതു്. ദ്വീപിലെ ഏററവും പ്രബലമായ ജാതിയുടെ തലവൻ ലോർഡു് മാവോയുടെ ആസ്ഥാനവും അതാണു്. ലോർഡു് മാവോയും, ലേഡി മാവോയും, രണ്ടു രാജകുമാരിമാരും, 20 ജാതിപ്രമാണികളും ഈയിടെ റിബേരി മെത്രാപ്പോലിത്തായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കരായിരിക്കുന്നു. റിബേരിമെത്രാപ്പോലീത്താ ചൈനയിലെ പേപ്പൽ ഇൻറർനൺസിയോ ആയിരുന്നു. അദ്ദേഹത്തെ ചൈനീസ് കമ്മ്യൂണിസ്റ്റുകാർ നാടുകടത്തിയതുകൊണ്ടു ഇപ്പോൾ തിരുമേനി ഫൊർമോസായിൽ താമസമാണു്. ഫൊർമോസായിലെ പ്രബലന്മാരായ ആദിനിവാസിജാതിക്കാർ എല്ലാം ദേശസഞ്ചാരികൾക്കും സുപരിചിതരാണു്.



## അഭയാർത്ഥിഭവനങ്ങൾ സന്നദ്ധഭടന്മാർ നിർമ്മിക്കുന്നു

പശ്ചിമജർമ്മനിയിൽ അഭയാർത്ഥികൾക്കുവേണ്ടി ഭവനങ്ങളും ആരാധനാസ്ഥലങ്ങളും പണിയുന്നതിനായി ഒരു ബൽജിയൻ നോർബർട്ടയിൻ വൈദികനായ ഫാദർ വെറൻഫ്റിഡ് വാൻ സ്ട്രാററൻ അവർകളുടെ നിർദ്ദേശമനുസരിച്ചു ജർമ്മൻകാരും വിദേശികളുമായ സന്നദ്ധഭടന്മാർ 1953-ൽ ഒന്നരലക്ഷം മണിക്കൂർ ജോലിചെയ്തിരിക്കുന്നു. 12 രാജ്യങ്ങളിൽനിന്നുള്ള ആളുകൾ ഇതിൽ സഹകരിച്ചിട്ടുണ്ടു്.

## കർദ്ദിനാൾ വിഷിൻസ്കിയുടെ ആലസ്യം വർദ്ധിക്കുന്നു

രണ്ടുകൊല്ലംമുമ്പു കമ്മ്യൂണിസ്റ്റുകൾ അറസ്റ്റു ചെയ്തു തടവിൽ പാർപ്പിച്ചിരിക്കുന്ന പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കിയുടെ ആരോഗ്യസ്ഥിതി ആശങ്കാജനകമായിരിക്കുന്നുവെന്നും അവിടുത്തെ ജീവനെ രക്ഷിക്കുന്നതിനു അതിഗൗരവമായ ഒരു ശസ്ത്രക്രിയ നടത്തേണ്ടിവന്നേക്കുമെന്നും സ്വതന്ത്ര്യയൂറോപ്പു് റേഡിയോ അറിയിച്ചിരിക്കുന്നു.

## വിവാഹ വാർത്തകൾ

**എറണാകുളം:** സ്ഥലത്തു് നമ്പ്യാപറമ്പിൽ ശ്രീ ജോസഫ് അവർകളുടെ പുത്രി റോസിയും, ആലുവായിൽ തെപ്പറമ്പിൽ ശ്രീ അഗസ്റ്റിൻ അവർകളുടെ പുത്രൻ ഫ്റാൻസിസും തമ്മിലുള്ള വിവാഹം ജനുവരി 19-ാം നു സെൻറു് ഫ്റാൻസിസു് ദേവാലയത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**മലയാററൂർ:** തായിൽ ആലങ്ങാട്ടുകാരൻ ശ്രീ സ്റ്റീഫൻ അവർകളുടെ മകൻ വിൻസൻറും, തൃപ്പൂണിത്തുറ വിളങ്ങാട്ടിൽ ശ്രീ കുര്യാക്കോ അവർകളുടെ പുത്രി മേരിയും തമ്മിലുള്ള വിവാഹം മലയാററൂർ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. വധുവിൻെറ പിതൃസഹോദരൻ റവ. ഫാദർ ജോസഫ് വിളങ്ങാട്ടിൽ ബി. എ., ബി. ടി. അവർകൾ വിവാഹം ആശീർവ്വദിച്ചു

**ഉദയംപേരൂർ:** ഈ പള്ളി ഇടവക മനയത്തു മാണിയ്ക്കനാംപറമ്പിൽ വർക്കി ആൻറണിയും, വല്ലകംപള്ളി ഇടവക കുഴുപ്പള്ളിയിൽ ജോസഫ് ത്രേസ്യായും തമ്മിലുള്ള വിവാഹം ജനുവരി 12-ാം നു റവ. ഫാദർ ജോർജ്ജ് മാണിയ്ക്കനാംപറമ്പിൽ അവർകളുടെ കാർമ്മികത്വത്തിൽ ഇവിടെ വച്ചു സമംഗളം നടന്നു.

## നിര്യാതനായി

തിരു-കൊച്ചിപബ്ലിക്കു സർവ്വീസ് കമ്മീഷൻമെമ്പർ ശ്രീ ആർ. വി. തോമസ് ജനുവരി 22-ാം നു-വൈകിട്ടു 9-45നു ഹൃദയസ്തംഭനംമൂലം നിര്യാതനായി. തിങ്കളാഴ്ച രാവിലെ ഉള്ളാലം പുത്തൻപള്ളിയിൽവച്ചു ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

## ചരമവാർത്തകൾ

**മോനിപ്പിള്ളി:** മോൺ: സ്റ്റീഫൻ ഊരാളിൽ അവർകളുടെ പിതൃസഹോദരൻ ഊരാളിൽ ചാക്കോ എന്നയാൾ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ ജനുവരി 14-ാം നു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു ശവസംസ്കാരം സ്ഥലം തിരുഹൃദയപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.


**ബസ്ലഹം:** സ്ഥലത്തെ വാമററത്തിൽ കുടുംബത്തിലെ നായിക ശ്രീമതി ഏലിശ്വാ ജനുവരി 21-ാം നു 56-ാംമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം റാസ മുതലായ തിരുക്കർമ്മങ്ങൾക്കുശേഷം പരേതയുടെ ഭർത്തൃസഹോദരപുത്രനായ ഫാ. ജോൺ തയ്യിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല വൈദികരുടേയും വമ്പിച്ച ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിലും പള്ളിയകത്തു് സംസ്കരിക്കപ്പെട്ടു. വാഴക്കുളം കൊവേന്ത പ്രിയോർ വെരി റവ. ഫാദർ സിപ്രിയാൻ ടി. ഒ. സി. ഡി ചരമപ്രസംഗം നടത്തി.

**വരാപ്പുഴ:** സ്ഥലത്തെ പോസ്റ്റുമാസ്റ്ററായ ശ്രീ ജോസഫ് തളിയത്തു ഹൃദയരോഗം നിമിത്തം ജനുവരി 18-ാം നു 29-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു ശവസംസ്കാരകർമ്മം പരേതൻെറ പിതൃസഹോദരനായ വെരി റവ. ഫാദർ തോമസ് തളിയത്തിൻെറ പ്രധാന കാർമ്മികത്വത്തിൽ സെൻറു് തോമസ് സിമത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു. നാനാജാതിമതസ്ഥരടങ്ങിയ വലിയൊരു ജനക്കൂട്ടം സംസ്കാരച്ചടങ്ങിൽ സംബന്ധിച്ചു സാധുക്കൾക്കു് അന്നദാനവും, പണദാനവുമുണ്ടായിരുന്നു.

**ഈസ്റ്റ് എളേരി.** സൗത്തു കാനറായിൽ ഈസ്റ്റ് എളേരി ഗ്രാമത്തിൽ തോമാപുരം ഇടവകയിൽപ്പെട്ട അടിച്ചിലാമ്മാക്കൽ തോമസ് 68-ാമത്തെ വയസ്സിൽ സ്വവസതിയിൽവച്ചു് വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ജനുവരി 10-ാം നു തിങ്കളാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മങ്ങൾ റവ. ഫാദർ കൊച്ചിഞ്ഞോ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും ബന്ധുമിത്രാദികളടങ്ങിയ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും പിറേറദിവസം നടത്തപ്പെട്ടു.

R. I. P.

## ശരീരാവശിഷ്ടം തേവര സംസ്കരിക്കപ്പെട്ടു



പൂനായിൽ പട്ടാളത്താവളത്തിൽ ആത്മീയസേവനം അനുഷ്ഠിച്ചുവരവെ 1951 ജനുവരി 21-ാം തിയതി ഹൃദ്രോഗംമൂലം അകാലമരണമടഞ്ഞ റവ. ഫാദർ എവുജിൻ ടി. ഒ. സി. ഡി (മഞ്ഞുരാൻ) അവർകളുടെ ഭൗതികാവശിഷ്ടങ്ങൾ പൂനായിൽനിന്നു കൊണ്ടുവന്നു തേവര ആശ്രമദേവാലയത്തിൽ സംസ്കരിച്ചിരിക്കുന്നു. നൂറിൽപരം വൈദികരുടെ സഹകരണത്തിൽ പ്രിയോർ ജനറാൽ അവർകളാണു് പ്രസ്തുത കർമ്മങ്ങൾ നിർവ്വഹിച്ചതു്. പരേതൻെറ 4-ാംവാർഷികദിനവും ഈ അവസരത്തിൽ ആചരിക്കപ്പെട്ടു. R. I. P.

## കൈപ്പററി

Saint Jos Casting Industries, Palarivattam Junction, Ernakulam-1 വകയും, Swathanthra Pharmacy (Regd) H. O. Chalakudi വകയും 1955-ലെ കലണ്ടറുകൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

## വിയററ്നാമിലെ അക്രമങ്ങൾ

കമ്മ്യൂണിസ്റ്റുകളുടെ അധീനതയിലുള്ള ഉത്തരവിയററ്നാമിൽനിന്നു സ്വതന്ത്രമേഖലയായ ദക്ഷിണവിയററ്നാമിലേക്കു കടന്നുപോകുവാൻ ശ്രമിക്കുന്ന കത്തോലിക്കരോടു് വിയററ്മിൻ കമ്മ്യൂണിസ്റ്റുകൾ അതിഭയങ്കരമായ അക്രമപ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നു. അമേരിക്കൻ എൽ. സി. ഡബ്ളിയു. സി. വർത്തമാനവിതരണ ഏജൻസിയുടെ വിദൂരപൂർവ്വദേശലേഖകനായ ഫാദർ പാട്രിക്കു ഒക്കോണർ അത്തരം പല സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്നുണ്ടു്.



## ചെറുകഥ

# കല്യാണം നടന്നില്ല

(എം. വി. ജോസഫ്, സാഹിത്യവിശാരദ്, മമ്പക്കുളം)

സുദീർഘമായ അന്നത്തെ യാത്രകഴിഞ്ഞു് വക്കിച്ചേട്ടനും "കൊത്തൻ" കുഞ്ഞാക്കോയും മടങ്ങുകയാണു്. വഴിയരികിൽ, മുററത്തുള്ള തെങ്ങിൽ. പഴയ മാമ്പലകയിൽ ചുണ്ണാമ്പുകൊണ്ടു് എഴുതിയിട്ടുള്ള ഒരു ബോർഡു തൂങ്ങുന്ന ആ മദ്യാലയം അവരെ സ്വാഗതം ചെയ്തു. അവിടെ എത്തിയപ്പോൾ അവരുടെ കാലുകൾ അവരറിയാതെതന്നെ മന്ദചാരികളായി. അവർക്കാരു വല്ലായ്മ—ക്ഷീണം—തളർച്ച. തനിക്കുവേണ്ടി ബദ്ധപ്പെട്ടു് കാര്യമെല്ലാം വിജയപ്രദമാക്കിയ കുഞ്ഞാക്കോയെ ഒന്നു സല്ക്കരിച്ചില്ലെങ്കിൽ നാണക്കേടല്ലേ എന്നു വക്കിച്ചേട്ടൻ വിചാരിച്ചു "വാ കുഞ്ഞാക്കോ. നമുക്കങ്ങോട്ടൊന്നു കേറാം" കുഞ്ഞാക്കോ അതു കേൾക്കാനിരുന്നു. രണ്ടുപേരും ഹൃദയം കുളിർക്കെ കുടിച്ചു

ദിനരാഖിന്നനായ പകലവൻ പശ്ചിമപയോധിയെ പ്രാപിക്കാറായി. കുഞ്ഞാക്കോ യാത്രപറഞ്ഞു തന്റെ വീടിനെ ലക്ഷ്യമാക്കി നടകൊണ്ടു. വക്കിച്ചേട്ടൻ സ്വന്തം വീട്ടിലേക്കും. തന്റെ മകൾ "മറിയപ്പെണ്ണി"ന്റെ വിഷമപ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കാറായതോർത്തപ്പോൾ ആ "ചെംകണ്ണൻ" വക്കിച്ചേട്ടന്റെ ശ്മശ്രുപൂർണ്ണമായ വൃദ്ധമുഖത്തു് ഒരു ദുഷ്ടഹാസം കളിയാടി. വീട്ടിലെത്തി, തിണ്ണയിൽകണ്ട കുരണ്ടിപ്പുറത്തു കയറി ഇരിപ്പായി. ഭാര്യ അന്നച്ചേടത്തി—54 വയസ്സ്—കാപ്പി കൊണ്ടുവന്നെങ്കിലും വക്കിച്ചേട്ടനതു വേണ്ടിവന്നില്ല. ജിജ്ഞാസുവായി അന്നച്ചേടത്തി ചോദിച്ചു:

"പോയകാര്യമെന്തായി?"

വക്കി:- "അതൊക്കെ ഏറെക്കുറെ ഉറപ്പിച്ചിട്ടാ ഞങ്ങൾ പോന്നതു്. അടുത്ത വ്യാഴാഴ്ച പെണ്ണിനെക്കാണാനും മനസ്സു ചോദിക്കാനുംകൂടി വരും."

അന്ന:- "പെണ്ണിനെക്കാണാനാണോ ഉറപ്പിച്ചതു്?"

വക്കി:- "നിനക്കിതു വല്ലതുമറിയാമോ. കൂടെവന്നതാരാന്നാക്കണം. "കൊത്തൻ" കുഞ്ഞാക്കോയെ നീ അറിയത്തില്ല. അവനുണ്ടായിരുന്നതുകൊണ്ടു കാര്യമൊക്കെ പാറി."

അന്ന:- "സ്ത്രീധനത്തുകയെത്രയാ?"

വക്കി:- "അഞ്ഞൂറുരൂപയും രണ്ടുപവന്റെ ആഭരണവും കൊടുക്കണം. കുഞ്ഞാക്കോയുടെ സാമർത്ഥ്യംകൊണ്ടാ അവരതിനു സമ്മതിച്ചതു്."

അന്ന:- "കർത്താവേ, ഇപ്പോഴത്തെ സ്ത്രീധനം! പാവങ്ങളെങ്ങനെ പെമ്പിള്ളേരെ കെട്ടിക്കും? നമ്മളെങ്ങനാ ഇതെല്ലാമുണ്ടാക്കുന്നതു്?"

വക്കി:- "അതൊക്കെ ഒരുവിധമുണ്ടാക്കിത്തരാം. ആ കരയിൽ താമസിച്ചാൽതന്നെ മനുഷേക്ക ബുദ്ധിമുട്ടില്ല. ചെറുക്കനെക്കണ്ടാലൊരു കുറവുമില്ല. താമസിക്കാൻ പുരയിടമുണ്ടു്. നല്ല ദേഹണ്ണമുണ്ടു്. നല്ല ജോലിക്കാരനുമാ. പിന്നെ, രണ്ടാംകെട്ടാണെന്നുമാത്രം ഉണ്ടു്."

അന്ന:- "കൊള്ളാം. ഇതിനാണോ പോയതു്? എന്തായാലും എന്റെ പെണ്ണിനെ രണ്ടാംകെട്ടുകാരനെക്കൊണ്ടു കെട്ടിക്കണ്ട. അവക്കു ഇരുപത്താറുവയസ്സേ ആയൊള്ളു. എന്റെ ആങ്ങളമാരു വിചാരിച്ചാലും ഒരു ചെറുക്കനെയുണ്ടാക്കും. അവളെക്കണ്ടാലെത്ര വലിയ കുറവൊന്നും ആരും പറയുകേല."

വക്കി:- നിന്റെ ആങ്ങളമാരു്, അവന്മാരൊക്കെ ഇത്രയും നാളായല്ലോ, എവിടെപ്പോയി കിടക്കുന്നു. ഇക്കാലത്തൊരു ചെറുക്കനെ ഒത്തുകിട്ടാനെന്തു പാടാണെന്നു നിനക്കറിയാമോടി? അതും ഇങ്ങനെയുള്ള ചുററുപാടിൽ. രണ്ടാംകെട്ടുകാരനാണെന്നു് അവനെക്കണ്ടാൽ ഒരുത്തരും പറയുകേല വയസ്സു ഇരുപത്തഞ്ചേയുള്ളു. മറിയപ്പെണ്ണിനിരുപത്തിമൂന്നെന്നു ഞാൻ പറഞ്ഞിരിക്കുന്നതു്. കിള്ളിപ്പാലിരിക്കുന്ന ഒരാണൊച്ചേ അവനു മുമ്പലത്തെ കെട്ടിലൊള്ളു."

അന്ന:- "എന്റെ ദൈവമേ! എനിക്കൊന്നും കേക്കണ്ടാ. ഒരു കൊച്ചുമൊണ്ടോ. നിങ്ങളെക്കൊണ്ടാ പാറി. ഈ വട്ടത്തങ്ങാനും രണ്ടാംകെട്ടുകാര ചെറുക്കന്മാരെക്കൊണ്ടാണോ പെമ്പിള്ളേരെ കെട്ടിച്ചതു്. ഇതിൽക്കൂടുതൽ അവമാനക്കേടെന്തുണ്ടു്!"

വക്കിച്ചേട്ടന്റെ പ്രകൃതമെല്ലാം മാറി. പതിവായി ഇങ്ങിനെ കുടിക്കുന്ന ശീലമുണ്ടു്. അന്നാണെങ്കിൽ കുറച്ചു കൂടുതലുമായിരിക്കയാണു്. തന്റെ അഭിപ്രായങ്ങൾക്കു ഭാര്യ വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ തനിക്കു സുപരിചിതങ്ങളായ അസഭ്യവാക്കുകളുടെ ഒരു പട്ടിക അന്നച്ചേടത്തിയുടെമേൽ വർഷിക്കുകയായി. അതിന്റെ മൂർദ്ധന്യാവസ്ഥയിൽ ഒരു വടിയുമായി വക്കിച്ചേട്ടൻ ചാടിക്കഴിഞ്ഞു. അന്നച്ചേടത്തിയുടെനേരെ ഒരു വ്യാഘ്രത്തെപ്പോലെ. ഇതെല്ലാം ഒളിച്ചിരുന്നു ശ്രവിക്കയായിരുന്നു മറിയപ്പെണ്ണു്. ഭാവിയെയോർത്തു, ചിന്താവിഹായസ്സിൽ സഞ്ചരിച്ചുകൊണ്ടിരുന്ന തന്റെ മനസ്സിനെ പിൻവലിച്ചു് മാതാവിന്റെ രക്ഷയെക്കരുതി അവൾ ഇടയ്ക്കു ചാടിവീണു. പുറകേ കൂട്ടക്കരച്ചിലോടുകൂടി ഇളയനാലനുജത്തിമാരും—മാതാപിതാക്കളുടെ ചുമതലയുടെ മേലുള്ള ആ അഞ്ചു ചോദ്യചിഹ്നങ്ങൾ. അങ്ങനെ അന്നച്ചേടത്തിയെ പ്രഹരപീഡനത്തിൽനിന്നും രക്ഷപെടുത്തിയെന്നു പറയാം. വാഗ്സമരം തുടരാൻ അന്നച്ചേടത്തിക്കു ധൈര്യം വന്നില്ല. എങ്കിലും ചിലതെല്ലാം പിറുപിറുക്കുന്നുണ്ടു്. അമ്മയെക്കാൾ പൊക്കംകൂടിയ ആ പെൺമക്കൾ വന്നു വാ പൊത്തുന്നു. വിജയശ്രീലാളിതനായ വക്കിച്ചേട്ടൻ തന്റെ പൂർവ്വസ്ഥാനത്തുതന്നെ ഇരിപ്പായി. ഉച്ചത്തിൽ "മറിയപ്പെണ്ണേ"യെന്നു് ഒരു വിളി. അവൾ പെട്ടെന്നു തിണ്ണയിൽ ഹാജരായി

വക്കി:- ഞങ്ങളൊറപ്പിച്ചോണ്ടുവന്ന കല്യാണക്കാര്യത്തെപ്പററി നീ കേട്ടോടി?"

മറിയ:- (സാവധാനത്തിലും വിഷമത്തിലും) "കേട്ടു."

വക്കി:- നിനക്കതു നടത്തുന്നതിഷ്ടമാണോ അല്ലയോ?"

മറിയ:- (കുറെ ആലോചിച്ചിട്ടു്) "അച്ചായനിഷ്ടമാണെങ്കിൽ... ..."

വക്കി:- "എന്നാൽ അടുത്ത വ്യാഴാഴ്ച മനസ്സുചോദിക്കാനവരു വരും. എല്ലാംകാര്യവും ഭംഗിയായിരിക്കണം കേട്ടോ, ഞാൻ പറഞ്ഞിരിക്കുന്നു." വക്കിച്ചേട്ടൻ അവിടെനിന്നും ഇറങ്ങിപ്പോയി. അധികം ഇരുട്ടിയിട്ടാണു അയാൾ തിരിച്ചുവന്നതു്.

അന്നച്ചേടത്തിക്കു പലതും ഭർത്താവിനോടു പറയാനുണ്ടായിരുന്നു. അതെല്ലാം പറയാൻ സാധിക്കാതെ പോയതിൽ അവർക്കൊരു വലിയ നിരാശ. കുറേയെങ്കിലും തന്റെ മക്കളോടു പറയാമെന്നു തീർച്ചപ്പെടുത്തി മറിയപ്പെണ്ണു് തെക്കേമുറിയിൽപ്പോയി ഏകാന്തചിന്തയിൽ കഴിഞ്ഞുകൂടുന്നു. അമ്മയും മററു മക്കളുംകൂടി വടക്കേ മുററത്തിരിക്കയാണു്. രണ്ടാമത്തെ മകൾ മാമ്മി പറഞ്ഞു: "അമ്മയെന്തിനാ ഈ വഴക്കിനൊക്കെ പോകുന്നതു്. കുറേ ക്ഷമിക്കരുതോ?"

അന്ന:- (കരഞ്ഞുകൊണ്ടു്) "എങ്ങനെ ക്ഷമിക്കാനാടീ? നിങ്ങടെ അപ്പൻ കുടിച്ചുമുടിച്ചില്ലായിരുന്നെങ്കിൽ ഇങ്ങനെയുള്ള വിഷമമൊന്നും ഈ കുടുമ്മത്തിൽ വരത്തില്ലായിരുന്നു. മീൻകച്ചോടം ചെയ്തു ചില്ലറക്കാശല്ല കിട്ടിയതു്. അതെല്ലാം തിന്നു. ഒടുവിൽ നമ്മുടെ വസ്തുവും ഇപ്പോൾ പണയത്തിലായെന്നു പറയുന്നുകേട്ടു"

മാമ്മി:- "നമ്മളെന്തു ചെയ്യും. എല്ലാം സഹിക്കാം. ഉപദേശിക്കാൻ ചെന്നാൽ തല്ലുകൊണ്ടു ചാകാം അല്ലാതെ ഫലം വല്ലതുമുണ്ടോ?"

അന്ന:- "എന്നെ ഇവിടെ കെട്ടിച്ചതു അക്കാലത്തു നാലായിരം ചക്രമാണു. പിന്നെ കുണുക്കും. മറിയപ്പെണ്ണിനെ പെററുകഴിഞ്ഞു പോന്നപ്പോൾ, പത്തായംപോലെയുള്ള ഒരു പെട്ടി, കുഞ്ഞിനു മാല ഇതെല്ലാം തന്നയച്ചു എന്തിനു്, എല്ലാം മുടിച്ചു"

മാമ്മി:- "അമ്മേ, ഇനി അച്ചായൻ വന്നാൽ ദൈവത്തെയോർത്തു് ഒന്നും പിണങ്ങിപ്പറയരുതു്. ചേച്ചിക്കതായിരിക്കും വിധി അതു നടക്കട്ടെ ചുററുപാടൊക്കെ തരക്കേടില്ലെന്നല്ലേ പറഞ്ഞതു്?"

(തുടരും)

---

### 4-ാം ചരമവാർഷികം



പാറാശ്ശേൽ ഔസേപ്പു ഭാര്യ ഏലിശാ (ഞാറയ്ക്കൽ)
ജനനം: 21—3—1884
മരണം: 30—1—1951
"കർത്താവേ, ഇവർക്കു നിത്യാശ്വാസം കൊടുത്തരുളേണമേ."

R. I. P.

By her beloved children

---

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

VI

### യുവതികളും ശ്രദ്ധിക്കണം

തങ്ങളുടെ ഭാവിഭർത്താക്കന്മാരെ തെരഞ്ഞെടുക്കുമ്പോൾ യുവതികളും പ്രത്യേകം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ടു്. വൈവാഹികജീവിതത്തിന്റെ വിജയം സ്ത്രീയെ മാത്രമല്ല പുരുഷനെക്കൂടെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. നേത്രവസ്ത്രങ്ങളും ആകർഷണീയങ്ങളായ വാക്കുകളും വശ്യശക്തിയുള്ള നോട്ടവും മാത്രം ഉത്തമയായ ഭാര്യയുടെ ലക്ഷണങ്ങളായി എണ്ണുവാൻ പാടില്ലാത്തതുപോലെതന്നെ, പൊതുജനസമ്മതിമാത്രം ഉത്തമനായ ഭർത്താവിന്റെ ലക്ഷണമായി കണക്കാക്കാൻ പാടില്ല കനത്തമനം പണം ചെലവുചെയ്തു നിഷ്പ്രയാസം ഒരുവനു പൊതുജനസമ്മതം ആർജ്ജിക്കാൻ സാധിച്ചേക്കാം. കുടുംബകാര്യമുപേക്ഷിച്ച് പൊതുകാര്യങ്ങളിൽമാത്രം വ്യാപരിച്ചുകൊണ്ടും ഒരുവനു പക്ഷേ ജനഗണനസമ്പാദിക്കുവാൻ സാധിച്ചേക്കാം. സ്വകാര്യം മറന്നു് മററുള്ളവരുടെ ദൃഷ്യവശങ്ങളെ മറച്ചു്, സ്തുതിപാഠകനായി വർത്തിച്ചാൽ ചിലർക്കു് "ചിപ്പ്പോപ്പുലാരിററി" നേടാൻ കഴിഞ്ഞേക്കും. ജനതാമദ്ധ്യത്തിൽ സർവ്വസമ്മതനായ ഒരുവൻ ചിലപ്പോൾ കുടുംബവലയത്തിൽ ഒട്ടും സമ്മതനായിരിക്കയില്ല അവന്റെ രഹസ്യജീവിതമാരാഞ്ഞു കണ്ടുപിടിച്ചാൽ. ചിലപ്പോൾ അവൻ ഒരു കുടുംബദ്രോഹിയായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക. പേരിനും പെരുമയ്ക്കുംവേണ്ടി എത്രയെത്ര യുവാക്കന്മാർ തങ്ങളുടെ കുടുംബസ്വത്തു് ധൂർത്തടിക്കുന്നു. പൊതുകാര്യപ്രസക്തനായ ഒരുവൻ, കുടുംബകാര്യം വെലിയപ്പിക്കേണ്ടിവരുന്നതുകൊണ്ടു് പലപ്പോഴും കുടുംബത്തിലെ സമാധാനത്തിനും പുരോഗതിക്കും വിലങ്ങുതടിയായി രൂപാന്തരപ്പെടുന്നു. കുടുംബസ്വത്തു നശിപ്പിച്ചിട്ടും, കുടുംബകലഹം കൈവരുത്തിയിട്ടും, ആൾ പുറത്തു് നല്ലവൻതന്നെ, പ്രശസ്തൻതന്നെ. ഇങ്ങനെ "ചീപ്പുപോപ്പുലാരിററി" ആർജ്ജിച്ചിട്ടുള്ള ഒരു യുവാവു് ഉത്തമഭർത്താവായിത്തീരുക കുറച്ചു വിഷമമുള്ള കാര്യമാണു്. അതുകൊണ്ടു് ഭാരതയുവതിയും ചുഴിഞ്ഞു ചിന്തിക്കട്ടെ, തന്റെ ഭാവിവരന്റെ ഗുണഗണങ്ങളെപ്പററി. എന്താണവന്റെ ആദർശവും ജീവിതലക്ഷ്യമെന്നു്. അവൾ ഇടന്നു് അന്വേഷിക്കട്ടെ, അവൻ വിശ്വാസയോഗ്യനായ ഒരുത്തമകുടുംബനാഥനാകുമോ എന്നു്. തന്റെ അനർഘമായ ചാരിത്ര്യത്തെ ഏല്പിച്ചുകൊടുത്താൽ അവനതിനെ ആദരിക്കുമോ, അതോ അർഹിക്കുന്ന പരിഗണന അതിനു നൽകപ്പെടുമോ? ഒരു കുടുംബം പോററുവാനുള്ള കഴിവു് അവനുണ്ടോ? ശോഭനമായ ഒരു ഭാവിയെ പ്രദാനം ചെയ്യുന്നതിനനുയോജ്യമായ സ്വഭാവശുദ്ധി അവനുണ്ടോ? യാതൊരു ലക്ഷ്യബോധവുമില്ലാതെ മുമ്പോട്ടു പായുന്ന ഒരു പ്രകൃതിക്കാരനാണോ അവൻ? അതോ മാനവും മാന്യതയുമുള്ള ഒരു കൊച്ചുമിടുക്കനാണോ?

### മതാത്മകമായ നിഷ്ഠ


തങ്ങളുടെ ഭർത്താക്കന്മാരാകുവാനുള്ള യുവാക്കന്മാരിൽ യുവതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു ഗുണവിശേഷമാണു് മതബോധം. മതബോധമില്ലാത്ത ഏതൊരു മനുഷ്യനും അവശ്യം അധഃപതിച്ചേതീരൂ. ഭർത്താവു് കുടുംബത്തിന്റെ തലവനല്ലേ? അദ്ദേഹത്തിന്റെ കീഴിലല്ലേ ഇതര കുടുംബാംഗങ്ങൾ വർത്തിക്കുന്നതു്. ആ സ്ഥിതിക്കു ഭർത്താവു് മതപരമായ കാര്യങ്ങളിൽ വേണ്ടത്ര നിഷ്കർഷപതിക്കുന്നില്ലെങ്കിൽ അദ്ദേഹത്തോടൊപ്പം ഇതരാംഗ



എറണാകുളം അതിരൂപതവകയായി അങ്കമാലിയിൽ പ്രസ്തുതമായി നടത്തിവരുന്ന ചെറുപുഷ്പ ആസ്പത്രിയോടനുബന്ധിച്ചു് പണി ആരംഭിച്ചിരിക്കുന്ന പ്രസവവാർഡിന്റെ ശിലാസ്ഥാപനകർമ്മം ജനുവരി 11-ാംനു- എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

ങ്ങളും നിഷ്പ്രയാസം നാശത്തിലേക്കു നീങ്ങും. കുടുംബപ്രാർത്ഥനാലയം ഉദാഹരണത്തിനു ചൂണ്ടിക്കാണിക്കാവുന്നതാണ്. ഭർത്താവ് സാധാരണ പ്രാർത്ഥനയിൽ സംബന്ധിക്കാറില്ല. അയാൾ ഒന്നുകിൽ ആ സമയത്ത് പീടികയിലായിരിക്കാം, അല്ലെങ്കിൽ കള്ളുഷാപ്പിലായിരിക്കാം, അല്ലെങ്കിൽ കളിസ്ഥലത്തായിരിക്കാം. പരിഷ്കാരികളാണെങ്കിൽ "ക്ലബ്ബ്"കളിലായിരിക്കും പലേ ക്ലബ്ബുകളും "ആധുനികകാമുകത്താവളം"കളുടെ കേളീരംഗമാണ്. പ്രാർത്ഥനാസമയത്ത് കുടുംബനാഥൻ സ്ഥലത്തില്ലെങ്കിൽ കുടുംബാംഗങ്ങളെ ആരു നയിക്കും. നയിക്കാനാളില്ലാത്തതുകൊണ്ട് നയിക്കപ്പെടേണ്ടവർ തങ്ങൾക്കിഷ്ടമുള്ളവിധം വ്യാപരിക്കാൻ നിർബന്ധിതരായിത്തീരുന്നു. അമ്മ അപ്പോൾ അടുക്കളയിൽ, മൂത്തമക്കൾ ഓരോ സ്ഥലത്ത് ഓരോ കാര്യത്തിൽ, വേലക്കാർ ഓരോ വേലയിൽ, അങ്ങനെ വ്യാപൃതരായി കഴിഞ്ഞുകൂടുന്നു. പ്രാർത്ഥനാസ്ഥലത്ത് അവശേഷിക്കുന്നതു വയസ്സുചെന്ന മുത്തശ്ശിയും ചില കുഞ്ഞുങ്ങളും മാത്രം. കുഞ്ഞുങ്ങളിൽ ചിലർ ഓടിനടക്കുന്നു, കൊന്തകൊണ്ടു കളിക്കുന്നു, മററു ചിലർ ഇതെല്ലാം കണ്ടു രസിക്കുന്നു. മൂന്നാമതൊരു കൂട്ടർ മൂലയിൽ ഇരുന്നു സുഖമായുറങ്ങുന്നു. പാവം! മുത്തശ്ശി ഇതൊന്നും കാണേണ്ടെന്നു കരുതി കണ്ണുമടച്ചിരുന്നു പിറുപിറുക്കുകയാണ്. ഈദൃശമായ ദയനീയരംഗങ്ങൾ മിക്ക കത്തോലിക്കാ കുടുംബങ്ങളിലും കാണാൻ സാധിക്കുമെങ്കിൽ അതിനുള്ള കാരണം, കുടുംബനാഥൻ മതബോധമില്ലാതെ ജീവിക്കുന്നു എന്നുള്ളതല്ലേ. ഇതുതന്നെയാണ് കുടുംബജീവിതത്തിലെ ഏതു തുറയിലും ഇക്കൂട്ടർക്കുണ്ടാകാവുന്ന അനുഭവം. അതുകൊണ്ട് ശോഭനമായ കുടുംബഭാവിയെ കാംക്ഷിക്കുന്ന യുവതികൾ തങ്ങളുടെ ഭാവിഭർത്താക്കന്മാരാകുവാനുള്ള യുവാക്കന്മാരുടെ മതനിഷ്ഠയെപ്പററി കൂലങ്കഷമായി തെരക്കട്ടെ.

സ്നേഹിതകളായ രണ്ടു യുവതികൾ. രണ്ടുപേരും തങ്ങളുടെ ഹൃദയരഹസ്യങ്ങൾ പരസ്പരം പകരുകയാണ്. "എന്റെ സ്നേഹിതൻ എനിക്കനുയോജ്യൻതന്നെ. അദ്ദേഹം ഒരു കുബേരപുത്രനാണ്. സമുദായമദ്ധ്യത്തിൽ നല്ല നിലയും വിലയുമുണ്ട്. കണ്ടാൽ, പരമസുന്ദരൻ നല്ല ആരോഗ്യം. കറുത്തിരുണ്ടു ചുരുണ്ട മുടികൾ. തുടുതുടുത്ത കവിൾത്തടങ്ങൾ. അദ്ദേഹത്തിനു സ്വന്തമായി ഒരു ചെറിയ കാറുണ്ട്. ഞങ്ങൾക്കിരുവർക്കും എന്നും അതിൽ പാർക്കിൽ പോകാം. യഥാർത്ഥത്തിൽ ഞാൻ ഭാഗ്യവതിതന്നെ. പക്ഷേ ഒരു പിശകുണ്ട്. ജോർജ്ജുകുട്ടിക്കു മതപരമായ കാര്യങ്ങളിൽ ഒരു ശ്രദ്ധയുമില്ല." ലൂസി തന്റെ ഭാവിവരനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തട്ടിവിട്ടു. ലില്ലി പറയുകയാണ്, "ലൂസി, എന്റെ സ്നേഹിതനങ്ങനെയല്ല. അദ്ദേഹം കാഴ്ചയിൽ കറുത്തതാണ്. പക്ഷേ എനിക്കു വളരെ ഇഷ്ടമാണ്. എന്റെ ദൃഷ്ടിയിൽ അദ്ദേഹം പരമസുന്ദരൻ തന്നെ. അദ്ദേഹം ഒരു പണക്കാരനല്ല, പക്ഷേ നല്ല പഠിപ്പുള്ളവനാണ്. അതുകൊണ്ട് ഞങ്ങളുടെ ഭാവി ശോഭനമാക്കുന്നതിന് അദ്ദേഹത്തിനു കഴിയുമെന്നാണെന്റെ വിശ്വാസം. അദ്ദേഹത്തിനു കാറും മററുമില്ല. എങ്കിലും വിവാഹം കഴിഞ്ഞാലുടനെ ഒന്നു വാങ്ങാമെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം എന്നും പള്ളിയിൽ പോകും. ചില ഞായറാഴ്ചകളിൽ ഇപ്പോൾതന്നെ ഞങ്ങൾ ഒരുമിച്ചു പോകാറുണ്ട്." യുവതികളേ, ഇവരിൽ ആരെ നിങ്ങൾ തെരഞ്ഞെടുക്കും. നിങ്ങളുടെ ജീവിതവിജയം, അല്ലെങ്കിൽ പരാജയം മരണംവരെ ഒരുമിച്ചു ജീവിക്കുന്നതിനു നിങ്ങൾ തെരഞ്ഞെടുക്കുന്ന ജീവിതസഖിയെ ആശ്രയിച്ചാണിരിക്കുന്നതു്. മതനിഷ്ഠയുള്ള യുവാവിനെ മാത്രം വരിക്കുക. ലൂസിയുടേയും ലില്ലിയുടേയും അനുഭവങ്ങൾ കേൾക്കണോ? അവരുടെ വിവാഹത്തിനുശേഷം ആ പഴയ സ്നേഹിതകൾ തങ്ങളുടെ അനുഭവരഹസ്യങ്ങൾ ഇനിയും പരസ്പരം പറഞ്ഞറിയിക്കുകയാണ്: "എന്റെ ലില്ലി, എന്തുമാത്രം പ്രതീക്ഷകളാണ് വിവാഹത്തിനുമുമ്പ് എനിക്കുണ്ടായിരുന്നതു്. കൊല്ലം നാലുകഴിഞ്ഞു. ഒരൊററ സന്താനംപോലും എനിക്കില്ല. എന്റെ ഭർത്താവു പറയുന്നതു "നമുക്കിങ്ങനെ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചാൽ മതി. സ്വാതന്ത്ര്യമുണ്ടല്ലോ. മാതാപിതാക്കന്മാരായാൽ മക്കളെ വളർത്തണം, അവർക്കുവേണ്ടി സമ്പാദിക്കണം. അതെല്ലാം വലിയ സൊല്ലയാണ്" എന്നാണ്. എന്റെ ജീവിതം ഉണങ്ങിവരണ്ട മരുഭൂമിപോലെയാണു് എന്നു തോന്നിപ്പോകുന്നു. ഇതാണു വിവാഹജീവിതമെന്നു ഞാനറിഞ്ഞിരുന്നുവെങ്കിൽ ഞാനിതിൽ പ്രവേശിക്കയില്ലായിരുന്നു." ലൂസി തന്റെ അനുഭവങ്ങൾ സങ്കടത്തോടെ പറഞ്ഞവസാനിപ്പിച്ചു. ലില്ലി അവളെ ആശ്വസിപ്പിക്കയാണ്, "സാരമില്ല ലൂസി, നിന്റെ ഭർത്താവിന്റെ മനോഭാവം മാറാതിരിക്കയില്ല. നീ നന്നായി പ്രാർത്ഥിക്കൂ ഞാനും പ്രത്യേകം പ്രാർത്ഥിക്കാം, അദ്ദേഹം വിവാഹമെന്ന കൂദാശയുടെ പാവനമായ ഉദ്ദേശമറിഞ്ഞ് ഇനിയെങ്കിലും ജീവിക്കുന്നതിന്. ഇങ്ങനെതന്നെയാണോ ലില്ലി നിന്റെ അനുഭവങ്ങളും?" ജിജ്ഞാസാപൂർവ്വം ലൂസി ചോദിച്ചു. "ഇങ്ങനെതന്നെ എന്നു പറഞ്ഞുകൂടാ." ലില്ലി തുടർന്നു: "ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു മൂന്നുകൊല്ലമായി. ഇതെന്റെ മൂന്നാമത്തെ മകനാണ്. എന്റെ ഭർത്താവിന്റെ ഏക ആഗ്രഹം ഞങ്ങൾ അനവധി കുഞ്ഞുങ്ങളുടെ മാതാപിതാക്കന്മാരായിരിക്കണമെന്നാണ്. ഞങ്ങളുടെ കുഞ്ഞുങ്ങൾ യഥാർത്ഥത്തിൽ ഞങ്ങളുടെ ക്ലേശങ്ങളിൽ ആശ്വാസംതന്നെ. വാർദ്ധക്യത്തിൽ ഭാരംപേറുന്ന ഞങ്ങൾക്കു അവർ അത്താണി ആയിരിക്കും. എന്റെ ഭർത്താവിനു ഒരു കാര്യം വലിയ നിർബന്ധമാണ്. അദ്ദേഹം എന്നോട് എന്നും പറയും, "ലില്ലി ഞാൻ നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. എന്നാൽ ഞാനാഗ്രഹിക്കുന്നതു നമ്മുടെ വിവാഹദിവസത്തിൽ നീ ധരിച്ചിരുന്ന ആ വെള്ളവസ്ത്രം ഒരിക്കലും നീ കളങ്കപ്പെടുത്തരുതു് എന്നതാണ്. എന്റെ പിതാവിനെപ്പോലെ ഞാനും ഒരു വലിയ കുടുംബത്തിന്റെ പിതാവായിത്തീരണം. അങ്ങനെ എന്റെയും നിന്റെയും വിവാഹജീവിതവിശുദ്ധി നിലനില്ക്കണം." എന്റെ ഭർത്താവ് എനിക്കെന്നും ആനന്ദം പ്രദാനം ചെയ്യുമെന്നതിൽ എനിക്കതെല്ലാം സംശയമില്ല." ലില്ലി അവസാനിപ്പിച്ചപ്പോൾ ലൂസിയുടെ കണ്ണുകൾ രണ്ടും നിറഞ്ഞിരുന്നു. ഓരോ സ്ത്രീയും തന്റെ അനുഭവചരിത്രങ്ങളുടെ ഏടുകൾ ഒന്നു മറിച്ചും തിരിച്ചും നോക്കുന്നതുത്തമം.



തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താലും, വിശുദ്ധ യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ അപേക്ഷയാലും എന്റെ മകനെ സംബന്ധിച്ച് അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന കാര്യം സാധിച്ചതിനു കൃതജ്ഞത. മേലിലും വേണ്ട അനുഗ്രഹങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു.

എ. എം. ടി., ഇളങ്ങുളം.

തിരുസഭാചരിത്രം 58

# പ്രസാദവരവല്ലഭനായ വി. അഗസ്തീനോസ്

## (St. Augustine, the Doctor of Grace)

(പ്രൊഫസർ പി. ടി. തോമസ് എം. എ.)

"അങ്ങ് ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചിരിക്കുന്നു; അങ്ങിൽ വിശ്രമം കണ്ടെത്തുന്നതുവരെയും ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കുന്നു" എന്ന വി. അഗസ്തീനോസിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെയും ആദ്ധ്യാത്മിക നിദർശനങ്ങളുടെയും രത്നച്ചുരുക്കമാണ്. അനിയന്ത്രിതമായ ജഡികാസക്തി, അഹങ്കാരം, പ്രതാപേച്ഛ എന്നിവമൂലം പാപമലിനതയിൽ ആണ്ടുപോയ ഒരാത്മാവ് കഠിനമായ ആത്മീയസമരത്തിന്റെയും വിശ്രമരഹിതമായ അന്വേഷണത്തിന്റെയും ഫലമായി പ്രസാദവരത്തിന്റെ അത്ഭുതശക്തിക്കു വിധേയമായിത്തീരുന്നതും ഒടുവിൽ ദൈവത്തേയും ആത്മാവിനെയും കണ്ടെത്തുന്നതുമാണ് വി. അഗസ്തീനോസിന്റെ ജീവിതകഥ. "ആത്മപരിദേവനം" (Confession) എന്ന വിശ്വവിഖ്യാതമായ ആത്മകഥാകഥനത്തിൽ തന്റെ ആത്മാവിന്റെ നിഗൂഢരഹസ്യങ്ങളെ ഓരോന്നായി അദ്ദേഹം തികഞ്ഞ ആത്മാർത്ഥതയോടുകൂടി ലോകത്തിന്റെ മുൻപിൽ നിരത്തിവയ്ക്കുന്നു. സുദീർഘവും ഭീകരവുമായ ആ ആന്തരികസമരം അതിന്റെ വിജയലക്ഷ്യമായ ദൈവസാക്ഷാത്കാരത്തിൽ ചെന്നു പര്യവസാനിക്കുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളെയും ഏററം ഹൃദയാവർജ്ജകമായ രീതിയിൽ പ്രസ്തുതഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

നാലു ശതാബ്ദക്കാലംകൊണ്ട് വിജ്ഞാനം, സംസ്കാരം, തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയ മണ്ഡലങ്ങളിൽ ക്രിസ്തുമതത്തിനു കൈവന്നിരുന്ന നേട്ടങ്ങളെയെല്ലാം വി. അഗസ്തീനോസ് സ്വായത്തമാക്കിയിരുന്നു. കൂടാതെ ക്രൈസ്തവേതരമായ റോമനും ഗ്രീക്കും സംസ്കാരങ്ങളിലും അദ്ദേഹം അവഗാഹം സമ്പാദിച്ചിരുന്നു. ജർമ്മൻ കിരാതവർഗ്ഗക്കാരുടെ തുടർച്ചയായ ആക്രമണത്തിനു വിധേയമായി പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെയും പൗരാണിക റോമൻ സംസ്കാരത്തിന്റെയും പ്രഭാവം അസ്തപ്രായമായിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് അഗസ്തീനോസിനെപ്പോലെ പ്രതിഭാസമ്പന്നനായ ഒരു നേതാവിനെ ദൈവം തിരുസ്സഭയ്ക്കു നൽകിയതു്. പ്ലേറേറാ, സിസെറോ തുടങ്ങിയ തത്വജ്ഞാനികളിൽനിന്നും, വി. പൗലോസ്, ഗ്രീക്ക് സഭാപിതാക്കന്മാർ, രണ്ടാം ശതാബ്ദത്തിലെ വിശ്വാസസംരക്ഷകന്മാർ (apologists) തുടങ്ങിയ ക്രൈസ്തവപണ്ഡിതന്മാരിൽനിന്നും സമാർജ്ജിച്ചവയെയെല്ലാം അദ്ദേഹം സമ്യക്കായി സംയോജിപ്പിച്ച് സമൃദ്ധമാക്കി. അങ്ങിനെ അഗസ്തീനോസ് ക്രോഡീകരിച്ച ദൈവശാസ്ത്രസംഹിത മദ്ധ്യയുഗങ്ങളുടെമേൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി.

അനിതരസാധാരണമായ വ്യക്തിപ്രഭാവവും ഏതു പ്രശ്നങ്ങളെയും ചുഴിഞ്ഞ് അപഗ്രഥനം ചെയ്യുവാൻ പോരുന്ന ബുദ്ധിവൈഭവവും മൂലമാണ് അദ്ദേഹത്തിനു ഇത്രമാത്രം സ്വാധീനം കൈവന്നതു്. ചിന്തകളുടെ ഔന്നത്യത്തിൽ പ്ലേറേറായുടെ തുല്യനായി അദ്ദേഹത്തെ പണ്ഡിതന്മാർ പരിഗണിക്കുന്നു. മററാരേയുംകാൾ കൂടുതലായി ക്രിസ്തീയവിശ്വാസത്തിന്റെ അഗാധതയെ പൂർണ്ണമായി അറിയുവാനും അതിനെ ആവേശപൂർവ്വം സ്വജീവിതത്തിൽ അനുഭവവേദ്യമാക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ക്രിസ്തുമതത്തിന്റെ ഇരുപതു ശതാബ്ദകാലത്തെ ചരിത്രത്തിൽ വി. പൗലോസിനോടല്ലാതെ മററാരോടും അദ്ദേഹത്തെ താരതമ്യപ്പെടുത്തുവാൻ നാം കാണുന്നില്ല.

അഗസ്തീനോസ് 354 നവംബർ 13-ാനു ആഫ്രിക്കയിലെ നുമിഡിയാ (Numidia) പ്രദേശത്തുള്ള തഗാസ്റ്റെ (Tagaste) എന്നു പേരായ ഒരു ചെറിയ പട്ടണത്തിൽ ജനിച്ചു. പിതാവായ പട്രീഷ്യസ് (Patricius) സദാചാരനിഷ്ഠയെ അത്രകാര്യമായി ഗണിക്കാത്ത ഒരു ബഹുദേവമതക്കാരനായിരുന്നു. മാതാവായ വി. മൊനിക്കാ (Monica) ഒരു ക്രൈസ്തവകുടുംബാംഗവും ഭക്തിനിഷ്ഠയിലും പുണ്യാഭ്യസനത്തിലും വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്ന സ്ത്രീരത്നവുമായിരുന്നു. അമ്മ ദൈവപരിപാലനയെപ്പററിയുള്ള ആഴമായ ബോധ്യവും അവിടുത്തെ വിധിയെപ്പററിയുള്ള ഭയവും ഈശോയുടെ തിരുനാമത്തോടുള്ള സ്നേഹവും കുട്ടിയിൽ വളർത്തി. എന്നാൽ അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് ബാല്യദശയിൽ കുട്ടിയെ ജ്ഞാനസ്നാനപ്പെടുത്തുകയുണ്ടായില്ല. ആയിടയ്ക്കു കുട്ടിയെ ബാധിച്ച ഒരു രോഗം വളരെ ഗൗരവതരമായ നിലയിൽ എത്തിയെങ്കിലും ജ്ഞാനസ്നാനം നൽകുന്നതിനു മൊനിക്കാ വിസമ്മതിക്കയാണുണ്ടായതു്.

അഗസ്തീനോസിന്റെ ബാല്യകാലശിക്ഷണം തഗാസ്റ്റെയിൽ വച്ചുതന്നെ കഴിച്ചു. സ്കൂൾ വിദ്യാഭ്യാസം സമീപനഗരമായ മദോറാ (Madaura) യിൽ വച്ചു പൂർത്തിയാക്കി. ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടിയെ കാർത്തേജിലെ സർവ്വകലാശാലയിലേക്കയക്കുന്നതിനുള്ള ധനശേഷി പിതാവിനില്ലാതിരുന്നതിനാൽ ഒരു സംവത്സരം മുഴുവൻ അഗസ്തീനോസ് അലസനായി സ്വദേശത്തുതന്നെ കഴിച്ചുകൂട്ടി. അന്നു പതിനാറു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന കുട്ടി പാപകരമായ എല്ലാത്തരം വിനോദങ്ങളിലും ഏർപ്പെട്ടുകൊണ്ട് ദുർവൃത്തനായി ജീവിച്ചു. അയൽക്കാരായ ക്രിസ്ത്യാനികൾ അവജ്ഞാസൂചകമായി ഇപ്രകാരം പറഞ്ഞിരുന്നു: "അവന്റെ ഇഷ്ടംപോലെ നടക്കട്ടെ. ഇതുവരേയും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലല്ലോ."

എ. ഡി. 370-ൽ അഗസ്തീനോസ് കാർത്തേജിലേക്കു പോയി. ബഹുദേവമതാനുസാരികൾ ധാരാളമുണ്ടായിരുന്ന ആ നഗരം ജഡികസുഖാനുഭോഗങ്ങളുടെ ഒരു കൂത്തരങ്ങായിരുന്നു. പ്രത്യേകിച്ച് സർവ്വകലാശാലാ വിദ്യാർത്ഥികളുടെ ജീവിതം തികച്ചും ദുർമ്മാർഗ്ഗപരമായിരുന്നു. യുവാവായ അഗസ്തീനോസ് അസന്മാർഗ്ഗികത്വത്തിന്റെ അടിമയായിത്തീർന്നു. "തിന്മകളുടെ വിഭവങ്ങളെ ഞാൻ മൃഷ്ടാന്നമായി ഭുജിച്ചു" വെന്ന് അദ്ദേഹംതന്നെ പറയുന്നു. ആയിടയ്ക്ക് താൻ ന്യായവിരുദ്ധമായ ബന്ധം പുലർത്തിയിരുന്ന ഒരു സ്ത്രീയിൽനിന്നും അഗസ്തീനോസിനു ഒരു പുത്രൻ ജനിച്ചു. അദിയോഡോറസ് (Adeodatus) എന്നു ആ കുട്ടിക്കു പേരിട്ടു. അഗസ്തീനോസ് തീക്ഷ്ണമായി അവനെ സ്നേഹിച്ചു. അവന്റെ മാതാവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം ദീർഘനാൾ നീണ്ടുനിന്നു. പതിനാലു സംവത്സരം അവളോടു "പാപത്തിൽ വിശ്വസ്തത" പുലർത്തിയെന്നു അദ്ദേഹം ഏററുപറയുന്നു.

സർവ്വകലാശാലാജീവിതത്തിലെ സുഖഭോഗങ്ങളിൽ ആമഗ്നനായിരിക്കുന്ന കാലത്ത് സിസെറോ (Cicero) യുടെ ഹോർടെൻഷ്യസ് (Hortensius) എന്ന ഗ്രന്ഥം അദ്ദേഹം വായിക്കുവാനിടയായി. തത്വശാസ്ത്രസംബന്ധമായ പഠനംമൂലം ലഭ്യമാകാവുന്ന ആനന്ദാനുഭൂതിയെപ്പററി പ്രസ്തുത ഗ്രന്ഥത്തിൽ കൊടുത്തിരുന്ന വിവരണം വായിച്ചതോടുകൂടി അദ്ദേഹത്തിന്റെ ഭാവന പ്രോജ്വലിച്ചു. ഭോഗലോലുപമായ ജീവിതത്തോട് വിരസത തോന്നിത്തുടങ്ങിയിരുന്ന അഗ

(ശേഷം 5-ാംപേജിൽ)

Phone
536
സി. കെ. പോൾ & കമ്പനി,
ആഭരണവ്യാപാരം,
ബ്രോഡ്‌വേ, എറണാകുളം

# പുരോഗമനസാഹിത്യം എന്തിനു്?

(കെ. എം. അബ്രാഹം)

"ശബ്ദങ്ങ"ളുടേയും, "ചിന്താകഥ"കളുടേയും നിർമ്മാതാക്കളോടല്ല, ചോരത്തിളപ്പുള്ള യുവസുഹൃത്തുക്കളോടാണു് ഈ ചോദ്യം—പു. സാ. എന്തിനു്? പുതിയ ചോദ്യമല്ല, പഴയ ഒന്നിൻെറ പ്രതിധ്വനിമാത്രം. കശാപ്പുകാരൻ കൈയിലെടുക്കാൻ അറയ്ക്കുന്ന, "തോട്ടിയുടെ മകൻ" തൻെറ കുന്താലികൊണ്ടുപോലും സ്പർശിക്കുവാൻ മടിക്കുന്ന അശ്ലീലഗ്രന്ഥങ്ങൾ ഓമനിച്ചുവളർത്തുന്ന ഓമനക്കുട്ടന്മാരോടാണു ഈ ചോദ്യം! അത്തരം ഗ്രന്ഥങ്ങൾക്കു അച്ചുനിരത്തിയ അവസരങ്ങളിൽ നെററിചുളിച്ചു, ഓക്കാനിച്ചു "കമ്പോസിററ"രോടാണീ ചോദ്യം. "സംക്കറി"യെന്നു പറഞ്ഞു് ഈ "സയനൈഡുപ്പ്" വിതരണം ചെയ്ത പ്രസാധകന്മാരോടും പുസ്തകശാലക്കാരോടുമാണു ഈ ചോദ്യം. നിഷ്കളങ്കരും ശുദ്ധബുദ്ധികളുമായ ബാലികാബാലന്മാർക്കു അവ വിതരണംചെയ്ത ഗ്രന്ഥാലയാധികൃതരോടാണീ ചോദ്യം! മലനാടിൻെറ മണ്ണിൽപ്പിറന്ന, ആദ്ധ്യാത്മികപ്രബുദ്ധരും സദാചാരനിഷ്ഠരുമായ സഹൃദയലക്ഷങ്ങളുടെ മുൻപിലേക്കാണു ഈ ചോദ്യം—പു. സാ. എന്തിനു്?

ഇതിനുള്ള മറുപടി പുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ വിധാതാക്കൾതന്നെ നമുക്കു പറഞ്ഞുതരും. "പു. സാ. എന്തിനു?" എന്ന ആ പഴയഗ്രന്ഥം ഒന്നു കൈയിലെടുക്കുക. 1945 മേയ് മാസത്തിൽ കോട്ടയത്തുവച്ചു നടന്ന ദ്വിതീയ അഖിലകേരള പുരോഗമനസാഹിത്യസമ്മേളനത്തിലെ പ്രസംഗങ്ങളാണതിൽ. ശ്രീ ഹരീന്ദ്രനാഥചട്ടോപാദ്ധ്യായ മുതൽ ജി. ശങ്കരക്കുറുപ്പുവരെ പലരും പലതും പറഞ്ഞു. പക്ഷേ അവയെല്ലാം ഒരേയൊരു ലക്ഷ്യത്തിലേക്കാണു ഉന്നംവയ്ക്കുന്നതു്.

ആ പുസ്തകത്തിനു ഒരവതാരികയുണ്ടു്. പു. സാ. പ്രസ്ഥാനത്തിൻെറ ഒരു ഭരതവാക്യമല്ല. "ജനകീയ കലാകാരന്മാരെ"ന്നഭിമാനിക്കുന്നവർ മറിച്ചും തിരിച്ചും വയ്ക്കാറുള്ള ബ്ലോറിൻെറ ഒരു വശം. നെഞ്ചൊട്ടി, വയറൊട്ടി, കണ്ണുകുഴിഞ്ഞ പാവങ്ങളുടെ പേരിൽ കണ്ണുനീരൊഴുക്കുക. ജുഗുപ്സ ജനിപ്പിക്കുന്ന മുദ്രലചിന്തകൾ അവക്കു തീന്നാറിട്ടുകൊടുക്കുക. ഒരു സാധുവിൻെറ പിച്ചച്ചട്ടിയിലേക്കു കാലണയിടുന്ന ഒരു ഗ്രാമീണവൃദ്ധയുടെ സാധുജനസേവനം ഇതിനെക്കാൾ എത്രമേൽ അഭികാമ്യമല്ല, അനുകരണീയമല്ല!

ആ ഗ്രന്ഥത്തിൽനിന്നും ചുരുക്കം ചില വാചകങ്ങൾ മാത്രമേ ഉദ്ധരിക്കുവാനുദ്ദേശിക്കുന്നുള്ളു. മൺമറഞ്ഞ രണ്ടുപേരൊഴികെ പ്രസ്തുത പ്രാസംഗികരിൽ എത്രപേർ, കേശവദേവിനെപ്പോലെ ഈ പാർട്ടിസാഹിത്യം "ഇക്കുവേണ്ടി" എന്നു ചോദിക്കാൻ തയാറാണെന്നു നമുക്കറിഞ്ഞുകൂടാ. പു. സാ. പ്രസ്ഥാനത്തിൻെറ പ്രധാനലക്ഷ്യം എന്തായിരുന്നുവെന്നു ആ ഗ്രന്ഥത്തിൽനിന്നു കരതലാമലകംപോലെ സുസ്പഷ്ടമാണു്.

ശ്രീ ഹരീന്ദ്രനാഥചട്ടോപാദ്ധ്യായ പറയുകയാണു്: "ഞാൻ ഒരു ഇസക്കാരനുമല്ല. പക്ഷേ മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിനും സമുദ്ധാരണത്തിനും അഭ്യുന്നതിക്കും പ്രയോജനപ്പെടുന്ന തത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനമാണു് കമ്മ്യൂണിസ്റ്റുപ്രസ്ഥാനമെന്നു ഞാൻ വിശ്വസിക്കുന്നു......റഷ്യയിൽ ഉള്ളവയെല്ലാം പരമാർത്ഥങ്ങളാണു്." അദ്ദേഹം ആവശ്യപ്പെടുന്നതു ഇത്രേയുള്ളു—പു സാഹിത്യകാരന്മാരുടെ പിതൃഭൂമി സോവ്യററുറഷ്യയായിരിക്കണം. അടിസ്ഥാനപരമായ തത്വങ്ങൾ മാർക്സിൻെറതുമായിരിക്കണം.

ശ്രീ എം. പി. പോൾ എന്തു പറയുന്നു? "ഈ പ്രസ്ഥാനം കമ്മ്യൂണിസ്റ്റുകാരുടെ രഹസ്യായുധമാണെന്നോ വ്യഭിചാരവും പട്ടിണിയും നഗ്നമായ രൂപത്തിൽ ചിത്രീകരിക്കയാണു് അതിൻെറ ഉദ്ദേശ്യമെന്നോ...... പറയുന്നവർക്കു് അങ്ങനെ പറയുന്നതുകൊണ്ടു് വല്ല കൃതാർത്ഥതയുമുണ്ടെങ്കിൽ അവർ അങ്ങനെ അനുഭവിച്ചുകൊള്ളട്ടെ. ഈ ബാലിശമായ പ്രസ്താവനകളൊന്നും പുരോഗമനസാഹിത്യത്തിൻെറ വളർച്ചയെ ബാധിക്കയില്ല" ഈ ആരോപണങ്ങൾ അയഥാർത്ഥങ്ങളാണെന്നല്ല, പ്രത്യുത അവ പുരോഗമനസാഹിത്യത്തിൻെറ വളർച്ചയെ വിഘാതപ്പെടുത്തുകയില്ലയെന്നേ അദ്ദേഹം പറയുന്നുള്ളു. പ്രസ്തുത ആരോപണം യഥാർത്ഥമാണെന്നല്ലേ ഇതിൻെറ ധ്വനി?

ശ്രീ മുണ്ടശ്ശേരിയുടെ പ്രസ്താവന ഒരു സൂചനയാണു്:- "മാനവസംസ്കാരത്തിനു് പുതിയൊരു രൂപം തീർച്ചയായും ഉണ്ടാകുന്നമെന്നു സകലരും സിദ്ധാന്തിക്കുന്ന ഈ യുഗത്തിൽ അങ്ങേയററം കമ്മ്യൂണിസത്തിൽ പ്രദർശിതമാകുന്ന സാമ്പത്തികഘടനപോലും ഒരു സാഹിത്യകാരനു ആലോചനാവിഷയമായെന്നു വരാം." ഈ "സിദ്ധാന്ത"മാണല്ലോ റഷ്യയിലും അധീനരാജ്യങ്ങളിലും സാഹിത്യകാരന്മാരെപ്പോലും ഞെക്കിക്കൊല്ലുകയും വീർപ്പുമുട്ടിക്കുകയും ചെയ്തതും, ഇന്നും "മസ്തിഷ്കപ്രക്ഷാളന"ത്തിനു വിധേയമാക്കിക്കൊണ്ടിരിക്കുന്നതു്. പാവ്ലേവുപോലും പറഞ്ഞുപോയി, റഷ്യൻ സാഹിത്യകാരൻ കൂട്ടിലടയ്ക്കപ്പെട്ട കിളിയോടു തുല്യനാണെന്നു്! അവനിത്രമാത്രം പറയാം—"തത്തമ്മേ, പൂച്ച! പൂച്ച!"

ചങ്ങമ്പുഴയിൽ രക്തവർണ്ണം കലർന്നിട്ടുണ്ടോയെന്നു പലരും സംശയിക്കയുണ്ടായിട്ടുണ്ടു്. ഇല്ലെങ്കിൽ അദ്ദേഹം ഇങ്ങനെ പറയുമായിരുന്നോ? "അതെ, പുരോഗമനസാഹിത്യം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ കളരിയാണെ"ന്നു്! ആ കളരിയിലാണു് പു. സാ. പ്രേമികൾ പലരും പയററിയതു്, കസർത്തുവിദ്യകൾ കാണിച്ചു കലാരാധകരെ അമ്പരപ്പിച്ചതു്! ചങ്ങമ്പുഴയുടെ ഈ പ്രസ്താവം നമ്മുടെ അനുമാനം ശരിയാണെന്നു തെളിയിക്കുന്നു.

ശ്രീ ഗുപ്തൻനായർ എന്തു പറയുന്നുവെന്നു നോക്കുക! "മാർക്സിസം തികച്ചും ഒരു ഭൗതികതത്വശാസ്ത്രമാണു്. അതിൻെറ അതിപ്രാബല്യംകൊണ്ടുതന്നെയാണു്, പുരോഗമനസാഹിത്യവും ജീവിതത്തിലെ പ്രശ്നങ്ങൾക്കു പ്രാമുഖ്യം കൊടുക്കുന്നതും ആത്മീയമായ പുരോഗതിയെപ്പററി കണ്ണടച്ചുകളയുന്നതും." പിന്നെന്തുവേണം പു. സാ. കമ്മ്യൂണിസ്റ്റു പടക്കോപ്പാണെന്ന നമ്മുടെ ഊഹത്തിനു പിൻബലമായി?

ശ്രീ ടി. എൻ. ഗോപിനാഥൻനായർ പറഞ്ഞ ഒരു വാചകമാണിതു്: "പുരോഗമനസാഹിത്യമെന്നാൽ വ്യഭിചാരകഥകൾ മാത്രമോ, ദാരിദ്ര്യവിവരങ്ങൾ മാത്രമോ അല്ല." എങ്കിലും അവയൊക്കെത്തന്നെയാണു അതിലെ പ്രധാനസരണികൾ എന്നല്ലേ നാമർത്ഥമാക്കേണ്ടതു്?

ശ്രീ നാഗവള്ളി പറയുന്നു: "പുരോഗമനസാഹിത്യകാരൻ കമ്മ്യൂണിസത്തിൻെറ മൗലികമായ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം ഉറക്കെ വിളിച്ചുപറയുവാൻ ഞങ്ങൾ മടിക്കുന്നില്ല." നാമെന്തിനു മടിക്കണം ഈ സാഹിത്യപ്രസ്ഥാനം കമ്മ്യൂണിസ്റ്റ് പ്രചരണോപാധിയാണെന്നു ഉച്ചൈസ്തരം ഉൽഘോഷിക്കുവാൻ? പട്ടിൽപ്പൊതിഞ്ഞ ആ അരിവാൾ വെളിച്ചത്തു വരട്ടെ!

ശ്രീ കുററിപ്പുഴയുടെ ചില വാചകങ്ങൾ: "കമ്മ്യൂണിസത്തെ ഇത്ര ഭയപ്പെടാനെന്തുള്ളു......... ഏററവും വിശിഷ്ടമായ ലക്ഷ്യം തന്നെയാണു ഈ പ്രസ്ഥാനം ചൂണ്ടിക്കാണിക്കുന്നതു്. അങ്ങോട്ടു നമുക്കെന്തുകൊണ്ടു നോക്കാൻ പാടില്ല?" പിന്നെന്താ നോക്കിക്കൂടെ? പക്ഷേ മറെറാരു വസ്തുതകൂടി കണ്ടുപോകുന്നു—കരിഞ്ഞ മാംസക്കഷണങ്ങളും, വികൃതവേഷവും വിളറിയ മുഖങ്ങളും, ചങ്ങലയിട്ട ലക്ഷക്കണക്കിനു കാലുകളുമെല്ലാമെല്ലാം. ഒരു ചുവന്ന കണ്ണടകൂടി കരുതിയിരിക്കണമെന്നുമാത്രം, അദ്ദേഹം കാണുന്നവ കണ്ടുപിടിക്കുവാൻ!

മഹാകവി ജി. ശങ്കരക്കുറുപ്പു പരമാർത്ഥമാണു പറഞ്ഞതു് സോവ്യററാരാധകരിൽ പലർക്കും പററിയ അമളിയെന്തെന്നു അദ്ദേഹം പറഞ്ഞുപോയി: "ഞാൻ സോഷ്യലിസത്തിലെത്തിയതു ശാസ്ത്രത്തിലൂടെയല്ല; ഡയലക്ടിക്കൽ മെററീരിയലിസം എനിക്കൊരു കാടാണു്. അതിലേക്കു കടന്നു ചെല്ലാൻ എനിക്കു പേടിയാണു്. അതുകൊണ്ടു ഞാൻ അതിവേഗത്തിലവിടെയെത്തി—ഒരൊററ ഊളിയിട്ടു്.........രക്തസ്നാതസ്റ്റാലിൻഗ്രാഡുവരെ പിൻവാങ്ങി ഞാൻ ഭയപ്പെട്ടു. റഷ്യ തോല്ക്കുന്നതിലുള്ള ഭയംകൊണ്ടല്ല; റഷ്യയിൽ രൂപപ്പെടുത്തിട്ടുള്ള ആദർശം മരിക്കരുതെന്നു എനിക്കാഗ്രഹമുണ്ടു്." അദ്ദേഹം "മൈത്രപടഹ"മടിച്ചപ്പോൾ ഒരു കാര്യം വിസ്മരിച്ചുകളഞ്ഞു—അദ്ദേഹം പിന്നിട്ട കാടിനപ്പുറത്തായി സ്ഥിതിചെയ്യുന്ന "ചുടുകാടും", "പട്ടടയും", തടങ്കൽപ്പാളയങ്ങളും, കാരിരുമ്പറകളും, ശുദ്ധീകരണവും മററും മററും!

നാം ഒരു കാര്യം ഉച്ചത്തിൽ വിളിച്ചുപറയണം: "പുരോഗമനസാഹിത്യം കമ്മ്യൂണിസ്റ്റ് കളരിയാണെ"ന്നു്. ബുദ്ധിരാക്ഷസന്മാരെപ്പോലും കുരുക്കിലിട്ട സോവ്യററു് പ്രചരണം മലയാളസാഹിത്യകാരന്മാരിലൊരു വിഭാഗത്തെ വശത്താക്കിയാൽ അതിലത്ഭുതപ്പെടാനില്ല.

ഈ വ്യവസായത്തിൻെറ "ക്ലിക്ക്" മനസ്സിലാക്കിയതിൻെറ ഒരു പ്രതിഫലനമാണു് മാതൃഭൂമിയിൽ ഈയിടെ കണ്ട വിമർശനം. മശകങ്ങൾക്കു സങ്കേതം സൃഷ്ടിക്കുന്ന സാഹിത്യവ്യവസായികളെ ഒററപ്പെടുത്തേണ്ടിയിരിക്കുന്നു. സദാചാരത്തിൻെറ, ധാർമ്മികബോധത്തിൻെറ, മാനുഷികമൂല്യങ്ങളുടെ കഴുത്തിൽവച്ച ആ അരിവാൾ തകർത്തെറിയുക. മലനാടേ! ഉണരൂ!

അരുണവർണ്ണം ആപല്ക്കരമെന്നു കരുതുന്ന സാഹിത്യസേവകർ സംഘടിക്കട്ടെ! മലനാടിൻെറ വിരിമാറിൽനിന്നും ഈ ചെമന്ന മാരണം തകർത്തെറിയട്ടെ! ധീരോദാത്തതയും പ്രത്യാശയും ഒത്തിണങ്ങിയ ഒരു നവ്യവിഭാതത്തിൻെറ പൊൻപുലരി നാളെ ഉദയംകൊള്ളട്ടെ!

ആദ്ധ്യാത്മികവീഥി 39

# മനഃപ്രാർത്ഥന

ദൈവത്തിൻെറ വത്സലമക്കളേ,

വാചാപ്രാർത്ഥനയെക്കുറിച്ചു പലതും പറഞ്ഞുകഴിഞ്ഞു. ഇനി നമുക്കു മനഃപ്രാർത്ഥനയെപ്പററി ചിന്തിക്കാം. ധ്യാനം അഥവാ മനഃപ്രാർത്ഥന വിചാരത്താൽ നമ്മുടെ മനസ്സിനേയും ഹൃദയത്തേയും ദൈവത്തിങ്കലേക്കു ഉയർത്തുന്നതിൽ അടങ്ങിയിരിക്കുന്നു എന്നു മുൻപെതന്നെ പറയുകയുണ്ടായി.

(Cf No 29)

അതുതന്നെ വേറൊരു തരത്തിൽ പറയാം. ദൈവകാര്യങ്ങളെക്കുറിച്ചു ദൈവസന്നിധിയിൽ ചിന്തിച്ചു് അവയെ നമ്മുടെ ആത്മീയനന്മക്കായി ഉപകരിപ്പിക്കുന്നതത്രെ ധ്യാനം. ഇതു് അല്പം വിശദീകരിക്കാം.

a) ദൈവകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുക. നാം ദിവസേന മതപരമല്ലാത്ത, ദൈവികമല്ലാത്ത. പല സംഗതികളെക്കുറിച്ചു ചിന്തിക്കാറുണ്ടു് എന്തുതരം തുണിയാണു് വാങ്ങേണ്ടതു്? എങ്ങനെയാണു് കടം വീട്ടേണ്ടതു്? ഏതു കുടുംബവുമായിട്ടാണു് ബന്ധുതയിലേർപ്പെടേണ്ടതു്? ഇങ്ങനെ പലതും. ഇവയൊന്നും ധ്യാനമല്ല. മനഃപ്രാർത്ഥനയാകണമെങ്കിൽ നമ്മുടെ ചിന്ത ദൈവം, അവിടുന്നു വെളിപ്പെടുത്തിയിട്ടുള്ള നിത്യസത്യങ്ങൾ, നാമും ദൈവവുമായുള്ള ബന്ധം, അവിടുത്തോടു നമുക്കുള്ള കടമകൾ, അവ കൃത്യമായി നിറവേററിയിട്ടുള്ള പുണ്യവാന്മാരുടെ മാതൃക മുതലായവയെപ്പററി ആയിരിക്കണം.

b) ദൈവസന്നിധിയിൽ: മേൽപറഞ്ഞ വിഷയങ്ങളെക്കുറിച്ചു തന്നെ വെറും അറിവിനായിമാത്രം കണക്കോ ഭൂമിശാസ്ത്രമോ പഠിക്കുന്ന രീതിയിൽ നമുക്കു ചിന്തിക്കാൻ പാടുണ്ടു്. ഭക്തിയോടുകൂടി ദൈവസന്നിധിയിൽ നില്ക്കുന്നു എന്നുള്ള ഒരു ബോധം കൂടി നമ്മിൽ വരുത്താത്തപക്ഷം പ്രസ്തുതചിന്ത പ്രാർത്ഥനയാകുകയില്ല. നാം ഓർക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ദൈവം എപ്പോഴും നമ്മോടു വളരെ അടുത്തുതന്നെ ഉണ്ടെന്നുള്ളതു ശരിയാണു്. പക്ഷേ അതുകൊണ്ടു മാത്രമായില്ല. ആ വസ്തുത നമ്മുടെ ബോധത്തിൽ വരുത്തുകതന്നെ വേണം.

c) നമ്മുടെ ആത്മീയനന്മക്കായി ഉപകരിപ്പിക്കുക. നമുക്കൊരുപകാരവുമില്ലാത്ത പല കാര്യങ്ങളെക്കുറിച്ചു നാം പലപ്പോഴും ദിവാസ്വപ്നം കാണാറുണ്ടല്ലോ. അതുപോലെ ദൈവികസംഗതികളെക്കുറിച്ചും ഒരു ലക്ഷ്യവുമില്ലാതെ ഓരോന്നു ചിന്തിക്കാൻ പാടുണ്ടു്. എന്നാൽ അതു് മനഃപ്രാർത്ഥനയാവുകയുമില്ല. ധ്യാനത്തിൻെറ ഉദ്ദേശ്യം നമ്മെ കൂടുതൽക്കൂടുതലായി ദൈവത്തിൻ പക്കലേക്കു അടുപ്പിക്കുകയെന്നുള്ളതാണു് ദൈവത്തോടു അടുക്കുകയും സംയോജിക്കയും ചെയ്യുന്നതിനു് അവിടുത്തെ ഹിതാനുസരണം ജീവിക്കേണ്ടയാവശ്യമുണ്ടു്. ധ്യാനഫലമായി ഒരു ഭാഗത്തു ദൈവം എങ്ങിനെയുള്ള ജീവിതമാണു നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നതെന്നും മറുഭാഗത്തു യഥാർത്ഥത്തിൽ നമ്മുടെ ഇപ്പോഴത്തെ ജീവിതമെന്താണെന്നും നാം കാണുന്നു. ഇതിൽനിന്നു എന്തെല്ലാം സംഗതികളിലാണു് നമുക്കു ന്യൂനതയുള്ളതെന്നു മനസ്സിലാക്കാം.

അനന്തരം ആ ന്യൂനതപരിഹരിക്കുന്നതിനുള്ള ശ്രമം നാം ചെയ്യേണ്ടതായിട്ടുണ്ടു്. അതിനെന്തെല്ലാമാണു വേണ്ടതെന്നു പിന്നീടു പറഞ്ഞുകൊള്ളാം.

ധ്യാനം പലരും ഭയപ്പെടുന്നതുപോലെ അത്ര ദുസ്സാദ്ധ്യമായ കാര്യമൊന്നുമല്ലെന്നു മാത്രം തൽക്കാലം ധരിച്ചാൽ മതി. മനഃപ്രാർത്ഥന ഒരു വിധ അയവിറക്കലാണെന്നു് പറയാം. നാം വല്ല നല്ല പുസ്തകങ്ങൾ വായിച്ചോ, പ്രസംഗം കേട്ടോ, മററു വിധത്തിലോ ധരിച്ചിട്ടുള്ള ആദ്ധ്യാത്മികവിഷയങ്ങളെക്കുറിച്ചു മുൻപറഞ്ഞതുപോലെ നമ്മുടെ ജീവിതത്തെ നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ദൈവസന്നിധിയിൽ വീണ്ടും വീണ്ടും ചിന്തിച്ചു ചില തീരുമാനങ്ങളെടുക്കുന്നതാണു് ധ്യാനം.

ഒരു നല്ല പുരപണിയിക്കണമെന്നു നിശ്ചയിച്ചു കഴിയുമ്പോൾ അതെന്തു പ്ലാനിൽ വേണമെന്നാലോചിച്ചു നാം ഒരു തീരുമാനത്തിലെത്താറുണ്ടല്ലോ അതുപോലെ നമ്മുടെ ആത്മാവിനു മിശിഹായുടെ ഛായകൊടുക്കുന്നതിനു എന്തൊക്കെയാണു് ചെയ്യേണ്ടതെന്നു ആലോചിച്ചു തീരുമാനിക്കുമ്പോൾ അതൊരു ധ്യാനമായി. ഇതാർക്കാണു് ചെയ്യാൻ പാടില്ലാത്തതു്? യഥാർത്ഥത്തിൽ ചിലപ്പോളെല്ലാം ഇതു നാം ചെയ്യുന്നുമുണ്ടു്; ധ്യാനമെന്ന പേരു കൊടുക്കുന്നില്ലെന്നുമാത്രം.

ധ്യാനം ഫലപ്രദമാക്കുന്നതിനു ചെയ്യേണ്ട ചില സംഗതികളെക്കുറിച്ചു് അടുത്ത എഴുത്തിൽ പറയാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.



Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, January 26, 1955 No. 23

"ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

## ഈ ശില്പിയെ അറിയുമോ?

(വല്യേട്ടൻ)



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ—ഭാരതത്തിൽ ക്രിസ്തുമതമാകുന്ന മനോഹരസൗധം പണിത ശില്പിയെ—പല രംഗങ്ങളിലായി നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകഴിഞ്ഞു. നിങ്ങളുടെ ബാലമനസ്സുകളിൽനിന്നു ഒരിക്കലും മാഞ്ഞുപോകാത്തവണ്ണം ആ രംഗങ്ങളോരോന്നും അവിടെ പതിഞ്ഞുകഴിഞ്ഞുവെന്നു വല്യേട്ടൻ വിശ്വസിക്കുന്നു. ആ ശില്പവേല നമ്മിലോരോരുത്തരിലും മനോഹരമാക്കുന്നതിനും, ഭാരതത്തിന്റെ അഭിമാനസ്തംഭമാകത്തക്കവണ്ണം ആ ആദ്ധ്യാത്മിക സൗധത്തിന്റെ പണി പൂർത്തിയാക്കുന്നതിനും നമ്മുടെ വാത്സല്യമുള്ള പിതാവ് നിങ്ങളോരോരുത്തരേയും സഹായത്തിനു വിളിക്കുന്നുവെന്നു നിങ്ങൾ അനുസ്മരിക്കണം. വീറോടുകൂടി അതിനു വേണ്ടി നിങ്ങൾ പ്രവർത്തിക്കുവിൻ.

ക്രിസ്തുവിന്റെ അപ്പസ്തോല സംഘത്തിലെ ഒരംഗമായ മാർത്തോമ്മാ ക്രിസ്തുവർഷം 52-ൽ കൊടുങ്ങല്ലൂർ വന്നിറങ്ങി. ഗുണ്ടഫർ രാജാവിന്റെ അഭിലാഷമനുസരിച്ച് അദ്ദേഹം സ്വപ്നത്തിൽ കണ്ട ഒരു മണിമന്ദിരം പണിയുന്നതിനു വിദഗ്ദ്ധനായ ഒരു വിദേശശില്പിയെ അന്വേഷിച്ചു പോയ ഹബ്ബാൻ ക്രിസ്തുവിന്റെ നിർദ്ദേശമനുസരിച്ചു തോമ്മായെ കൂട്ടിക്കൊണ്ടുപോരുകയും രാജാവു കൊട്ടാരംപണി അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. തോമ്മാശ്ലീഹാ തന്റെ ദിവ്യഗുരുവിന്റെ ആജ്ഞാനുസരണം സുവിശേഷവേലയിൽ ഏർപ്പെടുകയും ഭാരതത്തിൽ ക്രിസ്തുമതസൗധത്തിന്റെ പണിയാരംഭിക്കുകയും ചെയ്തു. രാജാവു നൽകിയ ധനമെല്ലാം സാധുസംരക്ഷണത്തിൽ ചിലവഴിച്ചു. വിദേശപര്യടനത്തിൽനിന്നു മടങ്ങിയെത്തിയ രാജാവ്, തോമ്മായുടെ പ്രവൃത്തിയെപ്പറ്റി അറിഞ്ഞു് അദ്ദേഹത്തെ കഠിനമായ ശിക്ഷയ്ക്കു വിധിച്ചു.

ഇളയരാജാവു പെട്ടെന്നു രോഗബാധിതനായി മരിച്ചു. എന്നാൽ അത്ഭുതകരമായ വിധത്തിൽ പുനർജ്ജീവിയായ അദ്ദേഹം സ്വർഗ്ഗത്തിൽ കണ്ട മനോഹരസൗധത്തെപ്പറ്റി പ്രസ്താവിക്കുകയും രാജാവു തോമ്മായുടെ ദൗത്യവും പ്രവർത്തനവും ശരിയായ അർത്ഥത്തിൽ ഗ്രഹിക്കുകയും ചെയ്തു. രാജാവും രാജകുടുംബവും മാനസാന്തരപ്പെട്ട് തോമ്മായിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. ക്രിസ്തുമതപ്രചാരണജോലി ദക്ഷിണേന്ത്യയിൽ വിജയകരമായി പുരോഗമിച്ചു. തോമ്മാശ്ലീഹാ മൈലപ്പൂരിൽവച്ചു രക്തസാക്ഷിയായി മരിച്ചു. അവിടുന്നു ഭാരതാപ്പസ്തോലനാണ്.

മാർത്തോമ്മാശ്ലീഹായുടെ മക്കളായ നമുക്ക് ഒരു കർത്തവ്യമുണ്ട്, ആ പിതാവു തുടങ്ങിയ ജോലി പൂർത്തിയാക്കുന്നതിനു്. നമ്മുടെ മാതൃരാജ്യമായ ഭാരതം 20 നൂറ്റാണ്ടുകൾക്കു ശേഷവും ക്രിസ്തുമതത്തിന്റെ പ്രകാശത്താൽ വേണ്ടത്ര പ്രദീപ്തമായിട്ടില്ല. നമ്മുടെ സഹോദരലക്ഷങ്ങൾക്കു ആ അനുഗ്രഹം ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. ആധുനികഭാരതം പലപല നേട്ടങ്ങളും ആർജ്ജിച്ചുകൊണ്ടു മുമ്പോട്ടുപോവുകയാണ്. അതിൽ നമുക്കഭിമാനവും ആനന്ദവുമുണ്ട്. എന്നാൽ ഭാരതത്തിന്റെ ആത്മാവിൽ ക്രിസ്തുവിന്റെ മനോഹരവും സമാധാനപ്രദവും സൗഭാഗ്യദായകവുമായ സന്ദേശം രൂപം പ്രാപിക്കണം. മാർത്തോമ്മാശ്ലീഹാ സമാരംഭിച്ച സൗധനിർമ്മാണം പൂർത്തിയാക്കണം. ഈ പ്രേഷിതവേല നാമോരോരുത്തരും ഏറ്റെടുത്തു നടത്തണം. എന്നാൽ മാത്രമേ അതു പൂർത്തിയാവുകയുള്ളു. ഇന്നു അതിനെതിരായ പല പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണ്. അതുകൊണ്ട് ഭാരതത്തിന്റെ രക്ഷയ്ക്കുവേണ്ടി എല്ലാ കഴിവുകളും നാം പ്രയോഗിക്കുവാൻ തയ്യാറാകണം. അതിനുള്ള മാർഗ്ഗങ്ങൾ [illegible] നിങ്ങൾ അറിയണം. വല്യേട്ടൻ സൗകര്യംപോലെ അതേപ്പറ്റി പ്രതിപാദിക്കുകയും ചെയ്യാം.

ബാലരംഗത്തിൽ നിങ്ങൾ പ്രദർശിപ്പിക്കുന്ന ഉത്സാഹത്തെ വല്യേട്ടൻ വളരെ വിലമതിക്കുകയും ഓരോരുത്തരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. പലരുടേയും എഴുത്തുകളും ബാലരംഗത്തിലേക്കുള്ള പ്രശ്നങ്ങൾ, ചെറുലേഖനങ്ങൾ മുതലായവയും ഇവിടെ വന്നുകൊണ്ടിരിക്കുന്നുണ്ട്. വല്യേട്ടൻ കഴിവുപോലെ അവയെല്ലാം ശ്രദ്ധിച്ചുനോക്കുന്നുണ്ട്. ചിലതെല്ലാം പ്രസിദ്ധീകരിക്കുന്നുമുണ്ട്. ഓരോരുത്തർക്കും മറുപടി അയക്കുവാനും അയച്ചു കിട്ടുന്നതെല്ലാം പ്രസിദ്ധീകരിക്കുവാനും സാധിക്കുന്നില്ല. അതു നിങ്ങൾ സദയം ക്ഷമിക്കുമെന്നു എനിക്കുറപ്പുണ്ട്. ബാലനായ ഈശോ നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ.

### 5-ാം നമ്പർ പ്രശ്നത്തിന്റെ ഉത്തരം

ഞാൻ = പരുന്തു

1-ം 3-ം അക്ഷരം—പന്തു (കളിക്കോപ്പ്)

1-ം 2-ം അക്ഷരം—പരു (രോഗം)

### 6-ാം നമ്പർ പ്രശ്നത്തിന്റെ ഉത്തരം

ഞാൻ = മരണം

1-ം 3-ം അക്ഷരം—മണം (പൂക്കളിൽ)

2-ം 3-ം അക്ഷരം—രണം (യുദ്ധം)

N B ഈ പ്രശ്നത്തിൽ 2-ം 3-ം അക്ഷരം എന്നതിനു പകരം ചേർത്തിരുന്നതു 1-ം 2-ം അക്ഷരം എന്നാണ്. അതച്ചടിപ്പിശകാണ്.

### പ്രശ്നം നമ്പർ 7

1 മുതൽ 9 വരെ അക്കങ്ങൾ ഒരു സമചതുരത്തെ 9 സമചതുരക്കളങ്ങളാക്കി തിരിച്ചു ഓരോ കളത്തിലും എഴുതുക. കളങ്ങൾ നേരെ ഏങ്ങനെ കൂട്ടിയാലും ആകെത്തുക 15 കിട്ടണം.

(ഉത്തരം അടുത്തതിൽ)

## വീട്ടുപകരണങ്ങൾ

ശിവറാം

നല്ലൊരു പുതുവത്സരം വന്നു. ഈയാണ്ടു മുഴുവനും സുരക്ഷിതരായി, അപകടങ്ങളിൽ കുടുങ്ങാതെ കഴിക്കണമെന്ന പ്രതിജ്ഞ ഓരോരുത്തരും എടുക്കേണ്ട അവസരമിതാണ്.

ഈയിടെ രാജധാനിയിലുണ്ടായ ഒരപകടം പത്രങ്ങൾ വിവരിച്ചിരുന്നതു് മിക്കപേരും വായിച്ചിരിക്കും. എലക്ട്രിക്ക് മേശവിശറിയിൽനിന്നും കാറ്റുകൊണ്ടു ഉറങ്ങിക്കിടന്നിരുന്ന ഒരു സഹോദരിയുടെ തലമുടി അഴിഞ്ഞു കിടക്കയായിരുന്നു. അവ കറങ്ങിക്കൊണ്ടിരുന്ന വിശറിക്കുള്ളിൽ പാഞ്ഞുകയറി. ഈ ആപത്തു ഒഴിവാക്കാൻ ഓടിവന്ന മറ്റൊരു സഹോദരി എലക്ട്രിക്ക് ഷോക്കടിച്ചു മരിച്ചുപോയി. ഈ അപകടവാർത്ത ഒട്ടനവധി ആളുകളെ സങ്കടത്തിലാഴ്ത്തിയിട്ടുണ്ട്. എത്ര പേർക്ക് അതൊരു പാഠമായിട്ടുണ്ടെന്നു് നമുക്കൂഹിക്കാം. വിദ്യുച്ഛക്തിയെക്കുറിച്ചു അറിയാത്തവരാരും ഇന്നു കുഗ്രാമങ്ങളിൽപ്പോലും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ശരിയായി നിയന്ത്രിക്കുന്നപക്ഷം ഇത്രയും വിശ്വസ്തനായ ഭൃത്യൻ വിദ്യുച്ഛക്തിയെപ്പോലെ മറ്റൊന്നില്ല. നിയന്ത്രണം വിട്ടാൽ ഇത്ര ഭയങ്കരനായ ശത്രുവും വേറെയില്ല.

ഗ്രാമത്തിലെ ഒളിഞ്ഞുകിടക്കുന്ന വീട്ടിലും ഇന്നു് വൈദ്യുതവിളക്കുകളും പങ്കകളും റേഡിയോകളുമെല്ലാം ഉണ്ടാക്കാനുള്ള സാദ്ധ്യതകളുണ്ടു, സാധിച്ചുകൊണ്ടിരിക്കുന്നുണ്ട്, പലേടത്തും സാധിച്ചു കഴിഞ്ഞിട്ടുമുണ്ട്. മനുഷ്യരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിദ്യുച്ഛക്തി വിതരണം ചെയ്യുമ്പോൾ അതു ശരിയായി നിയന്ത്രിക്കാനറിഞ്ഞുകൂടാത്തുകൊണ്ടു് ആപത്തു കൈവരുത്തിക്കൂടാത്തതാണ്.

വൈദ്യുതാഘാതമേറ്റാലുണ്ടാകുന്ന വേദനയും പരാക്രമവും എത്രമാത്രമാണെന്നു് അതനുഭവിച്ചവരിൽനിന്നും മനസ്സിലാക്കാവുന്നതാണ്. വിദ്യുച്ഛക്തി ഉപയോഗിക്കുന്ന ഒരു വീട്ടിലുള്ള എല്ലാ അംഗങ്ങളും വളരെ ശ്രദ്ധാപൂർവ്വമേ വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കാവൂ. കുളിക്കാൻ കുളിമുറിയിൽ കേറിയ അശ്രദ്ധനായ ഒരു യുവാവ് അവിടെയുണ്ടായിരുന്ന ചോർച്ചയുള്ള വൈദ്യുതവയറിൽ തട്ടി മരിക്കാനിടയായി.


നിങ്ങളുടെ വീട്ടിലുള്ള വൈദ്യുതോപകരണങ്ങളിൽ ലീക്കുള്ള വയറുകൾ ഉണ്ടോയെന്നു പ്രത്യേകം പരിചയമുള്ളവരെക്കൊണ്ടു് പരിശോധിപ്പിക്കണം. ഉണ്ടെങ്കിൽ അതുടനെ മാറ്റി അതിന്റെ സ്ഥാനത്തു് നല്ല സുരക്ഷിതമായ വയറുകളിടണം. യാതൊരു വൈദ്യുതോപകരണങ്ങളും അതിനെക്കുറിച്ചു് നല്ലവണ്ണം പഠിച്ചിട്ടുള്ളവരെക്കൊണ്ടല്ലാതെ അഴിപ്പിക്കയോ കേടുപോക്കാനനുവദിക്കയോ ചെയ്തുകൂടാത്തതാകുന്നു.

ബൾബു മാറ്റിയിടുക, പ്ലഗ് ഇടുക മുതലായ നിസ്സാരമാണെന്നു വിചാരിക്കുന്ന കാര്യങ്ങൾ പോലും പരിചയമുള്ളവരേ ചെയ്യാവൂ. കുട്ടികൾ വിദ്യുച്ഛക്തിയുള്ള പ്ലഗ്ഗുകൾ തൊട്ടുനോക്കാൻ പോലും സമ്മതിച്ചുകൂടാ. അവർക്കു കൈയെത്തുന്ന സ്ഥലങ്ങളിൽ പ്ലഗ്ഗുകളും സ്വിച്ചുകളും വയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

കൂടെക്കൂടെ ഗൃഹനാഥൻ തന്റെ കുട്ടികളേയും വീട്ടിലുള്ള മറ്റംഗങ്ങളേയും അപകടങ്ങൾ ഒഴിവാക്കാനുള്ള വഴികളെക്കുറിച്ചും മറ്റും പറഞ്ഞു മനസ്സിലാക്കേണ്ടതാണ്. ജീവനെ നഷ്ടപ്പെടുത്തുന്നതിനോ, അംഗഭംഗം വരുത്തുന്നതിനോ, തീവ്രവേദന അനുഭവിപ്പിക്കുന്നതിനോ നമ്മുടെ അല്പനേരത്തെ സൂക്ഷ്മക്കുറവിനു കഴിവുണ്ട്. ഒരപകടം വന്നതിനുശേഷം നാമെത്ര പണം ചെലവാക്കിയാലും പാടുപെട്ടാലും യാതൊരു പ്രയോജനവും കിട്ടാത്ത അനവധി സന്ദർഭങ്ങൾ നമ്മുടെ ചുറ്റുംതന്നെ ഉണ്ടായിട്ടുണ്ട്.

നമ്മുടെയും നമ്മെ സംബന്ധിച്ചവരുടേയും ജീവിതം സുഖമാക്കുന്നതിനു് അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്നവർ, ആഹാരത്തിനും, വസ്ത്രത്തിനും, വീടിനും, വീട്ടുപകരണങ്ങൾക്കും, വാഹനത്തിനും, വസ്തുവിനുമൊക്കെവേണ്ടി ശ്രദ്ധിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മറവിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെക്കുറിച്ചും അവയെ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുംകൂടി ശ്രദ്ധിക്കണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അപകടകാരണങ്ങൾ എപ്പോൾ എവിടെ കണ്ടാലും അതിനെ ഒഴിവാക്കാനുള്ള ശ്രമം ഉടൻ നടത്തുകയെന്നതു് സഹജീവിസ്നേഹമുള്ള മനുഷ്യരുടെ കർത്തവ്യമാണ്. ചിലപ്പോൾ നിങ്ങൾ ചെയ്യുന്ന ചെറിയ സേവനം അനേകം ജീവനെത്തന്നെ രക്ഷിച്ചുവെന്നു വരുന്നതു് എത്രയോ വലിയ ഒരു നേട്ടമായിരിക്കും?



ബൾബു മാറ്റിയിടുന്നതിൽപോലും അപകടമുണ്ട്.